03
ആഗസ്റ്റ് 2024
ശനി
1446 മുഹറം 28
1199 കർക്കിടകം 19
പേജ് 10
അബുദാബി

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക





8 ഓസീസിനെ തകർത്ത് ഇന്ത്യ



facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം

Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal










# പുനരധിവാസത്തിന് മുസ്‌ലിംലീഗ് ധനസമാഹരണം ആരംഭിച്ചു

## ഫണ്ട് ശേഖരിക്കുന്നത് ആഗസ്റ്റ് 15 വരെ

മലപ്പുറം: വയനാടിന്റെ കണ്ണീരൊപ്പാൻ സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ആഹ്വാനം ചെയ്ത പുനരധിവാസ ഫണ്ടിന്റെ ധനസമാഹരണം പ്രത്യേകം തയ്യാറാക്കിയ ആപ്പ് വഴി ആരംഭിച്ചു. പാണക്കാട് നടന്ന ചടങ്ങിൽ സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ആപ്പിന്റെ ലോഞ്ചിങ് നിർവഹിച്ചു. ഫണ്ടിലേക്കുള്ള ആദ്യ സംഭാവന 50 ലക്ഷം രൂപ തിരുന്നാവായ എടക്കുളം സ്വദേശി അബ്ദുസ്സമദ് ബാബു സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾക്ക് കൈമാറി. മുസ്‌ലിം ലീഗിന്റെ നേതൃത്വത്തിൽ വിപുലമായ സന്നാഹങ്ങളോടെ രക്ഷാപ്രവർത്തനങ്ങൾ നടന്നുവരികയാണെന്ന് സാദിഖലി ശിഹാബ് തങ്ങൾ പറഞ്ഞു. സമഗ്രമായ പുനരധിവാസത്തിന് വേണ്ടി പ്രഖ്യാപിച്ച ഫണ്ട് ശേഖരണം വിജയിപ്പിക്കാൻ എല്ലാവരും രംഗത്ത് വരണമെന്നും തങ്ങൾ അഭ്യർത്ഥിച്ചു.

വയനാടിനൊപ്പം ആദ്യ ദിവസം മുതൽ മുസ്‌ലിംലീഗുണ്ടെന്ന് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി പറഞ്ഞു. മുസ്‌ലിംലീഗിന്റെ ജീവകാരുണ്യ സംവിധാനങ്ങളെല്ലാം ആംബുലൻസുകളും ഫ്രീസറുകളും എത്തിച്ച് കർമ്മനിരതരായി. മുസ്‌ലിംലീഗിന്റെ പ്രത്യേക സമിതിയുടെ നേതൃത്വത്തിലാണ് രക്ഷാപ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നത്. ഭവന നിർമാണം, ചികിത്സ, വിദ്യാഭ്യാസ സഹായം, ജീവിതോപാധികൾ തുടങ്ങിയ സമഗ്രമായ പാക്കേജ് മുസ്‌ലിംലീഗിന്റെ പുനരധിവാസ പദ്ധതിയുടെ ഭാഗമായിരിക്കുമെന്നും പി.കെ കുഞ്ഞാലിക്കുട്ടി പറഞ്ഞു.

ആഗസ്റ്റ് 15 വരെയാണ് ഫണ്ട് ശേഖരിക്കുന്നത്. പ്ലേ സ്റ്റോറിൽ FOR WAYANAD എന്ന് ടൈപ്പ് ചെയ്താൽ ആപ്പ് ലിങ്ക് ലഭിക്കും. നേരത്തെ പ്രസിദ്ധീകരിച്ച അക്കൗണ്ട് വഴി ഇനി പണം അയയ്ക്കേണ്ടതില്ല. അക്കൗണ്ട് വഴി അയച്ച തുക സംബന്ധിച്ച വിവരങ്ങൾ ആപ്പിൽ അപ്ഡേറ്റ് ചെയ്യും. മുസ്‌ലിംലീഗ് സംസ്ഥാന കമ്മിറ്റിയുടെ പുനരധിവാസ ഫണ്ട് വിജയിപ്പിക്കാൻ ആവശ്യമായ കർമപരിപാടികൾ കീഴ് ഘടകങ്ങളും പോഷക ഘടകങ്ങളും ആസൂത്രണം ചെയ്യേണ്ടതാണ്. ആപ്പ് ലോഞ്ചിങ് ചടങ്ങിൽ മുസ്‌ലിംലീഗ് ദേശീയ ട്രഷറർ പി.വി അബ്ദുൽ വഹാബ് എം.പി, സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി.എം.എ സലാം, സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ, സി.എ.എം.എ കരീം, സി.പി സൈതലവി, ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ, സി. മമ്മൂട്ടി, അബ്ദുറഹ്മാൻ രണ്ടത്താണി, പി.കെ ബഷീർ എം.എൽ.എ, ടി.വി ഇബ്രാഹിം എം.എൽ.എ, പി.കെ ഫിറോസ്, കെ.കെ അഹമ്മദ് ഹാജി, ടി. മുഹമ്മദ്, കുഞ്ഞിമോൻ കാക്കിയ, ഹബീബ്റഹ്മാൻ, മുസ്തഫ കാരി, പി. ഇസ്മായിൽ, ടി.പി.എം ജിഷാൻ, പി.എം.എ സമീർ തുടങ്ങിയവർ സംബന്ധിച്ചു.

### മണിക്കൂറുകൾക്കകം ഒരു കോടി കവിഞ്ഞു

കോഴിക്കോട്: മുസ്‌ലിംലീഗ് വയനാട് പുനരധിവാസ ഫണ്ട് മണിക്കൂറുകൾക്കകം തന്നെ ഒരു കോടി കവിഞ്ഞു. ഫണ്ടിലേക്ക് സുമനസ്സുകളുടെ സഹായം ഒഴുകിക്കൊണ്ടിരിക്കുകയാണ്. വയനാട്ടിലെ സഹോദരങ്ങളുടെ കണ്ണീരൊപ്പാൻ നാടിന്റെ നാനാഭാഗത്തും നിരവധി പേരാണ് ഫണ്ട് സമാഹരണത്തിന്റെ ഭാഗമാകുന്നത്.



മുസ്‌ലിംലീഗ് വയനാട് പുനരധിവാസ ഫണ്ടിന്റെ ആപ്പ് ലോഞ്ചിങ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ നിർവഹിക്കുന്നു. പി.കെ കുഞ്ഞാലിക്കുട്ടി, പി.വി അബ്ദുൽവഹാബ് എം.പി, പി.എം.എ സലാം, സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ, പി.കെ ഫിറോസ് തുടങ്ങിയ നേതാക്കൾ സമീപം

# തുടിപ്പുകൾ തേടി

## മരണം 338

- ഇന്നലെ കണ്ടെത്തിയത് 18 മൃതദേഹങ്ങൾ
- 46 മൃതദേഹങ്ങൾ തിരിച്ചറിഞ്ഞു
- നാലാം നാൾ നാടിതുവരെ കാണാത്ത രക്ഷാപ്രവർത്തനം



മണ്ണിനടിയിൽനിന്ന് ശ്വാസത്തുടിപ്പുകളുടെ റഡാർ സിഗ്നൽ ലഭിച്ച സ്ഥലത്ത് രാത്രിയിലും പരിശോധന നടത്തുന്നു. സി.കെ തൻസീർ

**കെ.എസ് മുസ്തഫ**
ചൂരൽമല

കുത്തിയൊലിച്ചെത്തിയ പാറക്കൂട്ടങ്ങളും വൻമരങ്ങളും തകർത്തെറിഞ്ഞ മുണ്ടക്കൈ പ്രദേശങ്ങളിൽ ജീവന്റെ തുടിപ്പുകളുണ്ടെന്ന പ്രത്യാശയുടെയും നിരാശയുടെയും നാലാം നാൾ. പ്രതീക്ഷകളറ്റിടത്ത് നിന്ന്, റഡാർ സിഗ്നൽ നൽകിയ പ്രകാശത്തിൽ ഇന്നലെ രാത്രി വൈകിയും പരിശോധന നടത്തിയെങ്കിലും ഫലമുണ്ടായില്ല. മുണ്ടക്കൈ മേഖലയിലെ മണ്ണിനടിയിൽ നിന്നും ശ്വാസോച്ഛ്വാസം എടുക്കുന്ന റഡാൽ സിഗ്നനൽ വലിയ പ്രതീക്ഷയായിരുന്നു. മനുഷ്യന്റെ തുടിപ്പാണ് ഇതെന്ന് ഉറപ്പില്ലെങ്കിലും നാല് മണിക്കൂറുകളോളം പരിശാധന നടന്നു. എല്ലാ ഫോഴ്സുകളും ഇവിടെ കേന്ദ്രീകരിച്ചു, ദുരന്തമുഖത്ത് നിന്ന് ഒരു സന്തോഷ വാർത്തയെങ്കിലും ലഭിക്കുമെന്ന പ്രതീക്ഷയിൽ എല്ലാവരും കാത്തിരുന്നു. എന്നാൽ ഒന്നും കണ്ടെത്താനാകാതെ ഒടുവിൽ ദൗത്യം അവസാനിപ്പിക്കുകയായിരുന്നു. ഇവിടെ ഒരു മനുഷ്യനും അവശേഷിക്കുന്നില്ലെന്ന് സൈനിക ശാസ്ത്രജ്ഞൻ വ്യക്തമാക്കി. മനുഷ്യനല്ലാതെ മറ്റേതെങ്കിലും ചെറിയ ജീവജാലങ്ങളുടെ സാന്നിധ്യമാകാമെന്ന വിലയിരുത്തലിലാണ് ഇവിടെ തിരച്ചിൽ അവസാനിപ്പിച്ചത്.

അട്ടമല, മുണ്ടക്കൈ, പുഞ്ചിരിമട്ടം, വെള്ളാർമല വില്ലേജ് റോഡ്, ജി വിഎച്ച് എസ് എസ് വെള്ളാർമല, പുഴയുടെ അടിവാരം എന്നീ മേഖലകളിൽ നിന്നും ഇന്നലെ 18 മൃതദേഹങ്ങൾ കണ്ടെടുത്തു. ഇതോടെ അപകടത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണം 338 ആയി. ഇതിൽ 146 പേരുടെ മൃതദേഹമാണ് ബന്ധുക്കൾ തിരിച്ചറിഞ്ഞത്. 207 മൃതദേങ്ങളുടേയും 134 ശരീരഭാഗങ്ങളുടേയും പോസ്റ്റ്മോർട്ടം നടന്നു. 273 പേരാണ് ദുരന്തമുഖത്ത് നിന്നുമെത്തി ഇപ്പോൾ ആശുപത്രിയിൽ കഴിയുന്നത്. 187 പേർ ഇതിനകം ആശുപത്രിവിട്ടു.

ഉരുൾപൊട്ടി നാമവശേഷമായ പ്രദേശങ്ങളിൽ യന്ത്രോപകരണങ്ങളും അത്യാധുനിക സെൻസറുകളും മനുഷ്യാധ്വാനവും സമന്വയിപ്പിച്ച് നാടിതുവരെ കാണാത്ത രക്ഷാപ്രവർത്തനമാണ് നാലാം നാൾ നടന്നത്. 68 മണ്ണുമാന്തി യന്ത്രങ്ങളും ക്രെയിനുകളുമെല്ലാം ചേർന്ന് ദുരന്തഭൂമി ഉഴുതുമറിച്ചാണ് പരിശോധന. രണ്ട് ഹെലിക്കോപ്റ്ററുകളും എട്ട് ഡ്രോണുകളും സഹായത്തിനുണ്ട്. ഇന്ത്യൻ സേനയുടെ ഇലക്ട്രോണിക്സ് ആൻഡ് മെക്കാനിക്കൽ എൻജിനീയേഴ്സ് ബ്രാഞ്ച്, ടെറിട്ടോറിയൽ ആർമി, ഡിഫൻസ് സെക്യൂരിറ്റി കോർപ്സ്, നേവി, കോസ്റ്റ് ഗാർഡ്, മിലിറ്ററി എൻജിനീയറിംഗ് ഗ്രൂപ്പ് എന്നിവയിൽ നിന്നായി 640 പേരാണ് തിരച്ചിലിൽ പങ്കെടുത്തത്. ദേശീയ ദുരന്ത നിവാരണ സേന (120 അംഗങ്ങൾ), വനം വകുപ്പ് (56), സിവിൽ ഡിഫൻസ് വിഭാഗം അടക്കം സംസ്ഥാന ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് (460), പോലീസ് സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് (64), തമിഴ്നാട് ഫയർ ആന്റ് റെസ്ക്യൂ വിഭാഗം (44), ദേശീയ ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെ ഡെൽറ്റ സ്ക്വാഡ് (15), പോലീസിന്റെ ഇന്ത്യൻ റിസർവ് ബറ്റാലിയൻ (15) എന്നിവരെയും വിവിധ സെക്ടറുകളിലായി വിന്യസിച്ചു. കേരള പോലീസിന്റെ കെ.9 സ്ക്വാഡിൽ പെട്ട മൂന്ന് നായകളും കരസേനയുടെ കെ 9 സ്ക്വാഡിൽ പെട്ട മൂന്നു നായകളും ദൗത്യത്തിന്റെ ഭാഗമാണ്.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ആഗസ്റ്റ് 03 ശനി
ഗൾഫ് ചന്ദ്രിക

## പ്രവാസികളുടെ മൃതദേഹം എംബാമിങ് ഫീസ് ഒഴിവാക്കി അബുദാബി

അബുദാബി: പ്രവാസികളുടെ മൃതദേഹങ്ങൾ നാട്ടിൽ കൊണ്ടുപോവുന്നതിനുള്ള എംബാമിങ് ഫീസ് അബുദാബി സർക്കാർ ഒഴിവാക്കി. നേരത്തെ 1100 ദിർഹം ഫീസ് ഉണ്ടായിരുന്നതാണ് അബുദാബി ഹെൽത്ത് അതോറിറ്റി നിലവിൽ സൗജന്യമാക്കിയിരിക്കുന്നത്. ഡെത്ത് സർട്ടിഫിക്കേറ്റിനുള്ള 100 ദിർഹം ഫീസും ഒഴിവാക്കിയിട്ടുണ്ട്. അതോറിറ്റിയുടെ തീരുമാനം ആശാവഹമാണെന്ന് കെഎംസിസി നേതാവും അബുദാബി ഇന്ത്യൻ ഇസ്ലാമിക് സെന്റർ ട്രഷററുമായ ബി.സി അബൂബക്കർ പറഞ്ഞു.



### കറൻസി മൂല്യം

1 യു.എ.ഇ ദിർഹം 22.80 ₹
1 ഒമാനി റിയാൽ 217.57 ₹
1 സൗദി റിയാൽ 22.31 ₹
1 ഖത്തർ റിയാൽ 22.98 ₹
1 കുവൈത്ത് ദിനാർ 274.41 ₹
1 ബഹ്റൈൻ ദിനാർ 222.27 ₹




### സ്വർണവില

(ഗ്രാമിന് - ദിർഹം)

24 കാരറ്റ് 298.00
22 കാരറ്റ് 276.00
21 കാരറ്റ് 267.25
18 കാരറ്റ് 229.00

വിദേശ വാർത്തകൾ



## കള്ളപ്പണം വെളുപ്പിക്കൽ കുറ്റത്തിന് ബാങ്കിനെതിരെ 5.8 ദശലക്ഷം ദിർഹം പിഴ

അബുദാബി: കള്ളപ്പണം വെളുപ്പിച്ചതിന് യുഎഇ സെൻട്രൽ ബാങ്ക് ഒരു ബാങ്കിനെതിരെ 5.8 ദശലക്ഷം ദിർഹം പിഴ ചുമത്തി. കള്ളപ്പണം വെളുപ്പിക്കൽ വിരുദ്ധ നിയമങ്ങൾ ലംഘിച്ചതിനും തീവ്രവാദത്തിന് ധനസഹായം നൽകിയതിനും നിയമവിരുദ്ധ സംഘടനകൾക്ക് ധനസഹായം നൽകിയതിനുമാണ് യുഎഇ സെൻട്രൽ ബാങ്കിന്റെ നടപടി. ബാങ്കിന് എഎംഎൽ/സിഎഫ്ടി നയങ്ങളിലും നടപടിക്രമങ്ങളിലും പോരായ്മകളുണ്ടെന്ന് പരിശോധനയിൽ കണ്ടെത്തിയതിനെ തുടർന്നാണ് സാമ്പത്തിക ഉപരോധം ഏർപ്പെടുത്തിയതെന്ന് റെഗുലേറ്റർ പറഞ്ഞു. 2018 ലെ ഫെഡറൽ ഡിക്രി ലോ നമ്പർ (20) ആർട്ടിക്കിൾ 14 പ്രകാരമാണ് സാമ്പത്തിക ഉപരോധം ഏർപ്പെടുത്തിയതെന്ന് സെൻട്രൽ ബാങ്ക് അറിയിച്ചു. നടപടിക്ക് വിധേയമായ ബാങ്കിന്റെ പേര് വിവരങ്ങൾ വെളിപ്പെടുത്തിയിട്ടില്ല.

## അബുദാബിയിൽ ചെറിയ വാഹനങ്ങൾക്ക് സൗജന്യ വേനൽക്കാല പരിശോധന

അബുദാബി: അബുദാബി പോലീസിന്റെ ജനറൽ കമാൻഡും അഡ്നോക് ഡിസ്ട്രിബ്യൂഷനും വേനൽക്കാലത്ത് ചെറിയ വാഹനങ്ങൾക്കായി സൗജന്യ പരിശോധനാ സേവനം ആരംഭിച്ചു. അഡ്നോക് ഡിസ്ട്രിബ്യൂഷന്റെ വാഹന പരിശോധനാ കേന്ദ്രങ്ങളിലും ഉടനീളം 12 സ്ഥലങ്ങളിൽ പരിശോധനകൾ ലഭ്യമാകും. എഞ്ചിൻ ഓയിൽ, ബ്രേക്ക് ഫ്ലൂയിഡ്, കൂളന്റ്, എയർ ഫിൽട്ടറുകൾ എന്നിവയുടെ പരിശോധനകൾ ഇതിൽ ഉൾപ്പെടുന്നു. വേനൽക്കാലത്ത് ഡ്രൈവർമാരുടെയും യാത്രക്കാരുടെയും സുരക്ഷ ഉറപ്പാക്കാനാണ് ഈ പദ്ധതി.



## ബ്രദർഹുഡിനെ പുനരുജ്ജീവിപ്പിക്കാൻ പദ്ധതി
# രാജ്യത്തിനെതിരെ പ്രവർത്തിക്കുന്ന രഹസ്യ സംഘടനയെ യുഎഇ കണ്ടെത്തി

അബുദാബി: യുഎഇ അറ്റോർണി ജനറലിന്റെ മേൽനോട്ടത്തിൽ പബ്ലിക് പ്രോസിക്യൂഷൻ നടത്തിയ അന്വേഷണങ്ങൾ രാജ്യത്തിന് പുറത്ത് പ്രവർത്തിക്കുന്ന ഒരു പുതിയ രഹസ്യ സംഘടനയെ കണ്ടെത്തി. മുസ്ലിം ബ്രദർഹുഡിന്റെ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കാനാണ് പുതിയ രഹസ്യ സംഘടനയ്ക്ക് രൂപം നൽകിയത്. ഈ സംഘടന രൂപീകരിച്ചത് ഒളിച്ചോടിയ അംഗങ്ങളാണ്. മുൻ ഗ്രൂപ്പിനെ പുനരുജ്ജീവിപ്പിക്കാനും സമാനമായ ലക്ഷ്യങ്ങൾ പിന്തുടരാനും പുതിയ സംഘടന ലക്ഷ്യമിടുന്നതായും കണ്ടെത്തിയിരുന്നു. 2013ൽ ഹാജരാകാത്തതിന് ശിക്ഷിക്കപ്പെട്ട വിവിധ എമിറേറ്റുകളിൽ നിന്ന് ഒളിച്ചോടിയവരെ സ്റ്റേറ്റ് സെക്യൂരിറ്റി ഡിപ്പാർട്ട്മെന്റ് നിരീക്ഷിച്ചുവരുന്നുണ്ടായിരുന്നു. ഈ നിരീക്ഷണത്തിൽ സംഘടനയുടെ അംഗങ്ങളുടെ രണ്ട് ഗ്രൂപ്പുകൾ വിദേശത്ത് യോഗം ചേരുകയും മറ്റുള്ളവരെ പുതിയ സംഘടന രൂപീകരിക്കാൻ റിക്രൂട്ട് ചെയ്യുകയും ചെയ്തു. യുഎഇയ്ക്കുള്ളിലെ സ്രോതസ്സുകളിൽ നിന്നും രാജ്യത്തിന് പുറത്തുള്ള മറ്റ് തീവ്രവാദ ഗ്രൂപ്പുകളിൽ നിന്നും സംഘടനകളിൽ നിന്നും അവർക്ക് ധനസഹായം ലഭിച്ചതായും വിവരങ്ങൾ ലഭിച്ചു. മാധ്യമങ്ങൾ, സാമ്പത്തികം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ സഹകരിക്കാൻ മറ്റ് തീവ്രവാദ ഗ്രൂപ്പുകളുമായി സംഘടന സഖ്യം സ്ഥാപിച്ചിട്ടുണ്ടെന്ന് അന്വേഷണത്തിൽ വ്യക്തമായി. ഈ ശ്രമങ്ങൾ ബന്ധങ്ങൾ ശക്തിപ്പെടുത്തുക, ഫണ്ടിംഗ് സുരക്ഷിതമാക്കുക, സംഘടനയുടെ സാന്നിധ്യം നിലനിർത്തുക, വിദേശത്ത് സംരക്ഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുക, അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുക എന്നിവ ലക്ഷ്യമാക്കിയുള്ളതാണ്. യുഎഇ എംബസികൾക്കും അന്താരാഷ്ട്ര സംഘടനകൾക്കും മുന്നിൽ പ്രകടനങ്ങൾ സംഘടിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിച്ച വിദേശത്ത് താമസിക്കുന്ന മുസ്ലിം ബ്രദർഹുഡിന്റെ നേതാവായ അനസ് അൽതികൃതിയാണ് ഇതിന് നേതൃത്വം നൽകുന്നത്. ഒളിച്ചോടിയ അംഗങ്ങൾ ഇന്റർനെറ്റ് ആപ്ലിക്കേഷനുകൾ വഴിയും രണ്ട് ഗ്രൂപ്പുകൾ തമ്മിലുള്ള പരസ്പര സന്ദർശനങ്ങളിലൂടെയും രഹസ്യ യോഗങ്ങളിൽ ആശയവിനിമയം നടത്തി. സംഘടനയിലെ അറസ്റ്റിലായ ഒരു അംഗത്തിന്റെ കുറ്റസമ്മതം വഴിയാണ് ഗ്രൂപ്പിന്റെ ഘടനയും പ്രവർത്തനങ്ങളും വ്യക്തമായിട്ടുള്ളത്. മനുഷ്യാവകാശ വിഷയങ്ങളിൽ യുഎഇയെ ലക്ഷ്യം വെച്ചു, സർക്കാരിലുള്ള വിശ്വാസം ദുർബലപ്പെടുത്താൻ ശ്രമിച്ചു, ഇതിനായി സൃഷ്ടിച്ച വ്യാജ ഓൺലൈൻ പേജുകളിലൂടെയും അക്കൗണ്ടുകളിലൂടെയും പൊതുജനാഭിപ്രായം ഇളക്കിവിട്ടു. ചില അംഗങ്ങൾ അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടനകളുമായി നേരിട്ട് ഇടപഴകുകയും, യുഎഇക്കെതിരായ നിഷേധാത്മക റിപ്പോർട്ടുകളിൽ ഉപയോഗിക്കുന്നതിന് സംസ്ഥാന അധികാരികളെക്കുറിച്ചുള്ള തെറ്റായ വിവരങ്ങൾ നൽകുകയും ചെയ്തതായി വാം റിപ്പോർട്ട് ചെയ്തു. സ്റ്റേറ്റ് സെക്യൂരിറ്റി ഡിപ്പാർട്ട്മെന്റിന്റെ കണ്ടെത്തലുകളിൽ നിന്നുമുള്ള വിശദാംശങ്ങൾ പരിശോധിക്കാൻ പബ്ലിക് പ്രോസിക്യൂഷനിൽ നിന്നുള്ള ഒരു സംഘം വിശദമായ അന്വേഷണം നടത്തിവരികയാണ്. അന്വേഷണങ്ങൾ പൂർത്തിയാകുമ്പോൾ പബ്ലിക് പ്രോസിക്യൂഷൻ തീവ്രവാദ സംഘടനയുടെയും കുറ്റകൃത്യങ്ങളുടെയും വിശദാംശങ്ങൾ പുറത്തുവിടുമെന്ന് പ്രതീക്ഷിക്കുന്നതായും യുഎഇ വാർത്താ ഏജൻസിയായ വാം റിപ്പോർട്ട് ചെയ്തു.

## പച്ചക്കറിക്ക് പിന്നാലെ മീൻ വിലയിലും കുതിപ്പ്
# കുടുംബ ബജറ്റുകൾ താളം തെറ്റുന്നു

ഷാനവാസ് പുളിക്കൽ
അബുദാബി

പച്ചക്കറിക്ക് പിന്നാലെ ഗൾഫിൽ മീൻ വിലയും വർധിച്ചു. നാട്ടിൽ നിന്നുള്ള പച്ചക്കറികളുടെ വരവ് കുറഞ്ഞതോടെയാണ് വില വർധിച്ചതെങ്കിൽ, ചൂട് കൂടിയതോടെ തീൻ മേശയിലെ മീൻ വിഭവങ്ങളുടെ വിലയും കൂടി. കുടുംബ ബഡ്ജറ്റിനെ താളം തെറ്റിക്കുന്ന നിലയിലാണ് വിപണിയിലെ മീൻ വിലയുടെ പോക്ക്. രാജ്യത്തേക്ക് മത്സ്യം വരവിൽ ഇടിവു സംഭവിച്ചതോടെ ചന്തകളിൽ വില കുതിച്ചുയരുകയാണ്. സാധാരണക്കാരുടെ ഇഷ്ടമീനായ മത്തി മുതൽ മീനുകളുടെ രാജാവ് കിംഗ് ഫിഷ് വരെ കഴിഞ്ഞ മാസത്തേക്കാൾ ഇരട്ടി വിലയാണ്. കച്ചവടക്കാർക്കും വലിയ വിലക്കാണത്രെ ലഭിക്കുന്നത്. മീൻ ധാരാളം ലഭിക്കുകയും കുറഞ്ഞ വിലക്ക് വിൽക്കുകയും ചെയ്യുന്നതാണ് ലാഭവും സന്തോഷവുമെന്നും കച്ചവടക്കാർ പറയുന്നു. ഇപ്പോൾ കൂടിയ വിലക്ക് വിൽക്കാൻ നിർബന്ധിതരാവുകയാണെന്നും പറയുന്നു.

വിലകൂടിയതോടെ രണ്ടും മൂന്നും തരം മീനുകൾ ഒരു സമയം വാങ്ങിയിരുന്നവർ അത്യാവശ്യം ഉള്ളത് മാത്രം വാങ്ങിപോകുന്ന അവസ്ഥയിലാണുള്ളത്. ഒമാനിൽ നിന്നാണ് യുഎഇ വിപണിയിലേക്ക് പ്രധാനമായും മത്തിയും മറ്റു മീനുകളും കൂടുതലായി വരുന്നത്. പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ഷേരി, ചെമ്മീൻ, തിലോപ്യ എന്നിവയും സുലഭമാണ്. എന്നാൽ ചൂട് കൂടിയത് തീരപ്രദേശങ്ങളിലെ മീനുകളെ സമുദ്രത്തിന്റെ അടിത്തട്ടിലേക്ക് ഉൾവലിയാൻ പ്രേരിപ്പിക്കുന്നതും അതോടൊപ്പം ചൂട് കാലാവസ്ഥയിൽ കടലിൽ പോയി മീൻ പിടിക്കുന്നതും മത്സ്യ തൊഴിലാളികളെ ബുദ്ധിമുട്ടിലാക്കിയിരിക്കുന്നതുമാണ് വില ഇത്രയധികം കുതിച്ചുയരാൻ ഒരു പ്രധാന കാരണം. ഗൾഫ് മാർക്കറ്റിൽ പച്ചക്കറിയേക്കാൾ വിലക്കുറവിൽ മത്സ്യം വാങ്ങാൻ കഴിയുന്നത് മലയാളികൾക്ക് വലിയ ആശ്വാസമായിരുന്നു. വിലക്കയറ്റത്തോടെ ആളുകൾ മത്സ്യം വാങ്ങുന്നത് കുറഞ്ഞിട്ടുണ്ട്. ഇത് മത്സ്യമാർക്കറ്റിലും മറ്റും പണിയെടുക്കുന്നവരെയും ബാധിക്കുന്നുണ്ട്. പ്രാദേശികമായി ലഭിക്കുന്ന ചില ഇനം മീനുകൾക്കു മാത്രമാണ് ഇപ്പോൾ താരതമ്യേന വിലക്കുറവുള്ളത്. ആഗസ്റ്റ് അവസാനം വരെ ഈ സ്ഥിതി തുടരുമെന്നാണ് പറയുന്നത്.




## ദീവയിൽ ഡിജിറ്റൽ ഇടപാടുകൾ വർധിച്ചു

ദുബൈ: ഉപഭോക്താക്കൾക്ക് വൈദ്യുതിയുടെയും വെള്ളത്തിന്റെയും ബില്ലുകൾ അടക്കാനുള്ള ദുബൈ ഇലക്ട്രിസിറ്റി ആൻഡ് വാട്ടർ അതോറിറ്റിയുടെ ഡിജിറ്റൽ സംവിധാനം കൂടുതൽ ജനകീയമായി. 2024 ന്റെ ആദ്യ പകുതിയിൽ ഡിജിറ്റൽ ഇടപാടുകളിൽ 11% വർദ്ധനവ് റിപ്പോർട്ട് ചെയ്തു. ഉപഭോക്താക്കൾ 6.7 ദശലക്ഷത്തിലധികം ഇടപാടുകൾ നടത്തിയതായി ദീവ എംഡിയും സിഇഒയുമായ സയീദ് മുഹമ്മദ് അൽ തായർ പറഞ്ഞു. ഇത് 2023ന്റെ ആദ്യ പകുതിയിലെ 6 ദശലക്ഷം ഇടപാടുകളിൽ നിന്ന് 11% വർധിച്ചു. 2023 അവസാനത്തോടെ 65 സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുമായി 90 ലധികം പ്രോജക്റ്റുകൾ സംയോജിപ്പിച്ചുകൊണ്ട്, ദേവയുടെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ അതിന്റെ സേവനങ്ങൾ 99.2% മികച്ച രീതിയിൽ നിർവഹിച്ചു. ഡിജിറ്റൽ സംവിധാനം ത്വരിതപ്പെടുത്തുന്നതിനും ഇടപാട് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഓഹരി ഉടമകളുടെ സംതൃപ്തി മെച്ചപ്പെടുത്തുന്നതിനും സാങ്കേതികവിദ്യകൾ ദീവ പ്രയോജനപ്പെടുത്തുന്നതിലൂടെ ദുബൈ ഡിജിറ്റൽ സ്ട്രാറ്റജിയിലും ലോകത്തിലെ ഏറ്റവും മികച്ച ഡിജിറ്റൽ നഗരമെന്ന നിലയിലും അതോറിറ്റിയുടെ പ്രതിബദ്ധത വ്യക്തമാണ്. ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമിന്റെ ദർശനവും ദുബൈ കിരീടാവകാശിയും, ഉപപ്രധാനമന്ത്രിയും പ്രതിരോധ മന്ത്രിയുമായ ശൈഖ് ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമിന്റെ നിർദേശങ്ങളുമാണ് അതോറിറ്റിയെ നയിക്കുന്നത്.



## പൊതുമാപ്പ്: നടപടികൾ വേഗത്തിലാക്കാൻ ജിഡിആർഎഫ്എ പ്രത്യേക ടീം രൂപീകരിച്ചു

ദുബൈ: യുഎഇയിൽ വിസ ലംഘിച്ച് താമസിക്കുന്നവർക്ക് പ്രഖ്യാപിച്ച ഗ്രേസ് പീരിയഡിന്റെ നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ ദുബൈ ജിഡിആർഎഫ്എ പ്രത്യേക സംഘത്തെ രൂപീകരിച്ചു. ദുബൈ ജിഡിആർഎഫ്എയിൽ ഉന്നത ഉദ്യോഗസ്ഥരുടെ ഒരു പ്രത്യേക യോഗമാണ് ഇതുസംബന്ധിച്ച തീരുമാനമെടുത്തത്. മേധാവി ലഫ്റ്റനന്റ് ജനറൽ മുഹമ്മദ് അഹ്മദ് അൽ മർറി അധ്യക്ഷത വഹിച്ച യോഗത്തിൽ ഉപമേധാവി മേജർ ജനറൽ ഉബൈദ് മുഹൈർ ബിൻ സുറൂർ അടക്കമുള്ള ഉന്നത ഉദ്യോഗസ്ഥർ പങ്കെടുത്തു. ദുബൈ എമിറേറ്റിലെ വിസ ഗ്രേസ് പീരിയഡ് പദ്ധതിയുടെ തയ്യാറെടുപ്പുകളെക്കുറിച്ച് യോഗം ചർച്ച ചെയ്തു. ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിനാണ് പ്രത്യേക സംഘത്തെ രൂപീകരിച്ചിട്ടുള്ളത്. കസ്റ്റമർ ഹാപ്പിനസ് ആൻഡ് ഡിജിറ്റൽ സർവീസസ്, പ്രോആക്ടീവ് മീഡിയ കമ്മ്യൂണിക്കേഷൻ, സർവീസസ് ഡെവലപ്മെന്റ് ടീം എന്നിവയുൾപ്പെടെ പ്രത്യേക വർക്കിംഗ് ടീമുകളെയാണ് രൂപീകരിച്ചത്. ഇത് വഴി വിസ ലംഘനക്കാർക്ക് എളുപ്പത്തിൽ അവരുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ സാധിക്കും. ഫെഡറൽ അതോറിറ്റി ഫോർ ഐഡന്റിറ്റി, സിറ്റിസൺഷിപ്പ്, കസ്റ്റംസ് ആൻഡ് പോർട്ട് സെക്യൂരിറ്റി കഴിഞ്ഞ ദിവസമാണ് അനധികൃത വിസ താമസക്കാർക്ക് രണ്ടുമാസത്തെ ഗ്രേസ്പീരിയഡ് പ്രഖ്യാപിച്ചത്. സെപ്റ്റംബർ ഒന്നു മുതൽ ആരംഭിക്കുന്ന ഇളവ് കാലയളവിൽ, വിസ കാലാവധി കഴിഞ്ഞ വിദേശികൾക്ക് പിഴയൊന്നും കൂടാതെ രാജ്യം വിടാനോ അല്ലെങ്കിൽ വിസ സ്റ്റാറ്റസ് മാറ്റാനോ സാധിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ടുള്ള കൂടുതൽ വിശദാംശങ്ങൾ അടുത്ത് തന്നെ പുറത്തിറക്കുമെന്ന് ജിഡിആർഎഫ്എ ദുബൈ അറിയിച്ചു.



ദുബൈ ജിഡിആർഎഫ്എയിൽ നടന്ന വിസ ഗ്രേസ് പീരിയഡ് പദ്ധതി നടപടിക്രമങ്ങൾ ചർച്ച ചെയ്യാൻ ചേർന്ന യോഗത്തിൽ ലഫ്റ്റനന്റ് ജനറൽ മുഹമ്മദ് അഹ്മദ് അൽ മർറി സംസാരിക്കുന്നു

## പൊതുമാപ്പ്: ഷാർജയിൽ സംഘടനാ പ്രതിനിധികളുടെ യോഗം ആഗസ്റ്റ് 15ന്

ഷാർജ: സെപ്തംബർ ഒന്ന് മുതൽ ആരംഭിക്കുന്ന പൊതുമാപ്പ് അവസരം പ്രയോജനകരമാക്കുന്നതിന് ഇന്ത്യൻ സംഘടനകൾ ഒരുക്കങ്ങൾ സജീവമാക്കി. ഇത് സംബന്ധമായി ഇന്ത്യൻ അസോസിയേഷൻ ഷാർജ വിവിധ ഇന്ത്യൻ സംഘടനാ പ്രതിനിധികളുടെ വിപുലമായ സംയുക്ത യോഗം വിളിച്ച് ചേർക്കുമെന്ന് പ്രസിഡന്റ് നിസാർ തളങ്കരയും ജനറൽ സെക്രട്ടറി പി. ശ്രീപ്രകാശും അറിയിച്ചു. ദുബൈ ഇന്ത്യൻ കോൺസുലേറ്റിലെ ഡെപ്യൂട്ടി കോൺസുൽ ജനറൽ യതീൻ പട്ടേൽ നിർദ്ദേശിച്ചത് അനുസരിച്ചാണ് സംഘടന പ്രതിനിധികളുടെ യോഗം വിളിച്ച് കൂട്ടുന്നത്. ആഗസ്ത് 15 ന് വൈകുന്നേരം അഞ്ച് മണിക്ക് ഇന്ത്യൻ അസോസിയേഷൻ ഷാർജ ഓഡിറ്റോറിയത്തിൽ യോഗം ചേരാനാണ് ധാരണയായിരിക്കുന്നത്. ഷാർജയിലെയും നോർത്തേൺ എമിറേറ്റിലേയും പൊതുമാപ്പ് അനുബന്ധ പ്രവർത്തനങ്ങൾക്ക് യോഗം രൂപം നൽകും. പൊതുമാപ്പ് ഉപയോഗപ്പെടുത്താൻ എത്തുന്നവർക്കായി ഇന്ത്യൻ അസോസിയേഷൻ ഷാർജ ആസ്ഥാനത്ത് ഹെൽപ്പ് ഡെസ്ക്ക് സജ്ജീകരിക്കും. ഷാർജയിൽ പൊതുമാപ്പ് സംബന്ധമായ നടപടിക്രമങ്ങൾക്ക് നേതൃത്വം നൽകുന്ന താമസ കുടിയേറ്റ വകുപ്പ് മന്ത്രാലയത്തോട് ചേർന്ന് ഹെൽപ്പ് ഡെസ്ക്ക് ആരംഭിക്കുന്നതിനുള്ള ശ്രമവും ഇന്ത്യൻ അസോസിയേഷൻ ഷാർജ ആരംഭിച്ചതായും നിസാർ തളങ്കരയും ശ്രീപ്രകാശും അറിയിച്ചു.

## വയനാട് ദുരന്തം
# മാസ് ഷാർജ വീടുകൾ നിർമിച്ച് നൽകും

ഷാർജ: സമാനതകളില്ലാത്ത ഉരുൾപൊട്ടൽ കെടുതികളെ തുടർന്ന് ദുരിതമനുഭവിക്കുന്ന വയനാടിന് കൈതാങ്ങാവാൻ മാസ് ഷാർജ. അതിശക്തമായ കാലവർഷത്താൽ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ ഉരുൾപൊട്ടലാണ് വയനാട് ഉണ്ടായിട്ടുള്ളത്. നൂറുക്കണക്കിന് ജീവൻ നഷ്ടപ്പെടുകയും, കിടപ്പാടം ഉൾപ്പെടെ ഭാഗികമോ പൂർണമായോ തകർന്നും, മറ്റു നാശനഷ്ടങ്ങൾ കൊണ്ടും കഷ്ടപെടുമ്പോൾ സഹജീവി സ്നേഹത്തിന്റെ ഉദാത്ത മാതൃകയാവാൻ പ്രവാസി സമൂഹവും ബാധ്യസ്ഥരാണ് എന്ന് മാസ് ഷാർജ അഭിപ്രായപ്പെട്ടു. പുനരധിവാസത്തിന്റെ ഭാഗമായി രണ്ടു വീടുകൾ 'മാസ്' നിർമിച്ചു നൽകും. കേരള സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസരിച്ചുള്ള വീടുകൾ ആയിരിക്കും നിർമിക്കുക. കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടിയന്തിരമായി കഴിവിന്റെ പരമാവധി സഹായം എത്തിക്കാൻ മാസ് അംഗങ്ങളോടും പൊതു സമൂഹത്തോടും മാസ് ഷാർജ അഭ്യർത്ഥിച്ചു.



അബുദാബി ഇന്ത്യൻ ഇസ്ലാമിക് സെന്റർ വർക്കിങ് പ്രസിഡന്റായി തിരഞ്ഞെടുത്ത സി.സമീറിന് അബുദാബി കാസർകോട് ജില്ലാ കെഎംസിസി നൽകിയ സ്വീകരണത്തിൽ കെഎംസിസി സെക്രട്ടറി ഹനീഫ പടിഞ്ഞാർമൂല ഷാളണിയിക്കുന്നു



## പാർലമെന്റ് കളങ്കപ്പെടുത്തി

ജയ്പൂർ: രാഹുൽ ഗാന്ധിയെ ലക്ഷ്യമിട്ട് ബി.ജെ.പി എം.പി അനുരാഗ് താക്കൂർ ലോക്സഭയിൽ നടത്തിയ പരാമർശം അപലപനീയമാണെന്ന് കോൺഗ്രസ് നേതാവ് സച്ചിൻ പൈലറ്റ്. ജാതി, മതം, സമൂഹം എന്നിവയെക്കുറിച്ച് സംസാരിക്കുന്നത് പാർലമെന്ററി സംവിധാനത്തിന് അനുയോജ്യമല്ല. എം.പിമാർ ഇത്തരം ഭാഷ ഉപയോഗിക്കുന്നത് ജനാധിപത്യ സംവിധാനത്തെ കളങ്കപ്പെടുത്തും. ലോക്സഭാ തിരഞ്ഞെടുപ്പിൽ ഉത്തർപ്രദേശ്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽ ബി.ജെ.പിക്കുണ്ടായ തിരിച്ചടി അവർക്ക് ദഹിക്കുന്നില്ല. അതിനാലാണ് രാഹുൽ ഗാന്ധിയെ ലക്ഷ്യമിടുന്നത്. ബി.ജെ.പിക്കാരിൽ നിന്ന് മാന്യത പ്രതീക്ഷിക്കരുത്.



## ചെറുപ്പക്കാർ രംഗത്തു വരട്ടെ

ന്യൂഡൽഹി: ലോക്സഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള കുറഞ്ഞ പ്രായം 25ൽനിന്ന് 21 ആക്കി കുറയ്ക്കണമെന്ന് എ.എ.പി എം.പി രാഘവ് ഛദ്ദ. ചെറുപ്പക്കാർ കൂടുതലായുള്ള രാജ്യത്തെ പ്രായമേറിയ രാഷ്ട്രീയക്കാരാണ് നയിക്കുന്നത്. നമ്മുടെ ജനസംഖ്യയിൽ 65 ശതമാനവും 35 വയസ്സിൽ താഴെ പ്രായമുള്ളവരാണ്. ഏതാണ്ട് 50 ശതമാനം 25 വയസ്സിനു താഴെയും. സ്വാതന്ത്ര്യാനന്തരം നടന്ന ആദ്യ തിരഞ്ഞെടുപ്പിൽ 26 ശതമാനം ലോക്സഭാംഗങ്ങളും 40 വയസ്സിൽ താഴെ പ്രായമുള്ളവരായിരുന്നു. എന്നാൽ 17ാം ലോക്സഭയിൽ അത് 12 ശതമാനമായി കുറഞ്ഞു. പ്രായമേറിയ രാഷ്ട്രീയക്കാരുള്ള, ചെറുപ്പക്കാരുടെ രാജ്യമാണ് നമ്മുടേത്.

## ഇന്ത്യ വാർത്തകൾ

# നീറ്റ് റദ്ദാക്കില്ല

## ആവർത്തിച്ച് സുപ്രീംകോടതി



**ഈ വർഷം തന്നെ തിരുത്തൽ നടപടികൾ എടുക്കണം**

### സാങ്കേതിക സുരക്ഷ വർധിപ്പിക്കാൻ കേന്ദ്ര സമിതിയോട് കോടതി

ന്യൂഡൽഹി: മെയ് നാലിലെ വിവാദമായ നീറ്റ്‌യുജി പരീക്ഷ റദ്ദാക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിച്ച് സുപ്രീം കോടതി വിധി. വ്യാപകമായ ചോർച്ച ഉണ്ടായിട്ടില്ല. പറ്റ്നയിലും ഹസാരിബാഗിലും മാത്രമണ് ചോർച്ചയുണ്ടായത്. ചോദ്യപേപ്പറുകളിൽ വ്യവസ്ഥാപരമായ ലംഘനം നടന്നിട്ടില്ലെന്നും ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് വീണ്ടും വ്യക്തമാക്കി.

ജൂലൈ 23 നാണ് സുപ്രീം കോടതി പുനഃപരിശോധനയ്ക്ക് ഉത്തരവിടേണ്ടെന്ന് തീരുമാനിച്ചത്. ഐ.ഐ.ടി മദ്രാസിൽ നിന്നുള്ള ഡാറ്റ അനലിറ്റിക്സ് റിപ്പോർട്ടും മറ്റ് സ്ഥിതിവിവരക്കണക്കുകളും അവലോകനം ചെയ്തതിന് ശേഷമായിരുന്നു വിധി. ഇന്നലത്തെ വിധിയിൽ, സാങ്കേതിക സുരക്ഷകൾ മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങൾ (എസ്.ഒ.പി) വികസിപ്പിക്കാൻ കേന്ദ്രം നിയോഗിച്ച സമിതിയോട് സുപ്രീം കോടതി നിർദേശിച്ചു. പരീക്ഷ സംവിധാനത്തിലെ സൈബർ സുരക്ഷാ പിഴവുകൾ തിരിച്ചറിയൽ, തിരിച്ചറിയൽ നടപടിക്രമങ്ങൾ മെച്ചപ്പെടുത്തൽ, പരീക്ഷ കേന്ദ്രങ്ങളിൽ സി.സി.ടി.വി നിരീക്ഷണം തുടങ്ങിയവയാണ് അവയിൽ പ്രധാനം. ചോദ്യപേപ്പർ സൂക്ഷിച്ച സ്ട്രോങ് റൂമിനുപിന്നിലെ വാതിൽ തുറന്നു വെച്ചതും, ഗ്രേസ് മാർക്ക് അനുവദിച്ചതും അടക്കമുള്ള ഇത്തവണത്തെ പാളിച്ചകൾ ആവർത്തിക്കരുത് ഈ വർഷം തന്നെ തിരുത്തൽ നടപടികളെടുക്കണമെന്നും ചീഫ് ജസ്റ്റിസ് അധ്യക്ഷനായ മൂന്നംഗ ബെഞ്ച് ആവശ്യപ്പെട്ടു.

സർക്കാർ രൂപീകരിച്ച സമിതിയുടെ ഉത്തവരവാദിത്തങ്ങൾ ചീഫ് ജസ്റ്റിസ് വിശദീകരിച്ചു. പരീക്ഷാ പേപ്പറുകളുടെ സമഗ്രത ഉറപ്പാക്കാൻ സുരക്ഷിത ലോജിസ്റ്റിക് ദാതാക്കളുടെ ഇടപെടൽ. ശക്തമായ ഒരു പരാതി പരിഹാര സംവിധാനം തുടങ്ങിയവയും കോടതി സമിതിയോട് നിർദേശിച്ചിട്ടുണ്ട്. പരീക്ഷ സംവിധാനത്തിന്റെ സൈബർ സുരക്ഷയിൽ സാധ്യമായ പോരായ്മകൾ കണ്ടെത്തുന്നതിന് സാങ്കേതിക വിദ്യകൾ ഉപയോഗിക്കേണ്ടതിന്റെ പ്രാധാന്യവും ചീഫ് ജസ്റ്റിസ് ഊന്നിപറഞ്ഞു.

### പ്ലസ് ടു സപ്ലിമെന്ററിയും തോറ്റ് നീറ്റിലെ 'സ്റ്റാർ'

അഹമ്മദാബാദ്: നീറ്റ് യുജി പരീക്ഷയിൽ 720ൽ 705 മാർക്ക് നേടിയ വിദ്യാർത്ഥിനി പ്ലസ് ടു സപ്ലിമെന്ററി പരീക്ഷകയിലും ദയനീയമായി തോറ്റമ്പി. നേരത്തെ പ്ലസ് ടു വാർഷിക പരീക്ഷയിലും അഹമ്മദാബാദ് സ്വദേശിയായ കുട്ടി ഫിസിക്സിന് പരാജയപ്പെട്ടിരുന്നു. നീറ്റ് പരീക്ഷയിൽ ഫിസിക്സിൽ 99.89, കെമിസ്ട്രിയിൽ 99.86, ബയോളജിയിൽ 99.14 മാർക്ക് നേടി ശ്രദ്ധേയമായ പ്രകടനം നടത്തിയ കുട്ടിയാണ് സപ്ലിമെന്ററി പരീക്ഷയിലും തോറ്റത്. മാർച്ചിൽ നടന്ന ഹയർ സെക്കൻഡറി ബോർഡ് പരീക്ഷയിൽ 700 ൽ 352 മാർക്ക് മാത്രമാണ് നേടിയത്. ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങളിൽ പരാജയപ്പെട്ടു. സപ്ലിമെന്ററി പരീക്ഷകളിൽ, കെമിസ്ട്രിയിൽ 33 മാർക്കോടെ വിജയിച്ചെങ്കിലും ഫിസിക്സിൽ വീണ്ടും പരാജയപ്പെട്ടു. വെറും 22 മാർക്കാണ് നേടിയത്. നീറ്റ് പരീക്ഷക്ക് ശേഷമുള്ള സൂക്ഷ്മപരിശോധനയിൽ നീറ്റ് സ്കോറിലെയും ബോർഡ് പരീക്ഷയിലെ പ്രകടനത്തിലെയും പൊരുത്തക്കേട് ശ്രദ്ധയിൽപ്പെട്ടിരുന്നു. വിദ്യാർത്ഥിയുടെ പിതാവ് ഡോക്ടറാണ്. ഹാജർ നിർബന്ധമാക്കാത്ത ഒരു സ്കൂളിലാണ് പഠിപ്പിച്ചത്. സ്കൂൾ പഠനം പൂർണമായും അവഗണിച്ച് ഒരു കോച്ചിങ് സെന്ററിൽ നീറ്റ് യുജി പരിശീലനത്തിലായിരുന്നു വിദ്യാർത്ഥിനി. നീറ്റിൽ 720ൽ 705ൽ മാർക്ക് നേടിയതോടെ കുട്ടി ശ്രദ്ധിക്കപ്പെടുകയും അതിൽ പ്രശംസകൾ ഏറ്റുവാങ്ങുകയും ചെയ്തിരുന്നു. അതിനിടയിലാണ് പെൺകുട്ടിയുടെ 12 ാം ക്ലാസിലെ പരീക്ഷാ ഫലം എക്സിൽ പ്രത്യക്ഷപ്പെട്ടത്. പ്ലസ്ടു പരീക്ഷയിൽ മിക്ക പേപ്പറുകൾക്കും കുറഞ്ഞ മാർക്കാണ് കുട്ടിക്ക് ലഭിച്ചിരുന്നത്. ഫിസിക്സിനും കെമിസ്ട്രിക്കും ജയിക്കാനാകാത്ത ആൾക്കെങ്ങനെയാണ് രാജ്യത്തെ ഏറ്റവും വലിയ മത്സര പരീക്ഷകളിലൊന്നിൽ മികച്ച വിജയം നേടാനായതെന്നാണ് ചോദ്യം.

# തനിക്കെതിരെ റെയ്ഡിന് ഇ.ഡി നീക്കമെന്ന് രാഹുൽ

**ചായയും ബിസ്ക്കറ്റുമായി കാത്തിരിക്കുന്നുവെന്ന് പരിഹാസം**

ന്യൂഡൽഹി: പാർലമെന്റിൽ നടത്തിയ 'ചക്രവ്യൂഹ' പ്രസംഗത്തിന്റെ പശ്ചാത്തലത്തിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് തനിക്കെതിരെ റെയ്ഡ് നടത്താൻ പദ്ധതിയിടുന്നതായി പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. ഇ.ഡി.ക്ക് ഉള്ളിലുള്ളവരിൽ നിന്നു തന്നെയാണ് വിവരം അറിഞ്ഞതെന്നും ചായയും ബിസ്ക്കറ്റും തയ്യാറാക്കി അവരെ കാത്തിരിക്കുകയാണെന്നും രാഹുൽ പരിഹസിച്ചു.

സാമൂഹിക മാധ്യമമായ എക്സിൽ ഇ.ഡിയെ ടാഗ് ചെയ്തായിരുന്നു പരാമർശം. ജൂലൈ 29ന് പാർലമെന്റിൽ നടത്തിയ പ്രസംഗത്തിലാണ് രാഹുൽ ചക്രവ്യൂഹ പരാമർശത്തിലൂടെ പ്രധാനമന്ത്രി മോദി അടക്കമുള്ളവർക്കെതിരെ കടുത്ത ഭാഷയിൽ വിമർശനമുന്നയിച്ചത്. പ്രധാനമന്ത്രി ഇന്ത്യക്കാരെ പുതിയകാലത്തെ ചക്രവ്യൂഹത്തിൽ അകപ്പെടുത്തിയിരിക്കുകയാണെന്നായിരുന്നു രാഹുലിന്റെ വിമർശനം. ചക്രവ്യൂഹത്തിന് പദ്മവ്യൂഹമെന്നും പേരുണ്ട്. താമരയുടെ രൂപത്തിൽ ചക്രവ്യൂഹം തീർക്കുന്നതിനാണ് അങ്ങനെ പറയുന്നത്. അതാണ് രാജ്യത്ത് ഇപ്പോൾ നടക്കുന്നതെന്ന് രാഹുൽ ആരോപിച്ചു.



മഹാഭാരതത്തിൽ ആയിരക്കണക്കിനു വർഷങ്ങൾക്കു മുമ്പ് ആറു പേർ ചേർന്നാണ് അഭിമന്യുവിനെ ചക്രവ്യൂഹത്തിൽ അകപ്പെടുത്തി കൊലപ്പെടുത്തിയത്. അതിന് നേതൃത്വം നൽകിയത് ആറുപേരായിരുന്നു. സമാനമായി ഇന്നും ആറുപേരാണ് മുഖ്യകേന്ദ്രത്തിലുള്ളത്. നരേന്ദ്രമോദി, അമിത് ഷാ, മോഹൻ ഭാഗവത്, അജിത് ഡോവൽ, അംബാനി, അദാനി എന്നിവരാണത്. അഭിമന്യുവിന് എന്തു സംഭവിച്ചോ അതു തന്നെ ഇന്ത്യയിലെ എല്ലാ ജനങ്ങൾക്കും സംഭവിക്കുമെന്നും അദ്ദേഹം കുറ്റപ്പെടുത്തിയിരുന്നു.

എൻഡിഎ സർക്കാർ 2024ലെ ബജറ്റ് പ്രഖ്യാപനങ്ങളിലൂടെ മധ്യവർഗത്തെ മുന്നിൽ നിന്നും പിന്നിൽ നിന്നും കുത്തുകയാണ് ചെയ്തതെന്ന് രാഹുൽ ലോക്സഭയിൽ സംസാരിക്കവെ കുറ്റപ്പെടുത്തിയിരുന്നു. ഭരണപക്ഷത്തേയും ആർഎസ്എസിനെയും അദാനിയും അംബാനിയും ഉൾപ്പെടെയുള്ള വ്യവസായികളെയും കടന്നാക്രമിച്ചുകൊണ്ടായിരുന്നു പ്രസംഗം.

### ചുരുക്കത്തിൽ

#### കോച്ചിങ് സെന്റർ ദുരന്തം; മനുഷ്യജീവന് വിലയില്ലേ എന്ന് കോടതി

ന്യൂഡൽഹി: ചില സ്ഥാപനങ്ങൾ തങ്ങൾ നിയമത്തിന് മുകളിലാണെന്നാണ് സ്വയം കരുതുന്നതെന്നും കുറച്ചെങ്കിലും ഉത്തരവാദിത്തം കാണിക്കണമെന്നും ഡൽഹി ഹൈക്കോടതി. ഡൽഹിയിലെ സിവിൽ സർവീസ് പരിശീലന കേന്ദ്രത്തിന്റെ ബേസ്മെന്റിൽ വെള്ളം കയറി മൂന്ന് വിദ്യാർത്ഥികൾ മുങ്ങിമരിച്ച സംഭവത്തിലായിരുന്നു ഹൈക്കോടതിയുടെ പ്രതികരണം. നിയമങ്ങൾ ലംഘിച്ച് കെട്ടിടത്തിന്റെ അടിത്തട്ട് വ്യാവസായിക ആവശ്യത്തിന് ഉപയോഗിച്ചതും ഡ്രൈനേജ് സംവിധാനമില്ലാത്തതും മറ്റ് സുരക്ഷ നടപടികൾ ഒരുക്കാത്തതുമാണ് വിദ്യാർത്ഥികളുടെ ജീവൻ നഷ്ടമാകാൻ ഇടയാക്കിയതെന്ന് കോടതി ചൂണ്ടിക്കാട്ടി. സംഭവത്തിൽ റാവൂസ് ഐ.എ.എസ് സ്റ്റഡി സർക്കിളിന്റെ ഉടമയെയും നടത്തിപ്പുകാരനെയും പൊലീസ് അറസ്റ്റ് ചെയ്തിരുന്നു. ഇവർക്കെതിരെ നരഹത്യക്കാണ് കേസെടുത്തത്. യു.പി സ്വദേശി ശ്രേയ യാദവ്(25), തെലങ്കാന സ്വദേശി താനിയ സോണി(25), എറണാകുളം സ്വദേശി നെവിൻ ഡെൽവിൻ(24) എന്നിവരാണ് മുങ്ങി മരിച്ചത്.

#### പൂജ ഖേദ്കർ ദുബായിലേക്ക് കടന്നതായി സംശയം

പൂനെ: മുൻകൂർ ജാമ്യം തള്ളിയതിന് പിന്നാലെ വിവാദ ഐ.എ.എസ് ഉദ്യോഗസ്ഥ പൂജ ഖേദ്കർ ഒളിവിൽ പോയതായി റിപ്പോർട്ട്. അറസ്റ്റ് ഭയന്ന് പൂജ ദുബായിലേക്ക് രക്ഷപ്പെട്ടെന്നാണ് സംശയിക്കുന്നത്. വഞ്ചന, വ്യാജരേഖ ചമയ്ക്കൽ തുടങ്ങിയ കേസിലെ പ്രതിയായ പൂജ ഖേദ്കർ സമർപ്പിച്ച മുൻകൂർ ജാമ്യാപേക്ഷ വ്യാഴാഴ്ച ഡൽഹി കോടതി തള്ളിയിരുന്നു. ഒ.ബി.സി ക്വാട്ടയിൽ അനുവദനീയമായ പ്രായപരിധിക്കപ്പുറം ആനുകൂല്യങ്ങൾ നേടിയവരെയും അനർഹമായി വൈകല്യ ആനുകൂല്യം ലഭിച്ച ഉദ്യോഗാർത്ഥികളെയും കണ്ടെത്താനും അഡീഷണൽ സെഷൻസ് ജഡ്ജി ദേവേന്ദർ കുമാർ നിർദേശം നൽകിയിട്ടുണ്ട്. രേഖകളിൽ കൃത്രിമത്വം കാണിച്ചുവെന്ന് തെളിഞ്ഞതിന്റെ അടിസ്ഥാനത്തിൽ പൂജ ഖേദ്കറുടെ ഐ.എ.എസ് യു.പി.എസ്.സി കഴിഞ്ഞ ദിവസം റദ്ദാക്കിയിരുന്നു. അതോടൊപ്പം കമീഷന്റെ പരീക്ഷകളിൽ നിന്ന് ആജീവനാന്തം വിലക്ക് ഏർപെടുത്തുകയും ചെയ്തു. ഒ.ബി.സി, ഭിന്നശേഷി വിഭാഗങ്ങൾക്ക് നൽകുന്ന ആനുകൂല്യം നേടിയാണ് പൂജ ഐ.ഐ.എസ് നേടിയത്. പ്രൊബേഷനിടെ കാറും ഓഫിസും സ്റ്റാഫും വേണമെന്ന് ആവശ്യപ്പെട്ട് പൂജ രംഗത്തുവന്നതോടെയാണ് വിവാദമുയർന്നത്. തട്ടിപ്പ് നടത്താൻ പൂജക്ക് യു.പി.എസ്.സി ഉദ്യോഗസ്ഥരിൽ നിന്ന് സഹായം ലഭിച്ചിട്ടുണ്ടോ എന്ന കാര്യവും പൊലീസ് അന്വേഷിക്കുന്നുണ്ട്.

#### ബിഭവ് കുമാറിന്റെ ഹർജി തള്ളി

ന്യൂഡൽഹി: ആം ആദ്മി പാർട്ടി എം.പി സ്വാതി മലിവാളിനെ ആക്രമിച്ച കേസിൽ അറസ്റ്റ് ചോദ്യം ചെയ്ത് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന്റെ പി.എ ബിഭവ് കുമാർ സമർപ്പിച്ച ഹർജി ഡൽഹി ഹൈക്കോടതി തള്ളി. അറസ്റ്റ് നിയമവിരുദ്ധവും ക്രിമിനൽ നടപടി ച്ചട്ടത്തിലെ സെക്ഷൻ 41 എ (പൊലീസ് ഉദ്യോഗസ്ഥന് മുമ്പാകെ ഹാജരാകാനുള്ള നോട്ടീസ്) യുടെ വ്യവസ്ഥകളുടെ ലംഘനമാണെന്നുമാണ് ഹർജിയിൽ ചൂണ്ടിക്കാട്ടിയത്. എന്നാൽ അറസ്റ്റ് തിടുക്കത്തിൽ അല്ലെന്നും നിയമപ്രകാരമാണ് കസ്റ്റഡിയിലെടുത്തതെന്നും ഡൽഹി പൊലീസ് കോടതിയിൽ വ്യക്തമാക്കി. ഇത് അംഗീകരിച്ചാണ് ജസ്റ്റിസ് നീന ബൻസാൽ കൃഷ്ണ ബിഭവ് കുമാറിന്റെ ഹർജി തള്ളിയത്. അദ്ദേഹത്തിന്റെ ജാമ്യാപേക്ഷ നേരത്തെ വിചാരണക്കോടതിയും ഹൈക്കോടതിയും തള്ളിയിരുന്നു.

## ആധാർ വിവരം കോടതിക്ക് ആവശ്യപ്പെടാമെന്ന് ഡൽഹി ഹൈക്കോടതി

ന്യൂഡൽഹി: അസാധാരണ സാഹചര്യങ്ങളിൽ ഒരു വ്യക്തിയുടെ ആധാർ വിവരം കോടതിക്ക് കൈമാറാൻ ആധാർ അതോറിറ്റിക്കു (യുഐഡിഎഐ) നിർദേശം നൽകാമെന്നും ഇതിനു മുൻകൂർ വാദത്തിന്റെ ആവശ്യമില്ലെന്നും ഡൽഹി ഹൈക്കോടതി.

ഇത്തരം വിവരം സീൽ ചെയ്ത കവറിൽ വേണം കൈമാറാനെന്നും ജഡ്ജിമാരായ പ്രതിഭാ എം.സിങ്, അമിത് ശർമ എന്നിവരുടെ ബെഞ്ച് നിർദേശിച്ചു. ആധാർ വിവരം സ്വകാര്യമാണെന്നും വ്യക്തിവിവരം കൈമാറുകയെന്നത് ഒരാളുടെ സ്വാതന്ത്ര്യമാണെന്നും സുപ്രീം കോടതി മുൻപു വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഇതിൽ ചില ഇളവുകളുണ്ടെന്നു കോടതി പറഞ്ഞു.

കാണാതായ അമ്മയെ കണ്ടെത്താൻ ഒരു മകൾ നൽകിയ ഹേബിയസ് കോർപ്പസ് ഹർജി ഇത്തരത്തിലുള്ള ഒന്നാണെന്നും കോടതി പറഞ്ഞു. 2019 ൽ കാണാതായ അമ്മയ കണ്ടെത്താൻ ഡൽഹി പൊലീസിനു നിർദേശം നൽകണമെന്നാവശ്യപ്പെട്ടു വന്ദന എന്ന യുവതി നൽകിയ ഹർജി പരിഗണിക്കുകയായിരുന്നു കോടതി.

## ഹിമാചൽ മേഘവിസ്ഫോടനം: തിരച്ചിൽ ഊർജ്ജിതം

ഷിംല: ഹിമാചൽ പ്രദേശിലെ മേഘവിസ്ഫോടനത്തിൽ കാണാതായ 45 പേരെ കണ്ടെത്താനുള്ള ശ്രമം ഊർജിതമാക്കി. കരസേന, ദേശീയ ദുരന്ത നിവാരണ സേന (എൻഡിആർഎഫ്), ഇന്തോ ടിബറ്റൻ ബോർഡർ പൊലീസ്, സംസ്ഥാന ദുരന്ത നിവാരണ സേന, പൊലീസ്, ഹോം ഗാർഡുകൾ എന്നിവരുടെ നേതൃത്വത്തിലാണ് രക്ഷാപ്രവർത്തനം. കാണാതായവരെ കണ്ടെത്താൻ ഡ്രോണുകളുടെ സഹായവും തേടിയിട്ടുണ്ട്. മണ്ഡി, ഷിംല, കുളു ജില്ലകളിലാണ് വ്യാഴാഴ്ച മേഘവിസ്ഫോടനമുണ്ടായത്. ഇന്നലെ മൂന്ന് മൃതദേഹങ്ങൾ കൂടി കണ്ടെടുത്തതോടെ മരിച്ചവരുടെ എണ്ണം എട്ടായി. അഞ്ച് മൃതദേഹങ്ങൾ മാണ്ഡിയിലെ രാജ്ബാൻ ഗ്രാമത്തിലും രണ്ടെണ്ണം ഷിംലയിലെ രാംപൂരിലും ഒന്ന് കുളുവിലെ നിർമന്ദിലുമാണ് കണ്ടെത്തിയത്. മുഖ്യമന്ത്രി സുഖ്‌വീന്ദർ സിങ് സുഖുവും വിദ്യാഭ്യാസ മന്ത്രി രോഹിത് താക്കൂറും ഷിംല- കുളു അതിർത്തിയിലുള്ള സമേജ് സന്ദർശിച്ച് സ്ഥിതിഗതി വിലയിരുത്തുകയും ദുരിതബാധിതരുമായി സംസാരിക്കുകയും ചെയ്തു.

## ഇസ്രാഈലിലേക്കുള്ള വിമാന സർവീസ് റദ്ദാക്കി എയർ ഇന്ത്യ

ന്യൂഡൽഹി: ഇസ്രാഈലിലെ ടെൽ അവീവിലേക്കും തിരിച്ചുമുള്ള എല്ലാ വിമാനങ്ങളും എട്ടാം തീയതി വരെ റദ്ദാക്കി എയർ ഇന്ത്യ. ഇസ്രാഈൽ-ഹമാസ് സംഘർഷ സാഹചര്യത്തിലാണ് തീരുമാനം. സാഹചര്യം സൂക്ഷ്മമമായി നിരീക്ഷിക്കുകയാണെന്നും ഈ കാലയളവിൽ ടിക്കറ്റ് ബുക്ക് ചെയ്തവർക്ക് റീഷെഡ്യൂളിങ്, കാൻസലിങ് ചാർജിൽ ഇളവ് നൽകുമെന്നും എയർ ഇന്ത്യ വ്യക്തമാക്കി. സിംഗപ്പൂർ എയർലൈൻസ്, തായ്‌വാൻ ഇവിഎ എയർ, ചൈന എയർലൈൻസ് തുടങ്ങിയവയും ഇറാൻ ലെബനീസ് വ്യോമ മേഖലകളിലൂടെയുള്ള വിമാനങ്ങൾ വഴിതിരിച്ചു വിട്ടിട്ടുമുണ്ട്.

ഹമാസ് രാഷ്ട്രീയകാര്യ നേതാവ് ഇസ്മായിൽ ഹനിയയുടെ കൊലപാതകത്തിൽ ഇറാൻ തിരിച്ചടിക്കുമോയെന്ന ആശങ്ക പശ്ചിമേഷ്യയിൽ വർധിച്ചു വരികയാണ്. ഇറാൻ പ്രസിഡന്റിന്റെ സ്ഥാനാരോഹണത്തിനെത്തിയപ്പോഴാണ് ഹനിയ കൊല്ലപ്പെട്ടത്.

## ഇലക്ടറൽ ബോണ്ട്: അന്വേഷണം വേണമെന്ന ഹർജി തള്ളി

ന്യൂഡൽഹി: ഇലക്ടറൽ ബോണ്ട് സംഭാവനകളിലൂടെ നടന്നത് കോർപ്പറേറ്റുകളും രാഷ്ട്രീയ പാർട്ടികളും തമ്മിലെ അവിശുദ്ധ കൂട്ടുകെട്ടാണെന്ന ആരോപണം അന്വേഷിക്കാൻ പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കണമെന്ന ആവശ്യം സുപ്രീംകോടതി തള്ളി.

ക്രിമിനൽ നിയമപ്രകാരം നടപടിയെടുക്കാത്ത സാഹചര്യത്തിൽ കോടതിയുടെ മേൽനോട്ടത്തിൽ അന്വേഷണം നടത്തുന്നത് അനുചിതമാണെന്ന് കോടതി പറഞ്ഞു. രാഷ്ട്രീയ പാർട്ടികൾ ഇലക്ടറൽ ബോണ്ടുകൾ വഴി സ്വീകരിച്ച സംഭാവനകൾ തിരിച്ചുപിടിക്കാനും ആദായനികുതി ഒടുക്കാനും അധികാരികളോട് നിർദേശിക്കണമെന്ന ഹർജിയും കോടതി വ്യാഴാഴ്ച തള്ളി. ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് അധ്യക്ഷനായ മൂന്നംഗ ബെഞ്ചിന്റേതാണ് വിധി. നാല് ഹർജികളിലായിരുന്നു ബെഞ്ച് വാദം കേട്ടത്. എൻജിഒ കോമൺ കോസ്, സെന്റർ ഫോർ പബ്ലിക് ഇന്ററസ്റ്റ് ലിറ്റിഗേഷൻ എന്നീ സംഘടനകൾ ചേർന്നായിരുന്നു ഒരു ഹർജി സമർപ്പിച്ചത്. ഡോ. ഖേം സിങ് ഭട്ടി, സുദീപ് നാരായൺ തമങ്കർ, ജയ് പ്രകാശ് ശർമ എന്നിവരാണ് മറ്റ് മൂന്ന് ഹർജിക്കാർ.

ഇലക്ടറൽ ബോണ്ടുകൾ വാങ്ങിയതുമായി ബന്ധപ്പെട്ട് എസ്ഐടി അന്വേഷണം ആവശ്യപ്പെട്ട് മുതിർന്ന അഭിഭാഷകൻ പ്രശാന്ത് ഭൂഷനാണ് കോടതിയിൽ ഹാജരായത്. 2024 ഫെബ്രുവരിയിൽ സുപ്രീംകോടതി നടത്തിയ സുപ്രധാന വിധിപ്രസ്താവത്തിലായിരുന്നു ഇലക്ടറൽ ബോണ്ട് സ്കീം 'ഭരണഘടനാ വിരുദ്ധം' എന്ന് സുപ്രീം കോടതി പ്രഖ്യാപിച്ചത്.

പൗരന്മാരുടെ വിവരാവകാശത്തിന്റെ ലംഘനമാണിതെന്നായിരുന്നു കോടതിയുടെ കണ്ടെത്തൽ. 2018ലാണ് ഇലക്ടറൽ ബോണ്ട് പദ്ധതി ബിജെപി സർക്കാർ അവതരിപ്പിക്കുന്നത്. രാഷ്ട്രീയപാർട്ടികൾക്ക് ലഭിക്കുന്ന സംഭാവനകൾ സുതാര്യമാക്കുമെന്ന പ്രഖ്യാപനത്തോടെയായിരുന്നു ഈ പദ്ധതി അവതരിപ്പിച്ചത്. എന്നാൽ അതിനെതിരെ കടുത്ത വിമർശനം അന്നുതന്നെ ഉയർന്നിരുന്നു.

## ആറ് സിവിൽ സർവിസ് ഉദ്യോഗസ്ഥർ നിരീക്ഷണത്തിൽ

ന്യൂഡൽഹി: വ്യാജ സർട്ടിഫിക്കറ്റ് ഹാജരാക്കി പരീക്ഷ എഴുതിയ പൂജ ഖേദ്കറുടെ ഐ.എ.എസ് യൂനിയൻ പബ്ലിക് സർവിസ് കമീഷൻ (യു.പി.എസ്.സി) റദ്ദാക്കിയതിനു പിന്നാലെ സർവിസിൽ തുടരുന്ന ആറ് സിവിൽ സർവിസ് ഉദ്യോഗസ്ഥർ നിരീക്ഷണത്തിൽ. ഇവർ ഹാജരാക്കിയ വികലാംഗ സർട്ടിഫിക്കറ്റുകൾ വ്യാജമാണോ എന്ന കാര്യം പരിശോധിച്ചു വരികയാണെന്ന് യു.പി.എസ്.സി അധികൃതർ അറിയിച്ചു. ഇവരിൽ അഞ്ചു പേർ ഐ.എ.എസുകാരും ഒരാൾ ഐ.ആർ.എസ് തസ്തികയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥനുമാണ്.



ദോഹയിലെ ഇമാം മുഹമ്മദ് ബിൻ അബ്ദുൽ അൽ വഹാബ് മസ്ജിദിൽ നടന്ന ജനാസ നമസ്കാരത്തിന് ഹമാസ് നേതാവ് ഖലീൽ അൽ-ഹയ്യ നേതൃത്വം നൽകുന്നു

## ഇസ്മായിൽ ഹനിയ്യ ഇനി ഓർമ

ദോഹ: ഫലസ്തീൻ വിമോചന നേതാവും ഹമാസ് രാഷ്ട്രീയകാര്യ സമിതി മേധാവിയുമായ ഇസ്മാഈൽ ഹനിയ്യ ഇനി ഓർമ. ഖത്തർ തലസ്ഥാനായ ദോഹയിലെ ലുസൈലിൽ അദ്ദേഹത്തിന്റെ മയ്യത്ത് കബറടക്കി. ദോഹയിലെ ഇമാം മുഹമ്മദ് ബിൻ അബ്ദുൽ അൽ വഹാബ് പള്ളിയിൽ നടന്ന ജനാസ നമസ്കാരത്തിൽ പതിനായിരങ്ങൾ പങ്കെടുത്തു. തുർക്കി, ലെബനൻ, യെമൻ, പാകിസ്താൻ, മലേഷ്യ, ഇന്തോനേഷ്യ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ കബറടക്ക ചടങ്ങിൽ പങ്കെടുത്തു. ഇന്നലെ തെഹ്റാനിലെ ആസാദി സക്വയറിൽ നടന്ന ജനാസ നമസ്കാരത്തിലും പതിനായിരങ്ങൾ പങ്കെടുത്തു. ഇറാൻ പരമോന്നത നേതാവ് അലി ഖാംനഇ നമസ്കാരത്തിന് നേതൃത്വം നൽകി. നിരവധി ആളുകൾക്ക് ഹനിയ്യ പ്രതീക്ഷയുടെ പ്രകാശമായിരുന്നുവെന്ന് കബറടക്ക ചടങ്ങിൽ പങ്കെടുത്തവർ അൽജസീറയോട് പറഞ്ഞു. ഫലസ്തീൻ ജനതയോട് ഐക്യദാർഢ്യം പ്രകടിപ്പിക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞുവെന്നും അവർക്കു പിന്തുണ ഉറപ്പാക്കേണ്ടത് ആഗോളസമൂഹത്തിന്റെ ഉത്തരവാദിത്തമാണെന്നും അവർ പറഞ്ഞു.

### ഹനിയ്യയുടെ രക്തസാക്ഷിത്വം വിജയം കൊണ്ടുവരും: ഹമാസ്

ഗസ്സ: ഹമാസ് രാഷ്ട്രീയവിഭാഗം മേധാവി ഇസ്മായിൽ ഹനിയ്യയുടെ രക്തസാക്ഷിത്വം ഗസ്സയിൽ വിജയം കൊണ്ടുവരുമെന്ന് ഹമാസ് നേതാവ് ഖലീൽ അൽ-ഹയ്യ. അദ്ദേഹത്തിന്റെ രക്തം വിജയവും അന്തസ്സും വിമോചനവും കൊണ്ടുവരുമെന്ന് തങ്ങൾക്കുറപ്പുണ്ടെന്ന് അദ്ദേഹം പറഞ്ഞു. യുദ്ധത്തിൽ കൊല്ലപ്പെട്ട ആയിരക്കണക്കിന് കുട്ടികളേക്കാൾ മികച്ചതോ പ്രിയപ്പെട്ടതോ അല്ല ഹനിയ്യയെന്നും ചേതനയറ്റ ഓരോ ജീവനും വേണ്ടി ഇസ്രാഈൽ കണക്കുപറയേണ്ടി വരുമെന്നും അദ്ദേഹം പറഞ്ഞു.

# ഇസ്മായിൽ ഹനിയ്യ വധം; രണ്ട് മാസം മുമ്പ് മുറിയിൽ ബോംബ് സ്ഥാപിച്ചു

ന്യൂയോർക്ക്: ഹമാസ് രാഷ്ട്രീയ വിഭാഗം നേതാവ് ഇസ്മായിൽ ഹനിയ്യയുടെ കൊലപാതകത്തിന് മാസങ്ങൾക്ക് മുമ്പ് പദ്ധതിയിട്ടിരുന്നതായി റിപ്പോർട്ട്. ഹനിയ്യ താമസിച്ച തെഹ്റാനിലെ ഗസ്റ്റ് ഹൗസിൽ രണ്ട് മാസം മുമ്പെ സ്ഥാപിച്ച ബോംബ് പൊട്ടിത്തെറിച്ചാണ് ദുരന്തമുണ്ടായതെന്ന് ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് പുറത്തുവിട്ടു.

ഇറാന്റെ ഇസ് ലാമിക് റെവല്യൂഷണറി ഗാർഡ് പൊലീസിന്റെ സംരക്ഷണയിലുള്ള ഗസ്റ്റ് ഹൗസിൽ രഹസ്യമായി ബോംബ് സ്ഥാപിക്കുകയായിരുന്നുവെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. ഇറാനിലെയും അമേരിക്കയിലെയുമുൾപ്പടെ ഏഴു ഉദ്യോഗസ്ഥരെ ഉദ്ധരിച്ചാണ് ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് പുറത്തുവിട്ടത്. ആക്രമണത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കുകയോ തള്ളുകയോ ഇസ്രാഈൽ നടത്തിയിട്ടില്ല. എന്നാൽ വധത്തിനു പിന്നിൽ ഇസ്രാഈലാണെന്ന് ഹമാസും ഇറാനും ആവർത്തിച്ചു ആരോപിച്ചു. ഇറാന്റെ പരമോന്നത നേതാവ് അലി ഖാംനഇയും ഹമാസും പ്രതികാരം വീട്ടുമെന്ന് പറയുകയും ചെയ്തിട്ടുണ്ട്. ഖത്തറിൽ താമസിച്ചിരുന്ന ഇസ്മായിൽ ഹനിയ്യയെ പുറം രാജ്യങ്ങളിൽ എവിടെയെങ്കിലും വെച്ച് കൊലപ്പെടുത്താനായിരുന്നു ഇസ്രാഈൽ നീക്കം. ഈ സാഹചര്യത്തിൽ ഇടക്കിടെ ചർച്ചകൾക്കായി ഹനിയ്യ എത്തിയിരുന്ന തെഹ്റാൻ തന്നെ വധിക്കാൻ തിരഞ്ഞെടുക്കുകയായിരുന്നുവെന്ന് റിപ്പോർട്ടിൽ പറയുന്നു. പിന്നാലെ ഹനിയ്യ ഇറാനിലെത്തുമ്പോൾ സ്ഥിരമായി താമസിക്കുന്ന മുറി മനസ്സിലാക്കുന്നു. നെഷാത്ത് എന്നറിയപ്പെടുന്ന കോമ്പൗണ്ടിലെ ഗസ്റ്റ് ഹൗസിൽ ഹനിയ്യ താമസിക്കുന്ന മുറി അങ്ങനെയാണ് കൊലപാതകത്തിനായി തിരഞ്ഞെടുക്കുന്നത്.

രണ്ടു മാസങ്ങൾക്കു മുമ്പ് അവിടെ ബോംബ് സ്ഥാപിക്കുന്നു. എന്നാൽ വളരെയധികം സുരക്ഷാക്രമീകരണങ്ങളുള്ള ഈ മേഖലയിൽ കടന്നുകയറി ബോംബ് സ്ഥാപിച്ചത് എങ്ങനെയെന്നത് സംബന്ധിച്ച് വ്യക്തതയില്ല. പുതിയ ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാന്റെ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കുന്നതിനായി ചൊവ്വാഴ്ചയാണ് ഹനിയ്യ തെഹ്റാനിലെത്തിയത്. ഹനിയ്യ മുറിയിലുണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷമാണ് ഓട്ടോമാറ്റിക് ഡിറ്റനേറ്റർ ഉപയോഗിച്ച് ബോംബ് സ്ഫോടനം നടത്തുകയായിരുന്നുവെന്നാണ് വിവരം. സ്ഫോടനത്തിന്റെ ആഘാതത്തിൽ ഹനിയ്യ താമസിച്ചിരുന്ന കെട്ടിടം അപ്പാടെ കുലുങ്ങുകയും ജനലുകൾ തകരുകയും പുറംഭിത്തി ഭാഗികമായും തകർന്നു. ഹനിയ്യക്കൊപ്പമുണ്ടായിരുന്ന അദ്ദേഹത്തിന്റെ അംഗരക്ഷകനും കൊല്ലപ്പെട്ടു.

കൊലപാതക വിവരം പുറത്തുവന്ന ആദ്യ മണിക്കൂറിൽ മിസൈലാക്രമണമാണ് നടന്നതെന്നായിരുന്നു അഭ്യൂഹം. എന്നാൽ ഇറാന്റെ വ്യോമപ്രതിരോധം എങ്ങനെ മറികടന്നുവെന്നതു സംബന്ധിച്ച സംശയം ഉയർന്നിരുന്നു. മിസൈലാക്രമണമാണ് നടന്നതെങ്കിൽ അതിനുണ്ടാവേണ്ട നാശനഷ്ടങ്ങൾ ഹനിയ താമസിച്ചിരുന്ന ഗസ്റ്റ് ഹൗസിൽ ഉണ്ടായിട്ടുമില്ല.

ആക്രമണത്തിനു ശേഷം സ്ഫോടനത്തിന്റെ വിവരങ്ങൾ ഇസ്രാഈൽ ഉദ്യോഗസ്ഥർ യു.എസിനും മറ്റു സഖ്യകക്ഷികൾക്കും കൈമാറിയതായി ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് ചെയ്തു. എന്നാൽ യു.എസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കൻ ഇക്കാര്യം നിഷേധിച്ചു.

### രക്തസാക്ഷിത്വം സന്തോഷത്തോടെ ഏറ്റുവാങ്ങുന്നു: ഹനിയ്യയുടെ മരുമകൾ

ഗസ്സ: ഇസ്മാഈൽ ഹനിയ്യയുടെ രക്തസാക്ഷിത്വം സന്തോഷത്തോടെ ഏറ്റുവാങ്ങുന്നുവെന്ന് അദ്ദേഹത്തിന്റെ മരുമകൾ ഈനാസ് ഹനിയ്യ. ഭർത്താവ് ഹാസിം ഹനിയ്യയും മക്കളായ അമാലും മുനയും കൊല്ലപ്പെട്ടപ്പോഴായിരുന്നു ഹനിയ്യയെ അവസാനമായി കണ്ടതും സംസാരിച്ചതെന്നും അവർ പറഞ്ഞു. വിജയം സുനിശ്ചിതമായ പരീക്ഷയാണിതെന്നും അതിനാൽ രക്തസാക്ഷിത്വം സന്തോഷത്തോടെ ഏറ്റുവാങ്ങുന്നുവെന്നും അവർ അൽജസീറക്കു നൽകിയ അഭിമുഖത്തിൽ പറഞ്ഞു. 'എന്റെ ഭർത്താവിന്റെയും മക്കളുടെയും രക്തസാക്ഷിത്വത്തിന്റെ സമയത്താണ് അവസാനമായി അദ്ദേഹവുമായി സംസാരിക്കുന്നത്. അഭിമാനത്തോടെയാണ് അദ്ദേഹം ആ വാർത്ത സ്വീകരിച്ചത്. അവർക്ക് എല്ലാ കാര്യങ്ങളും എളുപ്പമാവട്ടെയെന്ന് പ്രാർത്ഥിച്ചു. ഒന്നും സംഭവിക്കാത്ത പോലെയാണ് അദ്ദേഹം എന്നെ അന്ന് ആശ്വസിപ്പിച്ചത്. രക്തസാക്ഷികളുടെ മാതാവേയെന്ന് അദ്ദേഹം എന്നെ ചിരിച്ചുകൊണ്ട് വിശേഷിപ്പിച്ചു. ഇതിനു ശേഷവും അദ്ദേഹവുമായി ഫോണിൽ സംസാരിക്കാറുണ്ടായിരുന്നു. എന്റെ ഇടം ഇവിടെയല്ല, സ്വർഗമാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ രക്തസാക്ഷിത്വം സന്തോഷത്തോടെ ഏറ്റുവാങ്ങുന്നു. ദൈവമാർഗത്തിൽ കൊല്ലപ്പെട്ടവർ മരിച്ചുപോയവരല്ല, മറിച്ച് ദൈവത്തിന്റെ അടുത്ത് പ്രതിഫലങ്ങൾ ഏറ്റുവാങ്ങി ജീവിക്കുകയാണ്- ഈനാസ് പറഞ്ഞു.

# നിരീക്ഷണം

**ഭൂ**മിയിൽ തൊട്ടുതൊട്ടു കിടക്കുന്ന ഖണ്ഡങ്ങളുണ്ട്. മുന്തിരിത്തോട്ടങ്ങളും കൃഷികളും, ഒരു മുരട്ടിൽ നിന്ന് പല ശാഖങ്ങളായി വളരുന്നതും, വേറെ വേറെ മുരടുകളിൽ നിന്ന് വളരുന്നതുമായ ഈന്തപ്പനകളും ഉണ്ട്. ഒരേ വെള്ളം കൊണ്ടാണ് അത് നനയ്ക്കപ്പെടുന്നത്. ഫലങ്ങളുടെ കാര്യത്തിൽ അവയിൽ ചിലതിനെ മറ്റു ചിലതിനെക്കാൾ നാം മെച്ചപ്പെടുത്തുന്നു. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്.

(വിശുദ്ധ ഖുർആൻ: 13: 04)

gulfchandrikanews@gmail.com

ഗൾഫ് ചന്ദ്രിക

1446 മുഹറം 28 • 1199 കർക്കിടകം 19

## ഹനിയ്യയുടെ രക്തസാക്ഷിത്വം

**ശൈ**ഖ് അഹ്മദ് യാസീൻ, അബ്ദുൽ അസീസ് റൻതീസി, മഹ്മൂദ് മബ്ഹൂഹ്, അഹ്മദ് ജബരി... വിമോചന പോരാട്ടത്തിനിടെ രക്തസാക്ഷിത്വം വരിച്ച ധീരനേതാക്കളുടെ നിരയിലേക്ക് ഫലസ്തീൻ ഇസ്മാഈൽ ഹനിയ്യയുടെ പേരും എഴുതിച്ചേർത്തിരിക്കുന്നു. ഗസ്സ കൂട്ടക്കുരുതി പത്താം മാസത്തോട് അടുക്കുമ്പോൾ ഹമാസിന്റെ നെടുംതൂണാണ് ഇസ്രാഈൽ തകർത്തിരിക്കുന്നത്. ഹമാസ് സ്ഥാപകൻ ശൈഖ് അഹ്മദ് യാസീനിന്റെയും പിൻഗാമി ഡോ. അബ്ദുൽ അസീസ് റൻതീസിയുടെയും രക്തസാക്ഷിത്വത്തിനുശേഷം കൊല്ലപ്പെടുന്ന ഹമാസിന്റെ കരുത്തനായ നേതാവാണ് 62 കാരനായ ഹനിയ്യ. വർത്തമാന ഫലസ്തീന്റെ ഏറ്റവും പ്രിയങ്കരനായ നേതാവായിരുന്ന ഹനിയയെ ഭൂലോകത്തുനിന്ന് ഇല്ലാതാക്കാനുള്ള ഇസ്രാഈലിന്റെ കുടിലനീക്കങ്ങൾക്ക് വർഷങ്ങളുടെ പഴക്കമുണ്ട്. അഹ്മദ് യാസീന്റെ വലംകൈയ്യായി പ്രവർത്തിച്ചുകൊണ്ടിരിക്കെ 2003 സെപ്തംബറിൽ യാസീനും ഹനിയ്യയും ഒരു വധശ്രമത്തിൽനിന്ന് അത്ഭുതകരമായാണ് രക്ഷപ്പെട്ടത്. ഗസ്സയിൽ അവർ താമസിച്ചിരുന്ന കെട്ടിടം ഇസ്രാഈൽ ബോംബിട്ട് തകർക്കുന്നതിന് സെക്കന്റുകൾക്കു മുമ്പായി ഇരുവരും പുറത്തുകടക്കുകയായിരുന്നു. പക്ഷേ, ആ അതിജീവനത്തിന് അധികം ആയുസുണ്ടായിരുന്നില്ല. മാസങ്ങൾക്കുശേഷം ഗസ്സയിലെ ഒരു പള്ളിയിൽനിന്ന് സുബ്ഹി നിസ്കാരം കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ ശൈഖ് യാസീൻ കൊല്ലപ്പെട്ടു.

2007ൽ ഹനിയ്യ തലവനായി ഹമാസിന്റെ നേതൃത്വത്തിൽ സ്വതന്ത്ര ഫലസ്തീൻ ഭരണകൂടം അധികാരത്തിൽ വന്നുവെങ്കിലും ഇസ്രാഈൽ ഭരണകൂടത്തിന് സഹിക്കാവുന്നതിലുമപ്പുറമായിരുന്നു അത്. അതോടെ ഗസ്സയെ ഉപരോധത്തിന്റെ കരാള ഹസ്തങ്ങളാൽ അവർ വരിഞ്ഞുമുറുക്കി. എന്നാൽ തോറ്റുകൊടുക്കാനോ കീഴടങ്ങാനോ തയാറല്ലാതിരുന്ന ഹനിയ്യ അന്താരാഷ്ട്രതലത്തിൽ ഓടി നടന്ന് ഫലസ്തീനികൾക്കായി ലോക രാഷ്ട്രങ്ങളോട് സഹായം അഭ്യർത്ഥിച്ചും മറ്റും പിടിച്ചുനിൽക്കാൻ ശ്രമം നടത്തി. പത്ത് മാസമായി തുടരുന്ന കൂട്ടക്കുരുതിയിൽ ഹനിയ്യയുടെ 60 ബന്ധുക്കളെയാണ് ഇസ്രാഈൽ കൊലപ്പെടുത്തിയത്. ഏപ്രിലിൽ അദ്ദേഹത്തിന്റെ മൂന്ന് മക്കളും നാല് പേരമക്കളും വ്യോമാക്രമണത്തിൽ കൊല്ലപ്പെട്ടു. അവർ സഞ്ചരിച്ചിരുന്ന വാഹനം ഇസ്രാഈൽ ബോംബിട്ട് തകർക്കുകയായിരുന്നു. ഇസ്മാഈൽ ഹനിയ്യയെ കൊലപ്പെടുത്തിയതിനു പിന്നാലെ ഹമാസ് സൈനിക കമാൻഡർ മുഹമ്മദ് ദെയ്ഫിന്റെ മരണവാർത്തയും ഇസ്രാഈൽ പുറത്തുവിട്ടിരിക്കുകയാണ്. ജൂലൈ പതിമൂന്നിന് ഖാൻ യൂനിസിൽ നടത്തിയ വ്യോമാക്രമണത്തിലാണ് ദെയ്ഫ് കൊല്ലപ്പെട്ടതെന്നാണ് അവകാശവാദം.

ഇസ്മാഈൽ ഹനിയയ്യെ കൊലപ്പെടുത്തിയതിലൂടെ ഒൻപത് മാസം പിന്നിട്ട ഗസ്സ കൂട്ടക്കുരുതി നീട്ടിക്കൊണ്ടുപോയി പശ്ചിമേഷ്യയിൽ യുദ്ധം വ്യാപിപ്പിക്കുകയെന്നതാണ് ഇസ്രാഈൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ ലക്ഷ്യമെന്നത് സുവ്യക്തമാണ്. ഹനിയ്യയുടെ കൊലപാതകത്തിന് ഇറാൻ തന്നെ തിരഞ്ഞെടുക്കുന്നതിലൂടെ പശ്ചിമേഷ്യയൊന്നാകെ യുദ്ധം വ്യാപിപ്പിക്കുകയെന്ന ഗൂഢ തന്ത്രവുമുണ്ട്. ഫലസ്തീനിലെ കിരാതമായ ആക്രമണത്തിന് എല്ലാ പിന്തുണയും നൽകി യു.എസ് ഇസ്രാഈലിന് ഒപ്പമുണ്ടെങ്കിലും അറബ് രാഷ്ട്രങ്ങളുമായുള്ള നയതന്ത്ര ബന്ധങ്ങളുടെ പേരിൽ പ്രത്യക്ഷമായി അവർ പങ്കാളിത്തം വഹിക്കുന്നില്ല. എന്നാൽ പ്രസിഡന്റ് തിരഞ്ഞെടുപ്പ് പടിവാതിൽക്കൽ എത്തി നിൽക്കുന്ന അമേരിക്കയിലെ രാഷ്ട്രീയ സാഹചര്യം ഡെമോക്രാറ്റുകളേയും റിപബ്ലിക്കൻമാരെയും ഒരുപോലെ യുദ്ധമെന്ന വൈകാരികതയുടെ ഓളങ്ങൾ തഴുകിത്തലോടിക്കുന്നുണ്ട്. റിപബ്ലിക്കൻ പാർട്ടിയുടെ പ്രസിഡന്റ് സ്ഥാനാർത്ഥി ഡൊണാൾഡ് ട്രംപ് പ്രത്യക്ഷമായിത്തന്നെ ഇസ്രാഈൽ പക്ഷപാതിത്വം ഉയർത്തിപ്പിടിക്കുന്നുണ്ടെങ്കിൽ ഡെമോക്രാറ്റുകളും ഒട്ടും പിന്നിലല്ലെന്ന് യു.എസ് സെനറ്റിലെ അവരുടെ പ്രകടനങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഇസ്മാഈൽ ഹനിയ്യയെ തങ്ങളുടെ മണ്ണിൽ വെച്ച് കൊലപ്പെടുത്തിയതിന് പ്രതികാരമായി ഇസ്രാഈലിനെ കഠിനമായി ശിക്ഷിക്കുമെന്ന് ഇറാൻ പ്രസിഡന്റ് മസ്ഊദ് പെസഷ്കിയാന്റെ വാക്കുകൾ ഇസ്രാഈലിന് ഏറെ പ്രതീക്ഷ നൽകുകയാണ്. ഇറാൻ പ്രതികാരവുമായി ഇറങ്ങുന്നതോടെ എല്ലാ സൗഹൃദങ്ങളും മാറ്റിവെച്ച് അമേരിക്ക ഇറങ്ങുമെന്നും പശ്ചിമേഷ്യയൊന്നാകെ യുദ്ധത്തിലേക്ക് നീങ്ങുന്നതും ഫലസ്തീനും കടന്നുള്ള തങ്ങളുടെ വിശാല ലക്ഷ്യങ്ങൾക്ക് അധികം കാത്തിരിപ്പുണ്ടാകില്ലെന്നും സയണിസ്റ്റുകൾ കണക്കുകൂട്ടുന്നു. ലബനാനെയും ഹിസ്ബുല്ലയെയും ഹൂതികളെയുമെല്ലാം നിരന്തരം പ്രകോപിപ്പിച്ച്കൊണ്ട് മറുതലയും അവർ കത്തിച്ചുകൊണ്ടിരിക്കുകയാണ്.

പക്ഷേ ഹനിയയുടെ കൊലപാതകത്തിലൂടെ ലോക മനസാക്ഷി ഇസ്രാഈലിന് കൂടുതൽ എതിരാവുകയും ഫലസ്തീൻ ജനതയെ ചേർത്തുവെക്കുകയുമാണ്. ലോകമൊന്നാകെ ആവശ്യപ്പെട്ടിട്ടും ഇസ്രാഈലും അമേരിക്കയും ഫലസ്തീൻ കൂട്ടക്കുരുതിയിൽ നിന്ന് പിന്മാറാൻ മനസുകാണിക്കാത്തതിന്റെ ഒരേയൊരു കാരണം അധികാരമെന്ന സ്വാർത്ഥത മാത്രമാണ്. എന്നാൽ ഹനിയ വധം ഈ യുദ്ധവെറിക്കെതിരെ ഇസ്രാഈലിലും അമേരിക്കയിലും തന്നെ ഉയരുന്ന വികാരങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിരിക്കുകയാണ്. അത് ഇരു രാജ്യങ്ങളിലെയും രാഷ്ട്രീയ സാഹചര്യങ്ങളെ മാറ്റിമറിക്കുന്നതിലേക്ക് തന്നെ പരിവർത്തിക്കപ്പെട്ടാലും അൽഭുതപ്പെടേണ്ടതില്ല.

### അടിക്കുറിപ്പ്

**ഇ**ത്തരം ദുരന്തങ്ങളുടെ ആഴം കൂടുന്നതിന് കാരണമായ കരുതൽ നടപടികൾ ശക്തമാക്കുന്നതിൽ നമുക്കെവിടെയോ പിഴച്ചു പോയെന്ന കാര്യമൊക്കെ ഇപ്പോൾ ചർച്ചക്ക് വന്നുകൊണ്ടിരിക്കുന്നുണ്ട്. ഇതൊക്കെ മുൻവിധിയില്ലാതെ ചർച്ച ചെയ്യപ്പെടേണ്ടത് തന്നെയാണ്, പക്ഷെ ഇപ്പോൾ ഈ സങ്കീർണമായ സാഹചര്യത്തിന്റെ ബാക്കിയിരിപ്പ് വേഗത്തിൽ പരിഹരിക്കാൻ നമ്മുക്ക് കൂട്ടായി പരിശ്രമിക്കാം. ഇത്തരം ദുരന്തങ്ങൾ മാനവരാശി എവിടെയും അനുഭവിക്കാതെയിരിക്കട്ടെ എന്ന് നമുക്കെല്ലാവർക്കും പ്രാർത്ഥിക്കാം.

**ഇ.ടി മുഹമ്മദ് ബഷീർ**

### ചരിത്രത്തിൽ ഇന്ന്

1914 ഒന്നാം ലോകമഹായുദ്ധം: ജർമനി ബെൽജിയത്തെ ആക്രമിക്കുന്നു, ബ്രിട്ടൺ ജർമനിയുടെമേൽ യുദ്ധം പ്രഖ്യാപിക്കുന്നു. അമേരിക്ക നിഷ്പക്ഷത പ്രഖ്യാപിക്കുന്നു.

1971 അമേരിക്ക ആദ്യമായി മനുഷ്യനുള്ള ശൂന്യാകാശവാഹനത്തിൽനിന്ന് ചന്ദ്രഭ്രമണപഥത്തിലേക്ക് ഉപഗ്രഹം വിക്ഷേപിക്കുന്നു.

# അതിജീവിക്കും നാം

**ടി.കെ മുസ്തഫ, വയനാട്**

‘**മ**ഞ്ഞുപുതഞ്ഞ മലകൾക്കിടയിലെ വയലുകളും കുന്നുകളും വനഭംഗികളും തനിമ വിട്ടു മാറാത്ത നാട്ടു പുറങ്ങളുടെ പച്ചപ്പുകളും വശ്യ സുന്ദരമായ പ്രകൃതിയുടെ വിസ്മയങ്ങളെ സമ്മാനിക്കുന്നു. അതിജീവനത്തിനായി മണ്ണിനോട് മല്ലിട്ടും കാട്ടുമൃഗങ്ങളോട് പോരടിച്ചും പൊരുതി നേടിയവനും പൊരുതി വീണവനും ജനതയുടെ അസ്തിത്വത്തിന്റെ ബഹു മുഖ തലങ്ങളെ ആഴത്തിൽ അടയാളപ്പെടുത്തുന്നു. ലഭ്യമായ ചരിത്ര രേഖകളും ഐതിഹ്യങ്ങളും അനുമാനങ്ങളും വേർ പിരിക്കാനാവാത്ത വിധം ഇട കലർത്തപ്പെട്ടു കിടക്കുന്ന പ്രാചീന ചരിത്രം അറിയുന്തോറും പഠിക്കുന്തോറും അന്വേഷകരിൽ കൗതുകം ജനിപ്പി



ക്കുന്നു’.‘വയനാടിനെ അറിയാം’ എന്ന പുസ്തകത്തിൽ ഈ വിനീതൻ കുറിച്ച വരികൾക്ക് പ്രചോദനമായിരുന്നത് വാസ്തവത്തിൽ ഇന്നലെകളിലെ ചൂരൽമല യാത്രകൾ എനിക്ക് സമ്മാനിച്ച അനിർവചനീയമായ അനുഭൂതികൾ തന്നെയായിരുന്നു.

ഒറ്റരാത്രി കൊണ്ടാണ് ഒരു നാടിന്റെ തലവര പ്രകൃതി മാറ്റി മറിച്ചത്. കേരള ചരിത്രത്തിലെ ഏറ്റവും ദാരുണവും ഭീകരവുമായ ദുരന്തത്തിന് വയനാട് ചൂരൽമലയും മുണ്ടക്കൈയും സാക്ഷ്യം വഹിച്ചിരിക്കുന്നു. പശ്ചിമഘട്ട മലനിരകൾ കിഴക്കൻ അതിരു കാക്കുന്ന സംസ്ഥാനത്ത് ഉരുൾ ദുരന്തം ഇതാദ്യമല്ല. കഴിഞ്ഞ പത്ത് വർഷത്തിനിടെ കേരളത്തിൽ മാത്രം ഏകദേശം 255 ഓളം ജീവനുകളാണ് ഉരുൾ കവർന്നത്. 2018 മുതൽ 2021 വരെയുള്ള വർഷങ്ങളിൽ മാത്രം ജീവൻ നഷ്ടപ്പെട്ടത് 182 പേർക്കാണ്. തുടർച്ചയാവുന്ന ദുരന്തങ്ങളുടെ ഏറ്റവും ഒടുവിലത്തെ അധ്യായമാണ് ചൂരൽമല. സംസ്ഥാനം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ ഉരുൾ പൊട്ടൽ. അതെ, കേരളത്തിന്റെ നോവായി മാറുന്നു ചൂരൽമല 2019 ഓഗസ്റ്റ് എട്ടിന് വയനാടിനെ പിടിച്ചുലച്ച പുത്തുമല ദുരന്ത ഓർമകൾക്ക് അഞ്ച് വർഷം തികയാൻ ഒരാഴ്ച മാത്രം ബാക്കി നിൽക്കുമ്പോഴാണ് വയനാടിനെ ഭീതിയിലാഴ്ത്തി ചൂരൽ മലയിലും അനുബന്ധ മേഖലകളിലും ഉരുൾപൊട്ടിയത്.

മനുഷ്യ നിസ്സഹായതയുടെ കരളലിയിക്കുന്ന ദൃഷ്ടാന്തങ്ങൾക്ക് സാക്ഷ്യം വഹിച്ച പ്രകൃതി ദുരന്തം തൊഴിലാളികളും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജന വിഭാഗങ്ങളും തിങ്ങിപ്പാർക്കുന്ന ഒരു നാടിനെയും അതിന്റെ സംസ്കാരത്തെയും നിത്യ ജീവിതത്തെയും അക്ഷരാർത്ഥത്തിൽ തകർത്തിരിക്കുന്നു.

കേരളത്തിന്റെ ഉള്ളുലച്ച ദുരന്തത്തിൽ 300 ൽ പരം ആളുകളാണ് ഈ ലേഖനം എഴുതുന്ന വേളയിൽ മരണ മടഞ്ഞിരിക്കുന്നത്. ദുരന്തത്തിന്റെ ആഘാതത്തിലടിപതറി ഗുരുതരമായി പരിക്കേറ്റവരും കനത്ത നാശനഷ്ടങ്ങൾക്കിരയായവരുമായ ആയിരങ്ങളുടെ നിലവിളികൾ സൃഷ്ടിക്കുന്ന നടുക്കവും ഒരു പ്രദേശമാകെ അഭയാർത്ഥി ക്യാമ്പുകളിലേയ്ക്ക് മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നതിന്റെ ദയനീയതയും കണ്ട് വിറങ്ങലിച്ചു നിൽക്കുകയാണ് കേരളം. ശവശരീരങ്ങളും മൃഗാവശിഷ്ടങ്ങളും വസ്തുവകകൾ തകർന്നുകിടക്കുന്നതിന്റെ മറ്റ് അവശിഷ്ടങ്ങളും ദുരന്തം ബാധിച്ച പ്രദേശങ്ങളിൽ പരന്നുകിടക്കുന്ന കാഴ്ചയോടൊപ്പം നിരവധി കുടിലുകളും കോൺക്രീറ്റ് വീടുകളും നശിപ്പിക്കപ്പെടുകയോ ഒലിച്ചുപോവുകയോ ചെയ്തതോടെ അനിശ്ചിതത്വത്തിലായ അസംഖ്യം ജനങ്ങളുടെ തുടർ ജീവിതവും ചോദ്യ ചിഹ്നമായി അവശേഷിക്കുന്നു. കാലാവസ്ഥ വ്യതിയാനത്തെ തുടർന്ന് രൂപപ്പെട്ട മഴയുടെ അളവിലും തീവ്രതയിലുമുണ്ടായ വൻ വർദ്ധനവാണ് ചൂരൽ മല പ്രദേശത്തെ ഉരുൾ പൊട്ടലിലേക്ക് നയിച്ചത്.

തലേ നാൾ വീടുകളിൽ അന്തിയുറങ്ങിയവർ നിനച്ചിരിക്കാതെയുള്ള പ്രകൃതിയുടെ പ്രഹരം നിമിത്തമായി ഒരിക്കലും ഉണരാത്ത വിധം ജീവിതത്തിൽ നിന്ന് പിഴുതെറിയപ്പെട്ട കാഴ്ച അത്യന്തം ഹൃദയ ഭേദകമായിരുന്നു. കേരളത്തിലെ ഉരുൾ പൊട്ടൽ സാധ്യത വർദ്ധിക്കുന്ന ജില്ലയായി വയനാടിനെ ‘ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ’ യുടെ പഠനത്തിൽ വർഷങ്ങൾക്ക് മുൻപേ കണ്ടെത്തിയിരുന്നു. ‘കേന്ദ്ര റോഡ് പഠന ഗവേഷണ വിഭാഗം’ നടത്തിയ സർവെയിൽ രാജ്യത്ത് 15 ശതമാനം പ്രദേശങ്ങൾ ഉരുൾപൊട്ടൽ ഭീഷണിയിലാണുള്ളതെന്ന് പറയപ്പെടുന്നു.

ഭൂകമ്പ സാധ്യതാ പ്രദേശമായ ഹിമാലയ മേഖല കഴിഞ്ഞാൽ പിന്നെ ഉരുൾ പൊട്ടൽ ഭീഷണി കൂടുതൽ പശ്ചിമഘട്ട പ്രദേശത്താണ്.

> ഒറ്റരാത്രി കൊണ്ടാണ് ഒരു നാടിന്റെ തലവര പ്രകൃതി മാറ്റി മറിച്ചത്. കേരള ചരിത്രത്തിലെ ഏറ്റവും ദാരുണവും ഭീകരവുമായ ദുരന്തത്തിന് വയനാട് ചൂരൽമലയും മുണ്ടക്കൈയും സാക്ഷ്യം വഹിച്ചിരിക്കുന്നു. പശ്ചിമഘട്ട മലനിരകൾ കിഴക്കൻ അതിരു കാക്കുന്ന സംസ്ഥാനത്ത് ഉരുൾ ദുരന്തം ഇതാദ്യമല്ല. കഴിഞ്ഞ പത്ത് വർഷത്തിനിടെ കേരളത്തിൽ മാത്രം ഏകദേശം 255 ഓളം ജീവനുകളാണ് ഉരുൾ കവർന്നത്. 2018 മുതൽ 2021 വരെയുള്ള വർഷങ്ങളിൽ മാത്രം ജീവൻ നഷ്ടപ്പെട്ടത് 182 പേർക്കാണ്.

കേരളത്തിൽ പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറൻ ചെരിവിലാണ് ഇത്തരത്തിലുള്ള ഭീഷണി കൂടുതലുള്ളതെന്ന് ഭൗമശാസ്ത്രജ്ഞർ സൂചിപ്പിക്കുന്നുണ്ട്. കുന്നിൻ ചെരിവുകൾ ഉയർത്തുന്ന അപകട സാധ്യതകളെ കുറിച്ചുള്ള മുന്നറിയിപ്പ് കേന്ദ്രങ്ങളും ഉരുൾ പൊട്ടൽ ഉണ്ടായാൽ അവശിഷ്ടങ്ങൾ ഒഴുകാൻ സാധ്യതയുള്ള വഴികൾ കാണിക്കുന്ന ഭൂപടങ്ങളുമടക്കമുള്ള സംവിധാനങ്ങളും പ്രാദേശിക തലത്തിൽ എത്ര മാത്രം കാര്യ ക്ഷമമായി ഉപയോഗിക്കുന്നുവെന്ന ചോദ്യവും ദുരന്ത പശ്ചാത്തലത്തിൽ പ്രസക്തമാവുകയാണ്!

കാലാവസ്ഥയെയും പാരിസ്ഥിതിക ദുരന്ത സാധ്യതകളെയും സംബന്ധിച്ച് സമഗ്ര പഠനം നടത്തി അതിനനുസൃതമായ വികസന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കേണ്ടതിന്റെ ആവശ്യകതയാണ് തീരാ നോവും നികത്താനാവാത്ത നഷ്ടങ്ങളും സമ്മാനിച്ച ദുരന്തം നമ്മെ ഓർമ്മപ്പെടുത്തുന്നത്. കാലാവസ്ഥാ മാറ്റവുമായി ബന്ധപ്പെട്ട അപകടങ്ങൾക്കുള്ള സാധ്യതകൾ മുൻ കൂട്ടി തിരിച്ചറിഞ്ഞ് കൊണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങളെ സംബന്ധിച്ച ഗൗരവകരമായ ചർച്ചകളാണ് ഇവിടെ അനിവാര്യം. ആഗോള തലത്തിൽ വലിയ കാലാവസ്ഥ ദുരന്തഭീഷണി നേരിടുന്ന പ്രദേശങ്ങളുടെ കൂട്ടത്തിൽ കേരളത്തെ ഉൾപ്പെടുത്തിക്കൊണ്ട്’ക്രോസ് ഡിപെൻഡൻസി ഇനിഷ്യേറ്റീവ്’ പുറത്തുവിട്ട ’ഗ്രോസ് ക്ലൈമറ്റ് റിസ്ക് റിപ്പോർട്ട്’ പ്രതിസന്ധികളെ മറികടക്കേണ്ടത് അതുയർത്തി വിടുന്ന വെല്ലുവിളികളെ സമചിത്തതയോടെ നേരിട്ട് നൂതന സാധ്യതകളെ ഉപയോഗിക്കുകയും പരീക്ഷിക്കുകയും ചെയ്തു കൊണ്ടാണെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്.

ആഗോള താപനം നിലവിലെ രീതിയിൽ തുടരുന്ന പക്ഷം 2050 ആകുമ്പോഴേക്കും ലോക സമ്പദ്ഘടനയിൽ പ്രതിവർഷം 38 ലക്ഷം കോടി രൂപയുടെ നഷ്ടം പ്രവചിക്കുന്ന ‘പോസ്റ്റ് ഡാം ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ക്ലൈമറ്റ് ഇമ്പാക്ട് റിസേർച്’ വിലയിരുത്തലുകളും സാമൂഹ്യ ജീവിതത്തിലെ പല ശീലങ്ങളും ശൈലികളും കൈയ്യൊഴിഞ്ഞു പരിസ്ഥിതി സൗഹാർദ ജീവിത വീക്ഷണ സംസ്ക്കാരത്തിലേക്കുള്ള ചുവട് വെപ്പിലേക്ക് പഴുതടച്ച കരുതലുകളുമായി മുന്നേറേണ്ടതിന്റെ ആവശ്യകതയെ തന്നെയാണ് പഠിപ്പിക്കുന്നത്. 2018, 2019 വർഷങ്ങളിലെ വെള്ളപ്പൊക്ക ദുരന്തങ്ങളുടെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ എല്ലാ ഗ്രാമങ്ങളിലും ദുരന്തനിവാരണ റിപ്പോർട്ട് തയ്യാറാക്കുന്നതിനു മുൻകൈയെടുത്ത സംസ്ഥാനമായിരുന്നു കേരളം.

കാലാവസ്ഥാ വ്യതിയാനവും, അനുബന്ധ പ്രതിഭാസങ്ങളും, അവ ആവാസ വ്യവസ്ഥയിലുണ്ടാക്കുന്ന പരിവർത്തനങ്ങളും പരിഹാര നിർദേശങ്ങളും ആധുനിക ലോകത്തെ ഏറ്റവും വലിയ ശാസ്ത്ര ഗവേഷണ മേഖലകളിലൊന്നാണെന്നിരിക്കെ ഈ വിഷയത്തിൽ സംസ്ഥാന സർക്കാറിന്റെ കീഴിലുള്ള ‘കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും’ ബെൽജിയത്തിലെ ’ഗണ്ട് യൂണിവേഴ്സിറ്റി’യും സംയുക്തമായി നടത്തിയ ഗവേഷണത്തിലെ കണ്ടെത്തലുകൾ ഇതിനോടകം ലോക ശ്രദ്ധയാകർഷിക്കുകയും ചെയ്തിരുന്നു.

പ്രകൃതിയുടെ ഏറ്റവും വലിയ സർഗപ്രക്രിയയായ സന്തുലന സംവിധാനത്തകർച്ച മറികടക്കാനുതകുന്ന സാമൂഹ്യ, സാമ്പത്തിക, പാരിസ്ഥിതിക നയങ്ങൾ കൂടുതൽ ജാഗ്രതയോട് കൂടി ചൂരൽമല ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ രൂപപ്പെടുത്തേണ്ടതുണ്ട്. അടുത്ത പതിറ്റാണ്ടോടെ ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറക്കാതെ ആഗോള താപനില ശരാശരിയെന്ന അളവിൽ പിടിച്ചു നിർത്തുക ശ്രമകരമല്ലെന്ന കാലാവസ്ഥാ വിദഗ്ധരുടെ മുന്നറിയിപ്പും ഇതിനോട് നാം ചേർത്ത് വായിക്കണം. ഉരുൾ ദുരന്തത്തെ തുടർന്ന് ചൂരൽ മല മുണ്ടക്കൈ മേഖലകളിൽ സേവന സന്നദ്ധരായ മുഴുവനാളുകളെയും ഉൾക്കൊള്ളുന്ന വിശാലമായ ദുരന്ത നിവാരണ സംവിധാനങ്ങൾ വികസിപ്പിച്ചെടുത്തും സമചിത്തതയോടെയുള്ള സാമൂഹ്യ പ്രതിരോധ നടപടികൾ ആവിഷ്കരിച്ചുമുള്ള അതിജീവന പ്രവർത്തനങ്ങളാണ് നാം കാണുന്നത്.

വിവിധ വകുപ്പുകളുടെ ഉത്തര വാദിത്ത നിർവഹണവും ശാസ്ത്രീയ മനോഭാവവും പ്രതിസന്ധിയെ നേരിടുന്നതിനാവശ്യമായ നിതാന്ത ജാഗ്രതയും സമഗ്ര വീക്ഷണവും ജനങ്ങളിൽ സൃഷ്ടിച്ച സുരക്ഷിതത്വ ബോധം ചെറുതായിരുന്നില്ല. പൊതു ജനാരോഗ്യ സംവിധാനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, കുടുംബ ശ്രീ, സന്നദ്ധ പ്രവർത്തകർ, നിയമ പാലകർ, രാഷ്ട്രീയ പാർട്ടികൾ, യുവജന സംഘടനകൾ, ആത്മിക പ്രസ്ഥാനങ്ങൾ തുടങ്ങി പങ്കാളിത്തപരവും സഹകരണാത്മകവുമായ ജനകീയ കൂട്ടായ്മകളുടെ സർഗാത്മകമായ പ്രവർത്തനം സമാനതകൾ ഇല്ലാത്തതായിരുന്നു. അതെ, തോൽക്കാനാകില്ല നമുക്ക്. അതിജീവിച്ചേ മതിയാകൂ, അതിജീവനം തന്നെയാണ് മാർഗം.

# അസമാധാനത്തിന് അടിവരയിടുന്ന ഇസ്രാഈൽ

**സെയ്യിദ് ശാമിൽ തങ്ങൾ , കാമ്പുറം**

**ക**ണക്കുകളിൽ നൽപ്പത്തിനായിരത്തോടടുത്താണ് ഗസ്സയിൽ കൊല്ലപ്പെട്ടവരുടെ എണ്ണം. 92000 പേരെന്നാണ് അനൗദ്യോഗിക ഭാഷ്യം. കൈയ്യും കാലും നഷ്ടപ്പെട്ട ആയിരങ്ങൾ. ഉമ്മക്ക് മക്കളെ നഷ്ടപ്പെട്ടതിന്റെ തോരാ കണ്ണീർ, ഉമ്മയെയും ബാപ്പയെയും തിരയുന്ന പിഞ്ചോമനകളുടെ ദീന രോധനങ്ങൾ. കുടുംബം മൊത്തം നഷ്ടപ്പെട്ട വേപധു പേറുന്ന വൃദ്ധജനങ്ങൾ. എങ്ങും ഉള്ളുലക്കുന്ന ചിത്രങ്ങൾ. ആവശ്യമായ ഭക്ഷണമില്ല, വെള്ളമില്ല, സുരക്ഷയോടെ അന്തിയുറങ്ങാൻ ഇടങ്ങളില്ല. ഒക്ടോബർ ഏഴ് മുതലല്ല, യുഗങ്ങളായി ഫലസ്തീനികളുടെ നീറുന്ന ചിത്രങ്ങളാണിത്. തിരസ്കരിക്കാനാവാത്ത പച്ചയായ സത്യങ്ങൾ. ഇവയുടെ തീരാ നോവുകൾക്കിടയിലേക്കാണ് ഹമാസ് നേതാവ് ഇസ്മായിൽ ഹനിയയുടെ വധത്തിന്റെ വാർത്ത ചെന്ന് പതിച്ചത്. ഇറാൻ തലസ്ഥാനമായ ടെഹ്റാനിൽ വച്ച് ജൂലൈ 31 ബുധനാഴ്ച രാവിലെയാണ് ഹനിയെ കൊല്ലപ്പെടുന്നത്. ഇറാന്റെ പുതിയ പ്രസിഡന്റ് മസ്ഊദ് പെസശേഖിന്റെ സത്യപ്രതിജ്ഞ ചടങ്ങിൽ പങ്കെടുത്ത് ടെഹ്റാനിൽ താമസിക്കുമ്പോഴാണ് ഇസ്രാഈലിന്റെ ഫയർ സ്ട്രൈക്കിൽ ബോഡിഗാർഡിനോടൊപ്പം അദ്ദേഹം വധിക്കപ്പെടുന്നത്.

1962 ൽ ഗസ്സയിലെ അൽശത്തി റെഫ്യൂജി ക്യാമ്പിൽ ജനിച്ച ഇസ്മായിൽ ഹനിയ ഫലസ്തീനികൾക്കിടയിൽ സമ്മതിദനായിരുന്നു. 1948 ൽ അഭയാർത്ഥികളായി മാറിയ മാതാപിതാക്കൾക്ക് ജനിച്ച ഹനിയ തന്റെ പ്രാഥമിക പഠനം പൂർത്തീകരിച്ചത് യു.എൻ സജ്ജീകരിച്ച സ്കൂളിലായിരുന്നു. തുടർന്ന് ഗസ്സയിലെ ഇസ്ലാമിക് യൂണിവേഴ്സിറ്റിയിൽ നിന്ന് അറബി സാഹിത്യത്തിൽ ബിരുദം നേടി പുറത്തിറങ്ങി. ഇതേ കാലയളവിൽ ഹനിയ വിദ്യാർത്ഥി യൂണിയനിലൂടെയാണ് രാഷ്ട്രീയ രംഗപ്രവേശം നടത്തുന്നത്. 1987 ൽ ഒന്നാം ഇൻതിഫാദയുടെ സമയത്ത് ഹമാസ് രൂപീകരണത്തിൽ ഹനിയാ നേതൃസ്ഥാനം വഹിച്ചിരുന്നു. 1992 ൽ ലെബനാനിലേക്ക് നാടുകടത്തപ്പെടുകയും തുടർന്ന് 1993 ൽ ഓസ്ലോ കരാറിനു ശേഷം ഗസ്സയിലേക്കും മടങ്ങുകയും ചെയ്ത് ഹമാസിനൊപ്പം പ്രവർത്തനങ്ങളിൽ സജീവ സാനിധ്യമായി വർത്തിച്ചു. 1997 ൽ ശൈഖ് അഹമ്മദ് യാസീന്റെ വിശ്വാസ്തനായി തുടങ്ങി 2004 ൽ അദ്ദേഹം കൊല്ലപ്പെടുന്നതുവരെ സേവനത്തിൽ തുടർന്നു. പിന്നീട് 2006ൽ പ്രധാനമന്ത്രിയായും 2007ൽ പ്രധാനമന്ത്രി സ്ഥാനം രാജിവച്ചതിനുശേഷം ഹമാസിന്റെ തലവനായും തുടർന്ന ഹനിയയെ അമേരിക്ക 2017 ൽ തീവ്ര വാദിയായും പ്രഖ്യാപിച്ചിരുന്നു. ഒക്ടോബർ ഏഴിനു ശേഷം നടന്ന യുദ്ധങ്ങളിലെ സമാധാന ചർച്ചകൾക്ക് ഫലസ്തീൻ പ്രതിനിധിയായിരുന്നു ഇസ്മായിൽ ഹനിയ. നിരവധി തവണ വധശ്രമങ്ങൾക്ക് ഇരയായ ഹനിയക്ക് മുമ്പേ തന്നെ ഇസ്രാഈൽ ബോംബിങ്ങിൽ മൂന്നു മക്കളെയും നാലു പേര മക്കളെയും നഷ്ടപ്പെട്ടിരുന്നു. എന്നാൽ അപ്പോഴെല്ലാം മറ്റെന്തിനേക്കാളും വലുത് എനിക്ക് ഫലസ്തീനും ഫലസ്തീൻ ജനതയാണെന്നും പറഞ്ഞ് തളരാതെ നിലയുറച്ച നിന്ന ധീരനായിരുന്നു അദ്ദേഹം.

ലോകരാജ്യങ്ങളുടെ മധ്യസ്ഥതയിൽ നടക്കുന്ന വെടിനിർത്തൽ ചർച്ചകളിൽ ഫലസ്തീൻ പ്രതിനിധിയായ ഹനിയയുടെ വധം ബാക്കി വെക്കുന്നത് കൂടുതൽ സങ്കീർണതകളാണ്. തങ്ങളുടെ പ്രിയപ്പെട്ട നേതാവിന്റെ വധത്തിനുള്ള ചുട്ട മറുപടി നൽകുമെന്നാണ് ഹമാസ് സൈനിക വിഭാഗം അറിയിച്ചിട്ടുള്ളത്. ‘യുദ്ധത്തെ നിങ്ങൾ പുതിയ തലത്തിലേക്ക് എത്തിച്ചിരിക്കുന്നു. വലിയ പ്രത്യാഘാതങ്ങൾ നിങ്ങൾ തീർച്ചയായും നേരിടും’ എന്നാണ് ഹമാസിന്റെ ഔദ്യോഗിക വെളിപ്പെടുത്തൽ. കനം കൂട്ടുന്ന മറ്റൊന്ന്, തെഹ്റാനിൽ വെച്ചുള്ള കൊലപാതകം ഇറാന്റെ മേൽ വലിയ നാണക്കേടിന്റെ നിഴൽ വീഴ്ത്തിരിക്കുകയാണ് എന്നതാണ്. രാജ്യ തലസ്ഥാനത്തുവെച്ച് ഹമാസിന്റെ തലവന്റെ വധം ഇറാനെ പ്രകോപിതനാക്കിയിട്ടുണ്ട്. മൂന്നുദിവസത്തേക്ക് ദുഃഖാചരണം പ്രഖ്യാപിച്ച ഇറാനിൽ ഹനിയക്ക് വേണ്ടിയുള്ള വിലാപയാത്രയും പ്രാർത്ഥനയും ഇതിനോടകം തന്നെ വലിയ രീതിയിൽ സംഘടിപ്പിക്കപ്പെട്ടു കഴിഞ്ഞു. ‘ഒരു വലിയ അപകടത്തെ ക്ഷണിച്ചുവരുത്തി’ എന്നാണ് ഇറാന്റെ ആത്മീയ നേതാവായ ആയത്തുള്ള ഖുമേനി ഹനിയ വധവുമായി ബന്ധപ്പെട്ട് പ്രതികരിച്ചത്. ഇതിനുമുമ്പും നിരവധി പ്രകോപനങ്ങൾ ഇസ്രാഈലിന്റെ ഭാഗത്തുനിന്ന് ഇറാനെതിരെ ഉണ്ടായിട്ടുണ്ട്.

കഴിഞ്ഞ ഏപ്രിലിൽ, മാസങ്ങൾക്കു മുമ്പ് ഇസ്രാഈൽ സിറിയയിലെ കോൺസുലേറ്റ് ആക്രമിക്കുകയും ഇറാൻ ഒഫീഷ്യൽ അടക്കം നിരവധി പേർ വധിക്കപ്പെടുകയും ചെയ്തിരുന്നു. എന്നിട്ടും മൗനം പൂണ്ട ഇറാൻ ഇനി ഒരു പ്രാവശ്യം കൂടി സംയമനം പാലിക്കുമെന്ന് വ്യാമോഹിക്കേണ്ടതില്ല. ഇറാനിൽ മാത്രമല്ല തുർക്കിയിലെ ഇസ്താംബൂളിലും ഹനിയയുടെ ഫോട്ടോ അടങ്ങിയ പ്ലക്കാടുകൾ ഉയർത്തിപ്പിടിച്ച് ഇസ്രാഈലിനെതിരെ പ്രതിഷേധ റാലികൾ നടന്നു കഴിഞ്ഞു. ഖത്തറും റഷ്യയും ഈജിപ്തും നിഷിതമായി ഹനിയാ വധത്തിനെതിരെ രംഗത്തുവന്നിട്ടുണ്ട്. മാത്രമല്ല ലെബനോൻ ആസ്ഥാനമായ ബൈയ്റൂത്തിൽ ഹനിയയുടെ വധത്തിന്റെ തലേദിവസമാണ് ഹിസ്ബുല്ലാഹ്ഹയുടെ പ്രധാന നേതാവായ ഫുആദ് ശുക്കൂറടക്കം ഏഴു പേർ കൊല്ലപ്പെടുകയും 78 പേർക്ക് പരിക്കേൽക്കുകയും ചെയ്തത്. ഇതിനു പിന്നിലും ഇസ്രാഈൽ കരങ്ങളാണ്. സാഹചര്യങ്ങൾ കൂടുതൽ വഷളായതോടെ ഇത്രയും നാളത്തെ ചർച്ചകൾ വിഫലമാവും. ഇതോടെ പ്രതികാര നടപടികൾ സ്വീകരിക്കാൻ തുനിഞ്ഞിറങ്ങുന്ന ഇറാൻ, ഹിസ്ബുള്ളാ, ഹമാസ് സേനകൾ ഇസ്രാഈലിനെ കൂടുതൽ ഭയപ്പെടുത്തുകയും ഇസ്രാഈലിനൊപ്പം അമേരിക്ക കൂടി ചേരുന്നതോടെ യുദ്ധത്തിനു പുതിയ മാനങ്ങൾ സൃഷ്ടിക്കപ്പെടാനും സാധ്യതയുണ്ട്.

തുടക്കം മുതൽ ഇസ്രാഈലിനോടൊപ്പമുള്ള അമേരിക്കയുടെ നിലപാടിൽ മാറ്റമില്ല. അതു



മാത്രമല്ല ഇസ്രാഈലിന് പൂർണ്ണപിന്തുണ പ്രഖ്യാപിച്ച അമേരിക്ക ഏതൊരു സാഹചര്യത്തെയും നേരിടാനുള്ള സഹായസഹകരണങ്ങൾ ഇസ്രാഈലിന് വാഗ്ധാനം ചെയ്തിട്ടുമുണ്ട്.

നെതന്യാഹുവിന് ഇത് തന്റെ രാഷ്ട്രീയ പ്രതിച്ഛായ വീണ്ടെടുക്കാനുള്ള അവസരം കൂടിയാണ്. പേരുകേട്ട ചാര സംഘടനയും ഇന്റലിജൻസ് കരുത്തും ഉണ്ടായിരിക്കെ ഒക്ടോബർ ഏഴിലെ ഹമാസ് നടത്തിയ ആക്രമണത്തെ തിരിച്ചറിയാൻ കഴിയാതിരുന്നത് നെതന്യാഹുവിന്റെ പ്രതിച്ഛായക്കു മങ്ങലേൽപ്പിച്ചിരുന്നു. മാത്രമല്ല വിചാരിച്ച രീതിയിൽ യുദ്ധത്തിൽ ഹമാസ് കീഴടങ്ങാത്തതും, ഇസ്രാഈലിലെ ആഭ്യന്തരപ്രശ്നങ്ങളും സഖ്യ സർക്കാരിനെ ഒട്ടൊന്നുമല്ല ഉലച്ചിരുന്നത്. യുദ്ധം നിർത്തിയാലുടൻ സർക്കാർ തകരാനിടയാകുമെന്ന ഭയത്തിൽ യുദ്ധം തുടർന്നു പോന്നിരുന്ന നെതാന്യാഹുവിനു ഹനിയ വധം നൽകിയ ആശ്വാസം അനൽപ്പമാണ്. ഹനിയയുടെ കൊലപാതകത്തിന് ശേഷം നടത്തിയ പ്രസ്താവനയിൽ നെതാന്യാഹു പറഞ്ഞത് ‘ഞങ്ങൾ ഏതൊരു സാഹചര്യത്തെയും നേരിടാൻ തയ്യാറാണ്. ഏതൊരു ഭീഷണിയെയും ഭയപ്പെടാതെ ഞങ്ങൾ ഒറ്റക്കെട്ടായി നേരിടും’ എന്നായിരുന്നു.

RNI 3018/1957 Vol No. 91. Issue No.202 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikode at Chandrika Press, Y M C A road, Kozhikode - 673 001.
Editor-Kamal Varadoor (responsible for selection of news under PRB Act). Phone: 0495-2766032, 2765122, Fax: 0495-2765950. Email-chandrika1000@gmail.com, chandadvt@gmail.com



ജിഎച്ച്എസ്എസ് മേപ്പാടി ഹയർസെക്കൻഡറി സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിൽ നിന്ന്

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ആഗസ്റ്റ് 03 ശനി
ഗൾഫ് ചന്ദ്രിക



## നാഷണൽ സർവീസ് സ്കീം

# 150 വീടുകൾ പണിതു നൽകും

തിരുവനന്തപുരം: പ്രകൃതിക്ഷോഭം പാർപ്പിടം നഷ്ടപ്പെടുത്തിയവരിൽ നൂറ്റമ്പത് കുടുംബങ്ങൾക്ക് നാഷണൽ സർവീസ് സ്കീം നേതൃത്വത്തിൽ വീടുകൾ പണിതു നൽകും. സംസ്ഥാന നാഷണൽ സർവീസ് സ്കീമിന്റെ വിവിധ സെല്ലുകളെ ഏകോപിപ്പിച്ചാണ് വീടുകളുടെ നിർമ്മാണം ഏറ്റെടുക്കുക. കാലിക്കറ്റ്, എം.ജി, കണ്ണൂർ, കേരള, സാങ്കേതിക സർവകലാശാലകൾ, ആരോഗ്യ സർവ്വകലാശാല, ശ്രീശങ്കര സംസ്കൃത സർവകലാശാല എന്നിവിടങ്ങളിലെയും ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, ഐ.ടി.ഐ തുടങ്ങിയവയിലെയും എൻ.എസ്.എസ് സെല്ലുകളുടെ കീഴിലുള്ള യൂണിറ്റുകളും എൻ.എസ്.എസ് മുൻ പ്രോഗ്രാം കോർഡിനേറ്റർമാരും സംസ്ഥാന ഓഫീസർമാരും ഈ ജീവസ്നേഹദൗത്യത്തിൽ പങ്കാളികളാകും.

ദീർഘകാലാടിസ്ഥാനത്തിലുള്ള കൂടുതൽ സമാശ്വാസ പ്രവർത്തനങ്ങളും ദുരന്തമേഖലയിൽ എൻ.എസ്.എസ് ഏറ്റെടുക്കും. ഇതിന്റെ ഭാഗമായി, ദുരന്തബാധിതർക്ക് അവരനുഭവിച്ച മെന്റൽ ട്രോമ മറികടക്കാൻ വേണ്ട വിദഗ്ദ്ധ കൗൺസലിംഗ് എൻ.എസ്.എസ് സജ്ജമാക്കും. ദുരന്തമേഖലയെ സാധാരണ ജീവിതത്തിലേക്ക് തിരിച്ചെത്തിക്കാൻ വേണ്ട പൊതുശ്രമങ്ങളുടെ ഭാഗമായി വിദ്യാർത്ഥികളിൽ പ്രത്യേകശ്രദ്ധ കൊടുക്കാനായി  തിരിച്ചെത്തിക്കാനായി 'ബാക്ക് ടു സ്കൂൾ ബാക്ക് ടു കോളേജ്' ക്യാമ്പയിനും എൻ.എസ്.എസ് രൂപകല്പന ചെയ്തിട്ടുണ്ട്. 'ബാക്ക് ടു സ്കൂളി'ന്റെ ഭാഗമായി, ദുരന്തബാധിത മേഖലയിലെ മുഴുവൻ വിദ്യാർത്ഥികൾക്കും പഠനോപകരണങ്ങൾ എൻ.എസ്.എസ് നൽകും.

# ശ്വാസത്തുടിപ്പ്

## കേരളത്തിൽ ആലപ്പുഴ ഒഴികെ എല്ലാ ജില്ലകളിലും ഉരുൾപൊട്ടൽ സാധ്യത

തിരുവനന്തപുരം: സംസ്ഥാനത്ത് ഉരുൾപൊട്ടൽ സാധ്യതയില്ലാത്ത ഏക ജില്ല ആലപ്പുഴ. മറ്റു ജില്ലകളെല്ലാം ഉരുൾപൊട്ടൽ സാധ്യതാമേഖലകൾ ഉൾക്കൊള്ളുന്നതിനാൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ഉരുൾപൊട്ടൽ സാധ്യതാ ഭൂപടത്തിൽ ഇടംപിടിച്ചിട്ടുണ്ട്. രാജ്യത്തെ 4,20,000 ചതുരശ്ര കിലോമീറ്റർ പ്രദേശം ഉരുൾപൊട്ടൽ ഭീഷണി നേരിടുന്നതായി ഐ.എസ്.ആർ.ഒ പുറത്തിറക്കിയ ലാൻഡ് സ്ലൈഡ് അറ്റ്ലസിൽ പറയുന്നു. ഇതിൽ 90,000 കിലോമീറ്റർ കേരളം, തമിഴ്നാട്, കർണാടകം, ഗോവ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന പശ്ചിമഘട്ടകൊങ്കൺ പ്രദേശങ്ങളിലാണ്. രാജ്യത്ത് ഉരുൾപൊട്ടൽ ദുരന്തമുണ്ടാകുന്ന 19 സംസ്ഥാനങ്ങളിൽ കേരളം ആറാം സ്ഥാനത്തുണ്ട്. ജമ്മു കശ്മീർ, ഉത്തരാഖണ്ഡ്, അരുണാചൽപ്രദേശ്, മിസോറം, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളാണു കേരളത്തിനു മുന്നിൽ. ഉയർന്ന ജനസാന്ദ്രതയുള്ളതിനാൽ ഉരുൾപൊട്ടൽ കാരണമുണ്ടാകുന്ന മരണനിരക്ക് കേരളത്തിൽ കൂടുതലാണ്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ഉരുൾപൊട്ടൽ കൂടുതലാണെങ്കിലും ജനസാന്ദ്രത കുറവായതിനാൽ മരണനിരക്കു കുറവാണ്.

## വയനാട് ദുരന്ത അതിജീവനം

## ക്യാമ്പുകളിലും വീടുകളിലും മാനസികാരോഗ്യ സേവനങ്ങൾ

തിരുവനന്തപുരം: വയനാട്ടിലെ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട എല്ലാ ആശുപത്രികളിലും ദുരിതാശ്വാസ ക്യാമ്പുകളിലും മാനസികാരോഗ്യ ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തനം തുടങ്ങി. സൈക്ക്യാട്രിസ്റ്റിന്റെ നേതൃത്വത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ, സൈക്ക്യാട്രിക്ക് സോഷ്യൽ വർക്കർമാർ, കൗൺസിലർമാർ എന്നിവരടങ്ങുന്ന 121 അംഗീകൃത മാനസികാരോഗ്യ പ്രവർത്തകരേയാണ് ഇവിടെ നിയോഗിച്ചിരിക്കുന്നത്. ദുരന്തബാധിതരെ കേൾക്കുവാനും അവർക്ക് ആശ്വാസം പകരുവാനുമാണ് പ്രവർത്തകർ പ്രധാനമായും ശ്രദ്ധിക്കുന്നത്. ഇതിൽതന്നെ കുട്ടികളുടെയും പ്രായമായവരുടെയും, ഗർഭിണികളുടെയും പ്രശ്നങ്ങൾക്ക് പ്രത്യേക പരിഗണന നൽകി വരുന്നുണ്ട്. ആരോഗ്യ വകുപ്പ് പ്രത്യേകമായി നൽകുന്ന ഐഡി കാർഡുള്ളവർക്ക് മാത്രമേ ക്യാമ്പുകളിലും വീടുകളിലും മാനസികാരോഗ്യ പ്രവർത്തനങ്ങൾ നടത്താൻ അനുവാദമുള്ളൂ.

ദുരന്തം കാരണമുണ്ടായ മാനസികാഘാതത്തിന്റെ ലക്ഷണങ്ങൾ ആഴ്ചകൾ കഴിഞ്ഞും പ്രത്യക്ഷപെടാം എന്നുള്ളതുകൊണ്ടും, ഉൽകണ്ഠ, വിഷാദം തുടങ്ങിയ പ്രശ്നങ്ങൾ ദീർഘകാലം നീണ്ടുനിൽക്കാം എന്നുള്ളതുകൊണ്ടും മാനസിക സാമൂഹിക ഇടപെടലുകൾ ഊർജിതമായി നിലനിർത്തുവാൻ സമഗ്രമായ മാനസികാരോഗ്യ പദ്ധതിയാണ് വയനാട്ടിൽ ദുരന്ത ബാധിത മേഖലയിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്നത്.

ഇതിനോടൊപ്പം മാനസിക അസ്വാസ്ഥ്യം ഉള്ളവരെയും, മാനസിക രോഗങ്ങൾക്ക് ചികിത്സയെടുക്കുന്നവരെയും കണ്ടെത്തി ചികിത്സ മുടങ്ങാതെ നൽകുവാനും ടീമുകൾ പ്രത്യേകം ശ്രദ്ധിക്കുന്നു. മദ്യം/ലഹരി ഉപയോഗത്തിന്റെ 'വിത്ത്ഡ്രോവൽ' ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവരെ കണ്ടെത്തി പ്രത്യേകം ചികിത്സയും നൽകി വരുന്നു. ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ആരോഗ്യ പ്രവർത്തകർ, റവന്യൂ ഉദ്യോഗസ്ഥർ, പൊലീസ് ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാർ, മറ്റ് റെസ്ക്യൂ മിഷൻ പ്രവർത്തകർ എന്നിവർക്കുള്ള മാനസിക സമ്മർദ നിവാരണ ഇടപെടലുകളും ഈ ടീം നൽകുന്നതാണ്. ഇതു കൂടാതെ 'ടെലി മനസ്സ്' 14416 എന്ന ടോൾ ഫ്രീ നമ്പരിലൂടെ 24 മണിക്കൂറും മാനസിക പ്രശ്നങ്ങൾക്കും, വിഷമങ്ങൾക്കും സംശയ നിവാരണങ്ങൾക്കും സേവനം ലഭ്യമാണ്.

## ദുരിതബാധിതർക്ക് നൂറിലധികം വീടുകൾ നൽകും: രാഹുൽ ഗാന്ധി

മേപ്പാടി: മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ ഇരകളായവർക്ക് കോൺഗ്രസ് നൂറിലധികം വീടുകൾ നിർമ്മിച്ചു നൽകുമെന്ന് ലോകസഭ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി. മേപ്പാടിയിലെ പഞ്ചായത്ത് ജനപ്രതിനിധികളുമായി നടത്തിയ ആശയവിനിമയത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിഷയം പാർലമെന്റിൽ അവതരിപ്പിക്കും. ദുരന്തഭൂമിയിലേക്ക് ആർക്കും തിരിച്ചു പോകേണ്ട എന്നാണ് പറയുന്നത്. സുരക്ഷിതമായ പുനരധിവാസം സർക്കാർ ഉറപ്പ് വരുത്തണം. ഇതിന് സർക്കാരുമായി ചർച്ച നടത്തും. ദുരന്തം പ്രത്യേകം പരിഗണിക്കേണ്ട വിഷയമാണ്. വയനാട് ദുരന്തത്തിന്റെ രക്ഷാപ്രവർത്തനങ്ങളുടെ പുരോഗതിയെ കുറിച്ച് ലോകസഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയെ ജില്ലാ ഭരണകൂടം ധരിപ്പിച്ചു. രാഹുൽഗാന്ധിയുടെ ആവശ്യപ്രകാരം മുണ്ടക്കൈ ഫോറസ്റ്റ് ഓഫീസിൽ വച്ച് ജില്ലാ കലക്ടർ പ്രവത്തനങ്ങളുടെ പുരോഗതി അദ്ദേഹത്തെ ധരിപ്പിച്ചു. രക്ഷാപ്രവർത്തനത്തിലും പുനരധിവാസത്തിലും എല്ലാ പിന്തുണയും അദ്ദേഹം വാഗ്ദാനം ചെയ്തു. പ്രവർത്തനങ്ങളിൽ വേണ്ട ഇടപെടൽ നടത്തുമെന്ന് അദ്ദേഹം ഉറപ്പ് നൽകി. എ ഐ സി സി ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി, കെ സി വേണുഗോപാൽ എം പി, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, കെ പി സി സി പ്രസിഡന്റ് കെ സുധാകരൻ എം പി. രാജ്മോഹൻ ഉണ്ണിത്താൻ എം പി, എം. കെ. രാഘവൻ എം പി, ടി സിദ്ദിഖ് എം എൽ എ, ഐ സി ബാലകൃഷ്ണൻ എം എൽ എ തുടങ്ങിയവർ സംബന്ധിച്ചു.

## നാലാം ദിനത്തിൽ ചാലിയാറിൽ നിന്നും

## അഞ്ച് മൃതദേഹങ്ങളും പത്ത് ശരീര ഭാഗങ്ങളും കണ്ടെത്തി

എടക്കര: മുണ്ടക്കൈ ഉരുൾപൊട്ടലിൽ ചാലിയാർ പുഴയുടെ തീരങ്ങളിൽ അടിഞ്ഞ അഞ്ച് മൃതദേഹങ്ങളും പത്ത് മൃതദേഹ ഭാഗങ്ങളും നാലാം ദിനത്തിലെ തിരച്ചിലിൽ സംയുക്ത സേനകൾ കണ്ടെടുത്തു. ചാലിയാറിന്റെ ചുങ്കത്തറ കൈപ്പിനി, എഴുമാംപാടം, കുട്ടംകുളം, അമ്പിട്ടാംപൊട്ടി, മുണ്ടേരി വാണിയംപുഴ എന്നിവിടങ്ങളിൽ നിന്നുമാണ് സംയുക്ത സേനകളും സന്നദ്ധ സംഘടനകളും മൃതദേങ്ങൾ കണ്ടെടുത്തത്. രാവിലെ മുതൽ എൻ.ഡി.ആർ.എഫ്, നവികസേന, അഗ്നിരക്ഷാസേന, വനം, പൊലീസ് സേനകൾ, ഇ.ആർ.എഫ് എന്നിവരുടെ നേതൃത്വത്തിൽ ചാലിയാറിന്റെ വിവിധ ഭാഗങ്ങളിൽ തിരച്ചിലാരംഭിച്ചിരുന്നു. ഏഴ് മണിക്ക് സംയുക്ത സേനകൾ നാവികസേനയുടെ ചോപ്പറിൽ വയനാട്-മലപ്പുറം ജില്ലാ അതിർത്തിയായ സൂചിപ്പാറയിൽ തിരച്ചിൽ നടത്തി. പൊലീസ് സേനയുടെ ചോപ്പറും വെള്ളിയാഴ്ച തിരച്ചിലിനായി ഉപയോഗിച്ചിരുന്നു. അതിദുർഘടമായ വനമേഖലയായതിനാലാണ് ചോപ്പറുകൾ ഉപയോഗിച്ചത്. സേനകൾ അരണിപ്പുഴ, ബാലൻതണ്ട് വനമേഖലയിൽ നടത്തിയ പരിശോധനയിൽ ഒന്നും കണ്ടെത്താനായില്ല. തുടർന്നിവർ മടങ്ങുകയായിരുന്നു. മണ്ണിൽ പുതഞ്ഞ മൃതദേഹങ്ങൾ കണ്ടെത്തുന്നതിന് പ്രത്യേകം പരിശീലനം സിദ്ധിച്ച എയ്ഞ്ചലെന്ന കടാവർ നായയുമായി ഇടുക്കിയിൽ നിന്നെത്തിയ പൊലീസ് സേനാംഗങ്ങൾ മുണ്ടേരി ഇരുട്ടുകുത്തി മുതൽ മാളകം വരെയുള്ള ചാലിയാർ പുഴയുടെ തീരങ്ങളിൽ പരിശോധന നടത്തിയിരുന്നു. എന്നാൽ മൃതദേഹങ്ങളോ ഭാഗങ്ങളോ നായക്കും കണ്ടെത്താനായില്ല. വാണിയംപുഴ, കുമ്പളപ്പാറ ഭാഗങ്ങളിൽ ഡ്രോൺ ഉപയോഗിച്ചുള്ള പരിശോധനകളും വെള്ളിയാഴ്ച നടന്നു. വാണിയംപുഴ വനമേഖലയിൽ നിന്നും ഒരു മൃതദേഹവും ഒരു ശരീര ഭാഗവുമാണ് കണ്ടെത്തിയത്. അമ്പിട്ടാംപൊട്ടിയിൽ നിന്നും ഒരു കാലും, കുട്ടംകുളത്ത് നിന്നും ഒരു സ്ത്രീ ശരീരവും, മറ്റൊരു  ശരീരവുമാണ് ലഭിച്ചത്. എഴുമംപാടത്ത് നിന്നും ഒരു കുട്ടിയുടെ ശരീരമാണ് ലഭിച്ചത്. ഈ ശരീരം ബന്ധുക്കൾക്ക് പെട്ടന്ന് തിരിച്ചറിയാൻ കഴിയുമെന്ന് കണ്ടെത്തിയവർ പറഞ്ഞു. കൈപ്പിനി പാലത്തിന് താഴെ ഭാഗത്ത് നിന്നുമാണ് മറ്റൊരു മൃതദേഹം ലഭിച്ചത്. നടപടിക്രമങ്ങൾക്ക് ശേഷം മൃതദേഹങ്ങൾ നിലമ്പൂർ ജില്ലാ അശുപത്രിയിലേക്ക് മാറ്റി. ചാലിയാറിന്റെ കൂടുതൽ ഭാഗങ്ങളിൽ വെള്ളിയാഴ്ച തിരച്ചിൽ നടത്തിയിരുന്നു. ഉച്ചവരെ മഴ മാറിനിന്നത് തിരച്ചിലിന് അനകൂലഘടകമായി. ഉച്ചയോടെ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഇരുട്ടുകുത്തിയിലെത്തി രക്ഷാപ്രവർത്തനങ്ങൾ വിലയിരുത്തി. അവസാന മൃതദേഹം കണ്ടെത്തുംവരെ ചാലിയാർ പുഴയിൽ പരിശോധന തുടരുമെന്ന് മന്ത്രി അറിയിച്ചു. വൈകീട്ട് അഞ്ച് മണിയോടെ നാലാം ദിനത്തിലെ പരിശോധനകൾ നിർത്തി സംഘാംഗങ്ങളും ഉദ്യോഗസ്ഥരും മടങ്ങി. ശനിയാഴ്ചയും പരിശോധനകൾ തുടരും.



വാണിയംപുഴ വനത്തിൽ നിന്നും കണ്ടെത്തിയ മൃതദേഹം ചങ്ങാടത്തിൽ ചാലിയാറിലൂടെ ഇക്കരക്കെത്തിക്കുന്നു

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ആഗസ്റ്റ് 03 ശനി
ഗൾഫ് ചന്ദ്രിക

## തിരിച്ചറിയാത്ത ഭൗതികശരീരങ്ങൾ പൊതുശ്മശാനങ്ങളിൽ സംസ്കരിക്കും

തിരുവനന്തപുരം: മേപ്പാടി പ്രകൃതി ദുരന്തത്തിൽ മരിച്ചവരിൽ തിരിച്ചറിയാൻ സാധിക്കാത്ത ഭൗതികശരീരങ്ങൾ ജില്ലയിലെ പൊതുശ്മശാനങ്ങളിൽ സംസ്കരിക്കും. കൽപ്പറ്റ നഗരസഭ, വൈത്തിരി, മുട്ടിൽ, കണിയാമ്പറ്റ, പടിഞ്ഞാറത്തറ, തൊണ്ടർനാട്, എടവക, മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്തുകളിലാണ് സംസ്കാരത്തിനുള്ള സൗകര്യം ഒരുക്കിയത്. തിരിച്ചറിയാൻ കഴിയാത്ത 74 മൃതശരീരങ്ങളാണ് മേപ്പാടി ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സൂക്ഷിച്ചിട്ടുള്ളത്. മൃതദേഹങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്ഥാപന സെക്രട്ടറിമാർക്ക് കൈമാറി നടപടികൾ പൂർത്തിയാക്കും. മൃതശരീരങ്ങളുടെ സൂക്ഷിപ്പ്, കൈമാറ്റം, സംസ്ക്കാരം എന്നിവക്ക് രജിസ്ട്രേഷൻ വകുപ്പ് ഐ.ജി ശ്രീധന്യ സുരേഷിനെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

## മഴ തുടരും: നാല് ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: ശക്തമായ മഴക്ക് സാധ്യതയുള്ളതിനാൽ ഇന്ന് സംസ്ഥാനത്തെ നാല് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് നൽകി. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലാണ് യെല്ലോ അലർട്ടുള്ളത്. നാളെയും ഈ നാല് ജില്ലകളിൽ യെല്ലോ അലർട്ടുണ്ട്. കേരള തീരം മുതൽ തെക്കൻ ഗുജറാത്ത് തീരം വരെ ന്യൂനമർദപ്പാത്തി സ്ഥിതി ചെയ്യുന്നുണ്ട്. പശ്ചിമ ബംഗാളിനും ജാർഖണ്ഡ്നും മുകളിലായി ന്യൂനമർദ്ദം രൂപപ്പെട്ടിട്ടുണ്ട്. ഇത് അടുത്ത 24 മണിക്കൂറിനുള്ളിൽ തീവ്ര ന്യൂന മർദമായി ശക്തിപ്രാപിക്കാൻ സാധ്യതയുണ്ട്.കേരളത്തിൽ അടുത്ത രണ്ടു ദിവസം മഴ തുടരുമെന്നാണ് പ്രവചനം.കേരള ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് തടസമില്ല. എന്നാൽ കർണാടക തീരത്ത് മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് മുന്നറിയിപ്പുണ്ട്.



# പ്രതീക്ഷയറ്റ് മടക്കം



### മേജർ സീതാ അശോക് ഷിൽകെ

## ഉരുക്കു പാലത്തിലെ പെൺകരുത്ത്

കൽപ്പറ്റ: ഉരുൾപൊട്ടൽ രക്ഷാപ്രവർത്തനത്തിന് തയ്യാറാക്കിയ ബെയ്‌ലി പാലത്തിന്റെ നിർമ്മാണത്തിന്റെ മേൽനോട്ടം വഹിച്ച പട്ടാള ഉദ്യോഗസ്ഥക്ക് കയ്യടി. ദുരന്തഭൂമിയിൽ പ്രതീക്ഷയുടെ പാലം പണിത ആ പെൺകരുത്ത് മേജർ സീതാ അശോക് ഷിൽകെയാണ് വാർത്തകളിൽ നിറയുന്നത്. ബെയ്‌ലി പാലം പൂർത്തിയാക്കിയ ബംഗളൂരുവിലെ മദ്രാസ് സാപ്പേഴ്സ് എന്നറിയപ്പെടുന്ന മദ്രാസ് എൻജിനീയർ ഗ്രൂപ്പ് എൻജിനീയറാണ് സീത. സംഘത്തിലെ ഏക വനിതാ ഉദ്യോഗസ്ഥ.

മുണ്ടക്കൈയിലേക്കുള്ള ഏക മാർഗമായ പാലം തകർന്നത് രക്ഷാപ്രവർത്തനം ദുഷ്കരമാക്കിയിരുന്നു. എന്നാൽ സൈന്യം മണിക്കൂറുകൾ കൊണ്ട് പടുത്തുയർത്തിയ ബെയ്‌ലി പാലം ആശ്വാസമാവുകയായിരുന്നു. ബുധനാഴ്ച രാത്രി 9 ന് ആരംഭിച്ച് പാലം നിർമാണം കഴിഞ്ഞ ദിവസം വൈകിട്ട് വൈകിട്ട് 5.55 നാണ് അവസാനിച്ചത്. 2012 ലാസ് സീത സൈന്യത്തിന്റെ ഭാഗമായത്. മഹരാഷ്ട്രയിലെ അഹമ്മദ്നഗർ ജില്ലയിലെ ഗാഡിൽഗാവ് എന്ന ചെറിയ ഗ്രാമത്തിൽ ജനിച്ച സീത നാടിന്റെ അഭിമാനമായി മാറി. കർഷകനും അഭിഭാഷകനുമായിരുന്ന അശോക് ഭിക്കാജി ഷെൽക്കെയുടെ നാലു പെൺമക്കളിൽ രണ്ടാമത്തെ മകളായ സീത മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബിരുദധാരിയാണ്. ചെന്നൈയിലെ ഓഫീസേഴ്സ് ട്രെയിനിംഗ് അക്കാദമിയിൽ 49 ആഴ്ച നീളുന്ന പരിശീലനത്തിന് ചേർന്ന ശേഷമാണ് സൈന്യത്തിൽ നിയമനം ലഭിച്ചത്. പത്താം ക്ലാസിൽ പഠിക്കുമ്പോൾ ഒരു സൈനിക ഉദ്യോഗസ്ഥയെക്കുറിച്ച് പത്രത്തിൽ വന്ന ലേഖനം വായിച്ചതാണ് സൈന്യത്തിലേക്കുള്ള പ്രവേശനത്തിന് പ്രചോദനം.

”തുടർച്ചയായ മഴയും നിർമാണ സാമഗ്രഹികൾ എത്തിക്കാൻ നേരിട്ട ബുദ്ധിമുട്ടും മാത്രമാണ് ചെറിയ വെല്ലുവിളികൾ സൃഷ്ടിച്ചതായും ഉദ്യമം പൂർത്തിയാക്കാൻ കൂടെ നിന്ന സംസ്ഥാന സർക്കാരിനും പ്രാദേശിക ഭരണകൂടങ്ങൾക്കും നന്ദിപറയുന്നതായും സീത മാധ്യമങ്ങളോട് പറഞ്ഞു.



അച്ഛൻ വിജയപാലനും അച്ഛച്ചൻ രാമസ്വാ മിയും മരണപ്പെട്ട മിഥുനെ ആശ്വസിപ്പിക്കുന്ന മറിയാമ്മ

## ദുരന്തത്തിനുശേഷം ആദ്യ വെള്ളിയാഴ്ച മേപ്പാടി ജുമാമസ്ജിദിൽ ഹൃദയഭേദക രംഗങ്ങൾ

അഹമ്മദ് കുട്ടി ഉണ്ണികുളം
മേപ്പാടി

ചൂരൽ മലയെയും മുണ്ടക്കൈ മേഖലയെയും നാമാവശേഷമാക്കിയ പ്രകൃതി ദുരന്തം കഴിഞ്ഞ് ആദ്യ വെള്ളിയാഴ്ചയായ ഇന്നലെ മേപ്പാടി ജുമാ മസ്ജിദിൽ ഹൃദയഭേദകമായ രംഗങ്ങൾ. പല ഭാഗങ്ങളിൽ നിന്നായി ജുമാനമസ്കാരത്തിനും ഖബർ സന്ദർശനത്തിനുമായി എത്തിയ വീട്ടുകാരും ബന്ധുജനങ്ങളുമാണ് കടിച്ചിറക്കാനാകാത്ത വേദനകൾ പരസ്പരം കൈമാറിയത്. മരണമടഞ്ഞവരുടെ കുടുംബങ്ങൾ പരസ്പരം ബന്ധുക്കളാണ്. അകന്നതും അടുത്തവരുമായ ബന്ധുക്കൾ എത്തിച്ചേർന്നപ്പോൾ മസ്ജിദ് തിങ്ങി നിറഞ്ഞു. സമസ്ത നേതാക്കൾ പ്രാർത്ഥനക്കായി നേതൃത്വം നൽകാൻ മസ്ജിദിൽ എത്തിയിരുന്നു. 40 ഓളം മയ്യത്തുകളാണ് ഈ ഖബർസ്ഥാനിൽ തുടരെ തുടരെ മറവ് ചെയ്തത്. അടിയന്തര സാഹചര്യം നേരിടാൻ 50 ഖബറുകൾ കുഴിച്ചു വെച്ചതായി പള്ളി കമ്മിറ്റി പ്രസിഡണ്ടും പഞ്ചായത്ത് മുസ്ലിം ലീഗ് ട്രഷററുമായ മുഹമ്മദ്കുട്ടി ഹാജി പറഞ്ഞു.

ഇവിടേക്ക് കൊണ്ടുവന്ന 34 ഓളം മയ്യത്തുകൾ സമീപ പ്രദേശങ്ങളിലെ ഖബർസ്ഥാനുകളിലേക്ക് തിരിച്ചുവിട്ടതായും അദ്ദേഹം അറിയിച്ചു. യു.ഡി.എഫ് ഭരിക്കുന്ന മേപ്പാടി പഞ്ചായത്തിലെ തൊഴിലാളി മേഖലയാണ് സമ്പൂർണമായും തകർന്നുപോയത്. മുസ്‌ലിംലീഗിനും വിശിഷ്യാ എസ്.ടി.യു അടക്കമുള്ള പോഷക സംഘടനകൾക്കും നല്ല അടിവേരുള്ള പ്രദേശങ്ങളാണ് ഇത്. ഏലത്തോട്ടങ്ങളുടെ ഈ നാട്ടിൽ മേപ്പാടി ലീഗ് ഓഫീസ് കേന്ദ്രീകരിച്ച് ഒരുകാലത്ത് അഞ്ചോളം ഫുൾടൈം എസ്.ടി.യു നേതാക്കൾ പ്രവർത്തിച്ചിരുന്നു. എം മുഹമ്മദ് അഷ്റഫും കെ.എ മുഹമ്മദ് കുഞ്ഞിയും പി.പി.എ കരീമും തൊഴിലാളി പ്രവർത്തനങ്ങളിലൂടെ വളർന്ന് വന്ന സ്ഥലങ്ങളാണ് ഇത്.

മേപ്പാടിയിൽ വയനാട് ജില്ലാ മുസ്ലിം ലീഗ് ഒരുക്കിയ റിലീഫ് സെൽ ചടുലതയോടെ പ്രവർത്തിക്കുന്നു. മേപ്പാടി ടൗണിൽനിന്ന് ചൂരൽ മലയിലേക്ക് തിരിയുന്ന ഭാഗത്താണ് ഇത്. 24 മണിക്കൂറും ഓഫീസ് സജീവമാണ്. ഓരോ വീട്ടിലേക്കും വേണ്ട അത്യാവശ്യ സാധനങ്ങൾ കൃത്യതയോടെ അതാതിടങ്ങളിൽ വളണ്ടിയർമാർ എത്തിക്കുന്നു. വൈറ്റ് ഗാർഡ് വളണ്ടിയർമാർക്കും വനിതാവളണ്ടിയർമാർക്കും അവരുടെ നേതാക്കൾ നിർദ്ദേശം നൽകുന്നത് ഇവിടെ വെച്ചാണ്.

കൽപ്പറ്റ മണ്ഡലം മുസ്‌ലിം ലീഗ് പ്രസിഡണ്ടും തോട്ടം തൊഴിലാളി ഫെഡറേഷൻ (എസ്.ടി.യു) നേതാവുമായ ടി ഹംസയും മേപ്പാടി പഞ്ചായത്ത് മുസ്ലിംലീഗ് പ്രസിഡണ്ട്, ജനറൽ സെക്രട്ടറിമാരായ നജീബ് കാരാടനും ടി.കെ അഷ്റഫുമാണ് ചുക്കാൻപിടിക്കുന്നത്.

മേപ്പാടി പഞ്ചായത്തിലും സമീപങ്ങളിലുമായി നിരവധി വീട്ടുകാർ കനത്ത പ്രതിസന്ധി നേരിടുകയാണ്. ഭക്ഷണം, വസ്ത്രം, ഭാഗികമായോ പൂർണമായോ തകർന്ന വീടുകളുടെ അറ്റകുറ്റപ്പണി, അങ്ങനെ പ്രശ്നങ്ങൾ എല്ലാവർക്കുമുണ്ട്. സംഘടനകളുടെ റിലീഫ് സെല്ലുകൾ ഇത്തരക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് മുൻഗണന നൽകുന്നത്. ഇപ്പോൾ സർക്കാർ ക്യാമ്പുകളിൽ താമസിക്കുന്നവർക്ക് വീടുകളിലേക്ക് മടങ്ങി പോകേണ്ടതുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസം എല്ലാവരെയും അലട്ടുന്നതായി പലരും പറഞ്ഞു. ഇതിനുള്ള സംവിധാനങ്ങളൊക്കെ താറുമാറായിരിക്കുകയാണ്. ബന്ധുക്കളുടെ മരണത്തിന്റെ ദുഃഖവും ദുരന്തത്തിന്റെ ആഘാതവും പലരെയും സാധാരണ നിലയിലേക്ക് തിരികെ എത്തിച്ചിട്ടില്ല.

ആശുപത്രികളിൽ കിടക്കുന്നവരിൽ ഇവരുടെ ധാരാളം ബന്ധുക്കളുണ്ട്. അവർക്ക് കൈത്താങ്ങായി പോകാനും പലരും തിടുക്കം കാണിക്കുന്നു. ദുരന്തത്തിന്റെ അസ്വസ്ഥതകൾ പിന്തുടരുന്ന ഗുരുതര സ്ഥിതിവിശേഷമാണ് ഇപ്പോഴും നിലനിൽക്കുന്നത്.

# രണ്ട് വർഷത്തിനിപ്പുറം നെഞ്ചിടിപ്പകലാതെ പേരാവൂർ

ഫൈസൽ മാടായി
കണ്ണൂർ

കുന്നും മലകളും ഉൾപ്പെടെ ഇടിച്ച് നിരപ്പാക്കി പരിസ്ഥിതിക്ക് മുറിവേൽപ്പിക്കുമ്പോഴുണ്ടാകുന്ന അനന്തര ഫലമാണ് ഓരോ ദുരന്തവും. വയനാട് ദുരന്തത്തിന്റെ ഞെട്ടലിൽ ഇന്നും ഭീതിയകലാതെ നിലകൊള്ളുന്ന താഴ്‌വാരമുണ്ട് കണ്ണൂരിലെ പേരാവൂരിൽ.

രണ്ട് വർഷം മുമ്പാണ് പേരാവൂരിനെ നടുക്കി ഉരുൾപൊട്ടിയത്. ആഗസ്റ്റ് ഒന്നിനുണ്ടായ ഉരുൾപൊട്ടലിൽ ജീവൻ നഷ്ടമായത് ഒരു കുഞ്ഞുൾപ്പെടെ രണ്ട് പേർക്കാണ്. വയനാട് ദുരന്തത്തിന് സമാനമായി പേരാവൂരിലും അന്നത്തെ രാത്രി പുലർന്നത് ഏറെ ഞെട്ടലോടെയാണ്. രണ്ട് വർഷങ്ങൾക്കിപ്പുറവും അന്നത്തെ ആ ഭീതിയുണർത്തും ഓർമയിലാണ് പേരാവൂർ, കണിച്ചാർ നിവാസികളുടെ ജീവിതം.

കണിച്ചാർ പഞ്ചായത്തിലെ മൂന്നാം വാർഡിലും കോളയാട്ടെ ഒരു വാർഡും പേരാവൂരിലെ രണ്ടാം വാർഡുകളും ഉൾപ്പെടുന്ന താഴ്‌വാരത്ത് രണ്ടായിരത്തിലധികം കുടുംബങ്ങളാണ് താമസിക്കുന്നത്. വയനാട് ജില്ലയുമായി അതിർത്തി പങ്കിടുന്ന പേര്യ ചുരവും കണിച്ചാർ പഞ്ചായത്തിലെ സെമിനാരിവില്ല എസ്റ്റേറ്റ് ഭൂമിയിലും രൂപപ്പെട്ട വിള്ളൽ ഇവരെ ആശങ്കയിലാഴ്ത്തുന്നുണ്ട്. കണ്ണൂർ-വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന പ്രധാന റോഡാണ് നിടുംപൊയിൽ-പേര്യ ചുരം റോഡ് .ചുരത്തിലെ ഏറ്റവും മുകളിൽ വരുന്ന നാലാംവളവിലെ റോഡിൽ മുഴുവൻ വിള്ളൽവീണ് ഗർത്തങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. ഇതുവഴി ഗതാഗതം പൂർണമായും നിരോധിച്ചെങ്കിലും കഴിഞ്ഞ ദിവസങ്ങളിലുണ്ടായ കനത്തമഴയിൽ ആശങ്കയിലായിരുന്നു ഈ താഴ്‌വാരത്തെ കുടുംബങ്ങൾ. 29-ാം മൈലിലെ നാലാമത്തെ ഹെയർപിൻ വളവിൽ വരുന്ന റോഡാണ് പൊട്ടിത്തകർന്നത്. പത്ത് മീറ്ററിലധികം മണ്ണിട്ട് ഉയർത്തി നിർമിച്ച റോഡിന്റെ അടിഭാഗത്ത് സോയിൽ പൈപ്പിംഗ് പ്രതിഭാസത്തിലൂടെ മണ്ണ് നീങ്ങിയതാണ് വിള്ളലിന് കാരണമെന്ന് കരുതുന്നു. 2022ലെ ഉരുൾപൊട്ടലിൽ ചുരം റോഡിന്റെ നിരവധി ഭാഗങ്ങൾ മലവെള്ളത്തിൽ പൊട്ടിപ്പിളർന്നിരുന്നു. ഈ ഭാഗങ്ങളിലെ 80 ശതമാനം റോഡുകളും നവീകരിച്ചെങ്കിലും ആശ്വാസകരമല്ല കാര്യങ്ങൾ. ഇപ്പോൾ പേര്യ ചുരത്തിൽ അപകടകരമായ വിള്ളലുകളാണ് രൂപപ്പെട്ടത്. 40 മീറ്ററിലധികം നീളത്തിൽ റോഡ് താഴ്ന്നിട്ടുമുണ്ട്. റോഡിന്റെ വശത്തെ സംരക്ഷണ ഭിത്തിയുൾപ്പെടെ താഴ്ന്നിരിക്കുകയാണ്. വിള്ളൽ വീണ ഭാഗത്തെ റോഡ് അമ്പത് മീറ്ററോളം നീളത്തിൽ വീണ്ടും മണ്ണിട്ട് പുനർനിർമിക്കേണ്ടി വരും. കണ്ണവം വനത്തിൽ വലിയ മലയുടെ ഇടയിൽ നിർമിച്ച ഈ റോഡിലും പല ഭാഗങ്ങളിലും വിള്ളൽ രൂപപ്പെട്ടതോടെ മലയിടിച്ചിൽ ഭീതിയിലാണ് പ്രദേശവാസികൾ. കഴിഞ്ഞ തവണ ചെറുതും വലുതുമായ 32 ഉരുൾപൊട്ടലുകളാണ് പ്രദേശത്തുണ്ടായത്. കണിച്ചാർ, പേരാവൂർ പഞ്ചായത്തിലൂടെ ഒഴുകുന്ന കാഞ്ഞിരപ്പുഴ തുടങ്ങുന്നത് ഈ മലയിൽ നിന്നായതിനാലും ദുരന്തഭീതി ഉയർത്തുന്നുണ്ട്.



2022ൽ പേരാവൂരിൽ ഉരുൾപൊട്ടലുണ്ടായ താഴ്‌വാരം(ഫയൽ)



തകർന്നടിഞ്ഞ പേര്യ ചുരം റോഡ്

## കാദർ കമ്മിറ്റി റിപ്പോർട്ട് പുനഃപരിശോധിക്കണം: എസ്.വൈ.എസ്

പുക്കിപ്പറമ്പ് : സംസ്ഥാന മന്ത്രിസഭ അംഗീകരിച്ച കാദർ കമ്മിറ്റി റിപ്പോർട്ട് പുനഃപരിശോധിക്കണമെന്ന് എസ്.വൈ.എസ് മലപ്പുറം വെസ്റ്റ് ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു.വിദ്യാർഥികളുടെ മത വിദ്യാഭ്യാസത്തിന് ദോഷകരമായി ബാധിക്കുന്നതാണ് റിപ്പോർട്ടിലെ നിർദേശം. മത വിദ്യാഭ്യാസം നൽകുന്ന മദ്രസാ സമയത്ത് സ്കൂൾ ആരംഭിക്കുന്നത് വിദ്യാർഥികളുടെ മതപഠനാവസരം നഷ്ടപ്പെടുത്തുന്നതാണ്. റിപ്പോർട്ടിലെ പ്രതിലോമ നിർദേശങ്ങൾ പുന:പരിശോധിക്കണം.

നൂറ്റാണ്ടുകളായി കേരള മുസ്ലിം സമൂഹം ധാർമിക മൂല്യങ്ങൾ സ്വായത്തമാക്കുന്ന മദ്രസാ സംവിധാനം വ്യവസ്ഥാപിതവും ശാസ്ത്രീയവുമായി നടന്നു വരികയാണ്. ചിട്ടയായി മദ്രസാ പഠനം നടത്തിയവരിലാണ് താരതമ്യേന കുറ്റകൃത്യങ്ങൾ കുറവായി കാണുന്നത്. ശരിയായ മത വിജ്ഞാനം നേടാത്തവരിൽ ഇസ്‌ലാം അംഗീകരിക്കാത്ത തീവ്ര ആശയങ്ങളും വികലമായ വിശ്വാസങ്ങളും ഒറ്റപ്പെട്ടതാണെങ്കിലും കണ്ടുവരുന്നുണ്ട്.

സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡിന് കീഴിൽ പതിനൊന്നായിരത്തോളം മദ്രസകൾ വ്യവസ്ഥാപിതമായി നടന്നു വരുന്നുണ്ട്. ഇവിടെ പഠിക്കുന്ന വിദ്യാർഥികൾക്ക് ഭൗതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി പഠിക്കുന്നതിനും അവയിൽ ഉന്നതി പ്രാപിക്കാനുമുള്ള അവസരം ലഭിക്കുന്നുണ്ട്. മദ്രസാ പഠനത്തോടൊപ്പം എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി, ബിരുദ പഠനങ്ങളിൽ മികച്ച വിജയം നേടുന്ന സാഹചര്യമാണ് നിലവിലുള്ളത്. കാദർ കമ്മിറ്റി റിപ്പോർട്ടിലെ പ്രതിലോമ നിർദേശം മദ്രസാ സംവിധാനത്തെ തകർക്കാനുള്ള നീക്കമാണെന്നും അത് പുനഃപരിശോധിക്കണമെന്നും എസ്.വൈ.എസ് മലപ്പുറം വെസ്റ്റ് ജില്ലാ പ്രസിഡന്റ് സി.എച്ച് ത്വയ്യിബ് ഫൈസി, ജനറൽ സെക്രട്ടരി സയ്യിദ് കെ.കെ.എസ് തങ്ങൾ, ട്രഷറർ കാടാമ്പുഴ മൂസ ഹാജി ആവശ്യപ്പെട്ടു.

# കേരള വാർത്തകൾ

## അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ സാഹിത്യ വിഭാഗം പ്രബന്ധ മത്സരം സംഘടിപ്പിക്കും

അബുദാബി: ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ സാഹിത്യ വിഭാഗം പ്രബന്ധ മത്സരം സംഘടിപ്പിക്കുന്നു. ഇന്ത്യൻ സ്വാതന്ത്ര്യദിനാഘോഷത്തോട് അനുബന്ധിച്ച് 'രാഷ്ട്രബോധവും ദേശസ്നേഹവും പുതുതലമുറയിൽ' എന്ന വിഷയത്തിലാണ് യുഎഇ തല മലയാള പ്രബന്ധ മത്സരം സംഘടിപ്പിക്കുന്നത്. അഞ്ചു പേജിൽ കവിയാത്ത രചനകൾ jafarppktd@gmail.com എന്ന ഇ മെയിൽ വിലാസത്തിൽ ആഗസ്റ്റ് 14ന് (UAE ടൈം 10 pmന് മുമ്പ്) ലഭിക്കത്തക്ക വിധമാണ് അയക്കേണ്ടത്. മികച്ച മൂന്ന് രചനകൾക്ക് IIC അക്ഷര ക്ലബ് അവാർഡ് നൽകി ആദരിക്കും. കൂടുതൽ വിവരങ്ങൾക്ക് 0567730756, 0501385165 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## എസ്.വൈ.എസ് ജില്ലാ സമ്മേളന പ്രഖ്യാപനം നാളെ

മലപ്പുറം: സുന്നി യുവജന സംഘം 70- ാം ആണ്ടിന്റെ കർമ്മമണ്ഡലങ്ങളെ ആഘോഷമാക്കുന്ന എസ്.വൈ.എസ്ഌ70 ന്റെ ഭാഗമായി മലപ്പുറം ഈസ്റ്റ് ജില്ലാ കമ്മിറ്റി ജില്ലാ സമ്മേളനം നടത്താൻ തീരുമാനിച്ചു. ജില്ലാ സമ്മേളന പ്രഖ്യാപനത്തിനായി നാളെ വൈകുന്നേരം മൂന്നുമണിക്ക് മലപ്പുറം സുന്നി മഹലിൽ പ്രഖ്യാപന സദസ്സ് ഒരുക്കും. സമസ്ത നേതാക്കളും സുന്നി യുവജന സംഘം ജില്ലാ പ്രവർത്തക സമിതി, മണ്ഡലം ഭാരവാഹികൾ എന്നിവർ ഉൾക്കൊള്ളുന്ന എക്സിക്യൂട്ടീവ് അംഗങ്ങളുമടങ്ങുന്ന സദസ്സിൽ പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ പ്രഖ്യാപനം നടത്തും. സമസ്ത ജില്ലാ പ്രസിഡന്റ് എം.ടി അബ്ദുല്ല മുസ്‌ലിയാർ സദസ്സ് ഉദ്ഘാടനം ചെയ്യും.



ഡോക്ടറേറ്റ് നേടിയ സമസ്ത കേന്ദ്ര മുശാവറ അംഗം ആദൃശേരി ഹംസക്കുട്ടി മുസ്‌ലിയാരെ അബുദാബി സുന്നി സെന്റർ കേരള ഘടകം ആദരിക്കുന്നു

## ആദൃശേരി ഹംസക്കുട്ടി മുസ്‌ലിയാർക്ക് ആദരവും പ്രാർത്ഥനാ സംഗമവും

തിരൂർ: മുഹമ്മദ് നബിയുടെ ചികിത്സാരീതികൾ ഉൾപ്പെടുത്തി ഥിബ്ബ് നബി എന്ന വിഷയത്തിൽ തമിഴ്നാട് ഇന്റർനാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ സമസ്ത കേന്ദ്ര മുശാവറ അംഗം ആദൃശേരി ഹംസക്കുട്ടി മുസ്‌ലിയാരെ അബുദാബി സുന്നി സെന്റർ കേരള ഘടകം ആദരിച്ചു. പ്രകൃതിദുരന്തത്തിൽ വയനാട്ടിൽ ദുരിതമനുഭവിക്കുകയും മരണപ്പെടുകയും ചെയ്തവർക്കു വേണ്ടിയുള്ള പ്രാർത്ഥനാ സംഗമം നടത്തി. തിരൂർ കോംപ്ലക്സ് ഓഡിറ്റോറിയത്തിൽ ഉസ്താദ് മമ്മിക്കുട്ടി മുസ്‌ലിയാർ പല്ലാർ ഉദ്ഘാടനം ചെയ്തു. ഡോ. അബ്ദുറഹ്മാൻ മൗലവി ഒളവട്ടൂർ അധ്യക്ഷനായി. അബ്ദുൽ അസീസ് ഫൈസി അരിപ്ര, കെ.വി ഹംസ മുസ്‌ലിയാർ, പല്ലാർ മുഹമ്മദ്കുട്ടി മുസ്‌ലിയാർ, അബ്ദുല്ല നദ്‌വി അബുദാബി, യൂസഫ് ഹാജി വേങ്ങര, കെ.ടി അബ്ദുല്ല മുസ്‌ലിയാർ ചെരക്കാപ്പറമ്പ്, കുഞ്ഞുമോൻ ഹാജി പുത്തംപള്ളി, തറയിൽ മുഹമ്മദലി ഹാജി പഴമള്ളൂർ, കെ. യുസുഫ് ദാരിമി ആലിപ്പറമ്പ്, കെ.എസ്.എം ബഷീർ ഹാജി തൃപ്രയാർ പ്രസംഗിച്ചു. ഡോക്ടറേറ്റ് നേടിയ ഹംസക്കുട്ടി മുസ്‌ലിയാരെ പൊന്നാടയും മൊമന്റോയും നൽകി ആദരിച്ചു. തുടർന്ന് നടന്ന പ്രാർത്ഥനാ സദസ്സിന് ഹംസക്കുട്ടി മുസ്‌ലിയാർ നേതൃത്വം നൽകി.

## തിരുന്നാവായയിൽ പൂർണ സുരക്ഷയിൽ ബലിതർപ്പണം ഇന്ന്

തിരുന്നാവായ: പുഴ നിറഞ്ഞു ഒഴുകുന്നതിനാൽ പൂർണ സുരക്ഷാ ക്രമീകരണങ്ങളോടെ തിരുന്നാവായയിലെ കർക്കടക വാവ് ബലിതർപ്പണം ഇന്ന് നടക്കും. നവാമുകുന്ദ ക്ഷേത്രത്തിൽ നടക്കുന്ന ചടങ്ങുകൾ 16 കർമ്മികളുടെ നേതൃത്വത്തിൽ പുലർച്ചെ രണ്ടിന് ബലികർമ്മങ്ങൾ തുടങ്ങും. ഇന്നലെ വൈകീട്ട് മുതൽ തന്നെ ഗാന്ധി സ്മാരക പരിസരത്തും കടവ് പരിസരത്തും സ്പെഷൽ ബലി രശീതി കൗണ്ടറുകൾ പ്രവർത്തിച്ചു തുടങ്ങി. രശീതി വാങ്ങി പടിഞ്ഞാറെ നടയിലുടെ വന്ന് ബലികർമ്മവും ക്ഷേത്ര ദർശനവും കഴിഞ്ഞ് വടക്കെ നടയിലൂടെ തിരിച്ചു പോകേണ്ട രീതിയിലാണ് ചടങ്ങുകൾ ക്രമീകരിച്ചിരിക്കുന്നത്.

മഴയും വെയിലും കൊള്ളാതെ ബലികർമ്മങ്ങൾ നടത്താൻ ക്ഷേത്രത്തിനു ചുറ്റും വടക്ക്-പടിഞ്ഞാറ് നടകളിലും നടപ്പന്തൽ ഉണ്ടായിരിക്കും. പുഴയിലെ ജലനിരപ്പ് ഉയർന്ന് ബലിതർപ്പണ പടവുകൾ ഏറെയും വെള്ളത്തിനടിയിലാണ്. അതിനാൽ പരിമിത സൗകര്യം മാത്രമേയുള്ളൂ. ക്ഷേത്രക്കടവ് കൂടാതെ താഴത്തറ, തിരുന്നാവായ, ബന്ദർ കടവുകളിലും ബലിയിടാൻ ആളുകൾ ഉണ്ടാകുമെന്നാണ് കണക്കുകൂട്ടൽ. സുരക്ഷക്കായി പൊലീസ്, ഫയർഫോഴ്സ്, സുരക്ഷാ തോണി, മുങ്ങൽ വിദഗ്ധർ എന്നിവരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്.

## കേരളം മുന്നറിയിപ്പ് അവഗണിച്ചെന്ന വാദം
## അമിത് ഷായ്ക്കെതിരെ അവകാശലംഘനത്തിന് നോട്ടീസ്

ന്യൂഡൽഹി: വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് കേരളം കാലാവസ്ഥ മുന്നറിയിപ്പുകൾ അവഗണിച്ചെന്ന് രാജ്യസഭയിൽ ആഭ്യന്തര മന്ത്രി അമിത് ഷാ നടത്തിയ പ്രസ്താവനയ്ക്കെതിരെ അവകാശ ലംഘനത്തിന് നോട്ടീസ് നൽകി കോൺഗ്രസ്. കോൺഗ്രസ് വക്താവും രാജ്യസഭാ എംപിയുമായ ജയ്റാം രമേശാണ് അമിത് ഷായ്ക്കെതിരെ അവകാശലംഘന നോട്ടീസ് നൽകിയിരിക്കുന്നത്. കേന്ദ്ര സർക്കാർ മുൻകൂട്ടി മുന്നറിയിപ്പ് നൽകിയെന്ന അവകാശവാദം തെറ്റാണെന്ന് തെളിഞ്ഞതോടെ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ സഭയെ തെറ്റിദ്ധരിപ്പിച്ചെന്ന് വ്യക്തമായി. ഒരു മന്ത്രിയോ അംഗമോ സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് പദവിയുടെ ലംഘനവും സഭയെ അവഹേളിക്കുന്നതുമാണ്- ജയ്റാം രമേശ് നോട്ടീസിൽ വ്യക്തമാക്കി.

കനത്ത മഴകാരണമുള്ള പ്രകൃതിക്ഷോഭ സാധ്യത സംബന്ധിച്ച് കേരളത്തിന് ഏഴു ദിവസം മുൻപേ മുന്നറിയിപ്പ് നൽകിയിരുന്നെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ കഴിഞ്ഞ ദിവസം രാജ്യസഭയിൽ പറഞ്ഞിരുന്നു. കേരളം മുന്നറിയിപ്പുകൾ അവഗണിച്ചുവെന്നും അദ്ദേഹം പറഞ്ഞിരുന്നു. ഇത് വസ്തുതാവിരുദ്ധമാണെന്ന് മുഖ്യമന്ത്രി പറഞ്ഞിരുന്നു. കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വകുപ്പ് റെഡ് അലർട്ട് മുന്നറിയിപ്പ് നൽകിയത് അപകടം നടന്ന ദിവസമായ ജൂലായ് 30ന് രാവിലെയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞിരുന്നു. വയനാട്ടിൽ റെഡ് അലർട്ട് നൽകിയത് ഉരുൾപൊട്ടൽ ദുരന്തം വിതച്ച ജൂലൈ 30ന് അതിരാവിലെയാണെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് (ഐ.എം.ഡി) മേധാവി മൃത്യുഞ്ജയ് മൊഹാപത്രയും കഴിഞ്ഞ ദിവസം സ്ഥിരീകരിച്ചിരുന്നു. അമിത് ഷായുടെ പ്രസ്താവനയ്ക്കെതിരെ രാജ്യസഭയിൽ പ്രതിപക്ഷ പാർട്ടി എം.പിമാർ കഴിഞ്ഞ ദിവസം അവകാശ ലംഘനത്തിന് നോട്ടീസ് നൽകിയിരുന്നു. ഇതിന് പിന്നാലെയാണ് കോൺഗ്രസും കേന്ദ്ര ആഭ്യന്തര മന്ത്രിക്കെതിരെ അവകാശ ലംഘന നോട്ടീസ് നൽകിയിരിക്കുന്നത്.

## ഡിസ്റ്റൻസ് എജുക്കേഷൻ പുനഃസ്ഥാപിക്കാൻ ആറിന് കാലിക്കറ്റ് വാഴ്സിറ്റിയിലേക്ക് മാർച്ച്

തേഞ്ഞിപ്പലം: സർക്കാരിന്റെ ധാർഷ്ട്യത്തിനെതിരെയും ഇടതു സിൻഡിക്കേറ്റംഗങ്ങളുടെ രാഷ്ട്രീയ നാടകത്തിനെതിരെയും താക്കീത് നൽകിക്കൊണ്ട് ഈ മാസം ആറാം തിയ്യതി സർവകലാശാലയിലേക്ക് ബഹുജന മാർച്ച് സംഘടിപ്പിക്കുന്നു. കാലിക്കറ്റ് വാഴ്സിറ്റിക്കു കീഴിലെ ഡിസ്റ്റൻസ് എജുക്കേഷൻ വഴിയുള്ള കോഴ്സുകളിലെ പ്രവേശനം പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് കാലിക്കറ്റ് സർവകലാശാല സിൻഡിക്കേറ്റിലേക്ക് ഈ മാസം ആറിന് മാർച്ച് നടത്താൻ മലബാർ ഉന്നത വിദ്യാഭ്യാസ സംരക്ഷണ സമിതി തീരുമാനിച്ചതായി നേതാക്കൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റിലെ 47 (2), 72 വകുപ്പുകൾ റദ്ദാക്കുക; കേരളത്തിലെ മുഴുവൻ യൂണിവേഴ്സിറ്റികളിലും വിദൂര വിദ്യാഭ്യാസ കോഴ്സുകൾ പുനഃസ്ഥാപിക്കുക; കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയെ രക്ഷിക്കുക എന്നീ ആവശ്യങ്ങളുന്നയിച്ചാണ് സംഘടനകൾ സമരത്തിനൊരുങ്ങുന്നത്.

കണ്ണൂർ, എം.ജി വാഴ്സിറ്റികൾക്കു കീഴിൽ പ്രൈവറ്റ് രജിസ്ട്രേഷനും കേരളയിൽ വിദൂര വിദ്യാഭ്യാസ വിഭാഗം വഴിയും പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയും കോഴ്സുകളിലെ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടെങ്കിലും കാലിക്കറ്റിൽ മാത്രം ഇതൊന്നുമില്ല.

കാലിക്കറ്റ് വാഴ്സിറ്റിയുടെ പരിധിയിൽ വരുന്ന ജില്ലകളിൽ നിന്ന് 1,60,000 വിദ്യാർഥികളാണ് ഈ വർഷം പ്ലസ് ടു പാസ്സായത്.

ഇതിൽ 91000 വിദ്യാർഥികൾ അഫിലിയേറ്റഡ് കോളജുകളിൽ യു.ജി. പ്രവേശനത്തിന് അപേക്ഷ നൽകിയെങ്കിലും 33000 -ത്തിൽ താഴെ വിദ്യാർഥികൾക്കാണ് സർക്കാർ, എയ്ഡഡ് കോളജുകളിലെ മെറിറ്റ് സീറ്റുകളിൽ പ്രവേശനം നേടാൻ കഴിഞ്ഞത്. 70 ശതമാനം സീറ്റുകളും സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലായതിനാൽ നിർധന വിദ്യാർഥികൾക്ക് ഉപരിപഠനത്തിന് അവസരം നഷ്ടപ്പെടുകയാണ്. 2021 വരെ അരലക്ഷത്തോളം വിദ്യാർഥികൾ പ്രതിവർഷം കാലിക്കറ്റിന്റെ വിദൂര വിദ്യാഭ്യാസ വിഭാഗം വഴി യു.ജി., പി.ജി. കോഴ്സുകളിൽ പ്രവേശനം നേടിയിരുന്നു. 2013 മുതൽ 2022 വരെയുള്ള 10 വർഷം കൊണ്ട് 168 കോടി രൂപ വരുമാനമായി യൂണിവേഴ്സിറ്റിക്ക് ലഭിക്കുകയും ചെയ്തു. കേരളത്തിൽ ഓപ്പൺ സർവകലാശാല തുടങ്ങിയതോടെ സർവകലാശാലകൾക്ക് കീഴിലെ ഇതുവരെ വിദ്യാഭ്യാസ വിഭാഗം നിർത്തിയ രീതിയിൽ മറ്റു സംസ്ഥാനങ്ങളിൽ ഒന്നും ഇത്തരത്തിൽ വിലക്കേർപ്പെടുത്തിയിട്ടില്ല.

യു.ജി.സി ഇത്തരമൊരു നിബന്ധന പുറപ്പെടുവിച്ചിട്ടില്ല. വിദ്യാർഥികൾക്ക് ഇഷ്ടപ്പെട്ട കോഴ്സ് തിരഞ്ഞെടുത്ത് പഠിക്കുന്നതിനുള്ള സ്വാതന്ത്ര്യമാണ് സർക്കാർ നിഷേധിക്കുന്നത്. വിദ്യാർഥികളെ 2 തട്ടാക്കി തിരിക്കുന്ന തരത്തിൽ റഗുലർ വിദ്യാർഥികൾക്ക് ഒരു സർട്ടിഫിക്കറ്റും ഓപ്പൺ സർവകലാശാലകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് മറ്റൊരു സർട്ടിഫിക്കറ്റുമാണ് നൽകുന്നത്.

മാത്രമല്ല മറ്റു യൂണിവേഴ്സിറ്റികളിലെ നിലവിലുള്ള ഫീസിന്റെ മൂന്നും നാലും മടങ്ങാണ് ഓപ്പൺ യൂണിവേഴ്സിറ്റി ഈടാക്കുന്നത്. 2021ൽ ആരംഭിച്ച 5400 കുട്ടികൾ മാത്രം പ്രവേശനം നേടിയ ആദ്യബാച്ച് അഞ്ചാം സെമസ്റ്ററിൽ എത്തേണ്ടതാണ്. എന്നാൽ മൂന്നാം സെമസ്റ്ററിന്റെ പരീക്ഷ ഇപ്പോൾ നടക്കുന്നതേയുള്ളു. ഈ അധ്യയന വർഷത്തിൽ നാല് സെമസ്റ്ററുകളുടെ പാഠഭാഗങ്ങൾ പഠിച്ച് എങ്ങനെ പരീക്ഷയെഴുതും എന്ന ചോദ്യമാണ് വിദ്യാർഥികൾ ഉയർത്തുന്നത്. അതുകൊണ്ട് തന്നെ കോഴ്സ് ഉപേക്ഷിച്ച് മറ്റു യൂണിവേഴ്സിറ്റികളിൽ പഠനം തുടരാൻ കുട്ടികൾ ആഗ്രഹിക്കുകയാണ്.

വിവിധ സമുദായങ്ങളുടെ മതപഠന സ്ഥാപനങ്ങളിലെ ആയിരക്കണക്കിന് വിദ്യാർഥികൾ വർഷങ്ങളായി കാലിക്കറ്റ് ഉൾപ്പെടെ വിവിധ സർവകലാശാലകൾക്കു കീഴിലെ വിദൂര വിദ്യാഭ്യാസ വിഭാഗത്തെയാണ് ഡിഗ്രി, പി.ജി പഠനങ്ങൾക്കായി ആശ്രയിച്ചിരുന്നത് കാലിക്കറ്റിലെ വിദൂര വിദ്യാഭ്യാസ വിഭാഗത്തിന് കീഴിലെ പ്രവേശനം നിർത്തലാക്കിയത് കൂടി ഇത്തരത്തിലുള്ള ആയിരങ്ങളുടെ പഠനാവസരം കൂടിയാണ് സർക്കാർ നിഷേധിക്കപ്പെടുന്നത്.

നിയമസഭയിൽ വിദൂരവിദ്യാഭ്യാസം പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷ എം.എൽ.എമാർ രംഗത്തുവന്നിട്ടും മുഖ്യമന്ത്രിയുടെ പിടിവാശിയാണ് ഈ കാര്യത്തിൽ തീരുമാനമാകാത്തതെന്നാണ് ആരോപണം. വാർത്ത സമ്മേളനത്തിൽ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോക്ടർ റഷീദ് അഹമ്മദ്, പി.പി ഹംസ, സെനറ്റ് അംഗം വി.കെ.എം ഷാഫി, എ. പ്രഭാകരൻ, സി. അബ്ദുറഹിമാൻകുട്ടി, അഡ്വ. കെ.കെ. സൈതലവി പങ്കെടുത്തു.



പട്ടിക്കാട് ജാമിഅഃ നൂരിയ്യ ജാമിഅ തിയോഫെസ്റ്റ് 24 പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു

## 'ആമന്നാ'അഖീദ തിയോഫെസ്റ്റ് 24ന് ജാമിഅയിൽ തുടക്കം

ഫൈസാബാദ്: പട്ടിക്കാട് ജാമിഅഃ നൂരിയ്യ അറബിയ്യ അഖീദ ഡിപ്പാർട്ട്മെന്റ് 'ആമന്നാ' എന്ന നാമധേയത്തിൽ സംഘടിപ്പിക്കുന്ന ജാമിഅ തിയോഫെസ്റ്റ് 24 പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. 'ചിലത് തിരുത്താനും തുരത്താനും' എന്ന പ്രമേയത്തെ ആധാരമാക്കി സംഘടിപ്പിക്കപ്പെടുന്ന തിയോഫെസ്റ്റിൽ യുക്തിവാദവും ലിബറലിസവും കമ്മ്യൂണിസവും പ്രധാന ചർച്ചാ വിഷയങ്ങളാകും.

നിരീശ്വര യുക്തിവാദ സ്വതന്ത്ര ചിന്തകൾ വലിയ തോതിൽ വ്യാപിച്ചു വരുന്ന കാലത്ത് ദീർഘ ദൃക്കോടെ പ്രവർത്തിക്കുകയും ധാർമികബോധമുള്ള സമൂഹത്തിന്റെ സംസ്ഥാപനത്തിനായി ഭഗീരഥ പ്രയത്നം നടത്തണമെന്നും ഹമീദലി ശിഹാബ് തങ്ങൾ വിദ്യാർഥികളോട് പറഞ്ഞു. ഒ.ടി മുസ്തഫ ഫൈസി അധ്യക്ഷനായി. സി. ഹംസ 'യുക്തിവാദവും ഇസ്‌ലാമിക ജ്ഞാനശാസ്ത്രവും' എന്ന വിഷയത്തെ അധികരിച്ച് സംസാരിച്ചു.

ജാമിഅ അഖീദ ഡിപ്പാർട്ട്മെന്റ് അലുംനി രൂപീകരിക്കുകയും ഡിപ്പാർട്ട്മെന്റ് ലോഗോ പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ സി. ഹംസക്ക് നൽകി പ്രകാശന കർമം നിർവഹിക്കുകയും ചെയ്തു. ഹംസ ഹൈതമി നെല്ലൂർ, ഉസ്താദ് സലാം ഫൈസി ഒളവട്ടൂർ, ളിയാഉദ്ദീൻ ഫൈസി മേൽമുറി, ഉമർ ഫൈസി മുടിക്കോട്,മുഹമ്മദലി ശിഹാബ് ഫൈസി കൂമണ്ണ പങ്കെടുത്തു.

## ദുരന്ത ഭൂമിയിലേക്ക് അവശ്യസാധനങ്ങൾ എത്തിച്ച് ലഹരി നിർമ്മാർജന സമിതി

മലപ്പുറം: ലഹരി നിർമാർജന സമിതി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ദുരന്തഭൂമിയിലേക്ക് ഒരു ലോഡ് ആവശ്യസാധനങ്ങളെത്തിച്ചു. അജ്ഫാൻ ഗ്രൂപ്പിന്റെ സഹകരണത്തോടെ ഭക്ഷണം, വസ്ത്രം, നമസ്കാര കുപ്പായം, മയ്യിത്ത് പുടവ, തുടങ്ങിയവയാണ് എത്തിച്ചു നൽകിയത്. എത്തിച്ച സാധനങ്ങളുടെ സുതാര്യമായ വിതരണത്തിന് വേണ്ടി വയനാട് ജില്ലാ മുസ്‌ലിം ലീഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന റിലീഫ് സെല്ലിന് കൈമാറി. ലഹരി നിർമാർജന സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഒ.കെ കുഞ്ഞിക്കോമു മാസ്റ്റർ, ജില്ലാ പ്രസിഡന്റ് സയ്യിദ് ഫസൽ ജിഫ്രി തങ്ങൾ, ജില്ലാ ജനറൽ സെക്രട്ടറി അസീസ് പഞ്ചിളി, അജ്ഫാൻ ഗ്രൂപ്പ് മാനേജർമാരായ ഫൈസൽ, അബ്ദുൽ ബാരി നേതൃത്വം നൽകി.



ലഹരി നിർമാർജന സമിതി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ വയനാട് ദുരന്തഭൂമിയിലേക്ക് അവശ്യസാധനങ്ങൾ കയറ്റി അയക്കുന്നു

## ക്യാമ്പുകളിൽ കഴിയുന്നവർക്ക് പണം പിൻവലിക്കാൻ എസ്.ബി.ഐയുടെ പ്രത്യേക സൗകര്യം

കോഴിക്കോട്: മേപ്പാടിയിലെ ചൂരൽമല, മുണ്ടക്കൈ, വെള്ളാർമല ഭാഗങ്ങളിലുണ്ടായ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രത്യേക പണം പിൻവലിക്കൽ സൗകര്യമൊരുക്കാൻ എസ്.ബി.ഐ. ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് അത്യാവശ്യ ഉപയോഗങ്ങൾക്കായി ബാങ്കിലെ പണം പിൻവലിക്കുന്നതിനായി എസ്.ബി.ഐ കോഴിക്കോട് റീജിയൻ-3 ആധാർ അധിഷ്ഠിതമായുള്ള സൗകര്യമാണ് ഒരുക്കുന്നത്.

## ദുരന്തഭൂമിയിലെ അനാഥകളുടെ സംരക്ഷണ സന്നദ്ധത അറിയിച്ച് അധ്യാപകൻ

അരീക്കോട്: വയനാട് ദുരന്തത്തിൽപെട്ട് അനാഥരായ രണ്ട് കുട്ടികളുടെ സംരക്ഷണം ഏറ്റെടുത്ത് റിട്ട. അധ്യാപകൻ. കീഴുപറമ്പ് ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ അധ്യാപകനായിരുന്ന തൃക്കളയൂരിലെ പി.കെ ഷംസുദ്ദീൻ മാസ്റ്ററാണ് തന്റെ ഫേസ്ബുക്ക് പോസ്റ്റിലൂടെ രംഗത്ത് വന്നത്. മതവും ജാതിയും നോക്കാതെ വിദ്യാഭ്യാസം അടക്കമുള്ള പൂർണ ചുമതല ഏറ്റെടുക്കുമെന്നും അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു. സംരക്ഷണത്തിൽ കഴിയുന്ന കുട്ടികൾ അഞ്ചിനും പത്ത് വയസിനും ഇടയിലുള്ളവരായിരിക്കണമെന്നും മതവും ജാതിയും അനുസരിച്ച് ജീവിക്കുന്നതിൽ തടസമില്ലെന്നും അദ്ദേഹം പറഞ്ഞു. തന്റെ ഭാര്യയും പൂർണ സമ്മതയാണെന്നും കുറിപ്പിൽ വ്യക്തമാക്കി. ഫോൺ: 9447926910.

## ഗതാഗത നിയന്ത്രണം

മലപ്പുറം: പാലക്കാട്-പൊന്നാനി റോഡിൽ ശുകപുരത്ത് തകർന്ന ഭാഗത്ത് ഇന്റർലോക്ക് പ്രവൃത്തി നടക്കുന്നതിനാൽ അഞ്ച് മുതൽ ഒമ്പത് വരെ ഗതാഗതം നിരോധിച്ചു. എടപ്പാൾ ഭാഗത്തുനിന്ന് പട്ടാമ്പിയിലേക്കും തിരിച്ചുമുള്ള വാഹനങ്ങൾ നടുവട്ടം-നെല്ലിശ്ശേരി റോഡ്-കുറ്റിപ്പാല വഴി പോകണം.

## ശിഹാബ് തങ്ങൾ അനുസ്മരണവും കുടിവെള്ള പ്രൊജക്ട് ഉദ്ഘാടനവും ബീഹാറിൽ

പാറ്റ്ന: ബീഹാർ സംസ്ഥാന മുസ്‌ലിംലീഗ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ അനുസ്മരണവും തങ്ങളുടെ പേരിൽ വിവിധ ജില്ലകളിൽ ആരംഭിച്ച കുടിവെള്ള പ്രൊജക്ടിന്റ ഉദ്ഘാടനവും ബീഹാർ അരാരിയാ ജില്ലയിലെ ഗ്ലാസിയർ ഹോട്ടൽ ഓഡിറ്റൊറിയത്തിൽ നാളെ നടക്കും.

പ്രവാസി ലീഗ് ദേശീയ ജനറൽ സെക്രട്ടറി എം.എസ് അലവി ഉദ്ഘാടനം ചെയ്യും. സ്റ്റേറ്റ് മുസ്‌ലിംലീഗ് പ്രസിഡന്റ് നഈം അക്തർ അധ്യക്ഷനാകും. ജനറൽ സെക്രട്ടറി ഡോക്ടർ മുനവ്വർ ആലം സ്വാഗതം പറയും.

ഖുർത്തുബ പ്രൻസിപ്പൾ സയ്യിദ് മുദ്ദസ്സിർ ഹുദവി കിഷൻ ഗഞ്ച് ശിഹാബ് തങ്ങൾ അനുസ്മരണം നടത്തും. അനീസ് ഹുദവി, അഡ്വ. റസാ, മുക്താർ ആലം, അബ്ദുൽ റസാഖ് പൂർണിയ, നദീം ഭഗൽപൂ, ഖലീൽ അക്തർ ഐ.പി.എസ്, അർഷാദ് ബിട്ടു, ഡോക്ടർ ഇക്ബാൽ സംസാരിക്കും.

## ദുരിത ബാധിതരെ സഹായിക്കാൻ മഹല്ല് ജമാഅത്തുകൾ മുന്നിട്ടിറങ്ങണം: എസ്.എം.എഫ്

ചേളാരി : വയനാട്ടിൽ കേരളം കണ്ട ഏറ്റവും വലിയ ദുരന്തമുണ്ടായ സാഹചര്യത്തിൽ മഹല്ല് കമ്മിറ്റികളും എസ്.എം.എഫ് പ്രവർത്തകരും ദുരിതബാധിതരെ സഹായിക്കുന്നതിലും ഭരണകൂടങ്ങളോടും രക്ഷാപ്രവർത്തകരോടും സഹകരിച്ചു ആവശ്യമായ പ്രവർത്തനങ്ങളിൽ സജീവമായി പങ്കാളികളാകണമെന്ന് സുന്നി മഹല്ല് ഫെഡറേഷൻ സംസ്ഥാന ഭാരവാഹികൾ അഭ്യർത്ഥിച്ചു.

സംസ്ഥാന പ്രസിഡന്റ് പ്രഫ. കെ ആലിക്കുട്ടി മുസ്‌ലിയാർ, ട്രഷറർ പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ, ജനറൽ സെക്രട്ടറി യു. ശാഫി ഹാജി ചെമ്മാട്, വർക്കിങ് സെക്രട്ടറി അബ്ദുസ്സമദ് പൂക്കോട്ടൂർ, സെക്രട്ടറിമാരായ സി.ടി അബ്ദുൽ ഖാദർ ഹാജി തൃക്കരിപ്പൂർ, പി.സി ഇബ്രാഹീം ഹാജി വയനാട്, വി.എ.സി കുട്ടി ഹാജി പാലക്കാട്, ബശീർ കല്ലേപാടം, ബദറുദ്ദീൻ അഞ്ചൽ എന്നിവരാണ് മഹല്ല് ജമാഅത്തുകളോട് അഭ്യർത്ഥിച്ചത്.

## മൊയ്തീൻകുട്ടിക്കായി തിരച്ചിൽ നടത്തിയത് മടിക്കൈയിൽ; മൃതദേഹം ലഭിച്ചത് ചാലിയാറിൽ നിന്ന്

നിലമ്പൂർ: മൊയ്തീൻകുട്ടിക്ക് വേണ്ടി തിരച്ചിൽ നടത്തിയത് മടിക്കൈയിൽ. മൃതദേഹം ലഭിച്ചത് ചാലിയാർ പുഴയിൽ നിന്ന്. ജീവന്റെ തുടിപ്പുണ്ടെന്ന് റഡാറിൽ സിഗ്നൽ ലഭിച്ചതോടെയാണ് രക്ഷാദൗത്യ സംഘം വയനാട് മടിക്കൈയിൽ യൂനുസിന്റെ ഭാഗികമായി തകർന്ന വീട്ടിൽ തിരച്ചിൽ നടത്തിയത്.

ഇന്നലെ വൈകീട്ടോടെയാണ് ജീവന്റെ തുടിപ്പ് കാണിക്കുന്ന സിഗ്നൽ സ്വകാര്യ ഏജൻസിയുടെ റഡാറിൽ ഓവുപാലത്തിന് സമീപം കാണിച്ചത്. തുടർന്ന് വൈകുന്നേരംവരെ തിരച്ചിൽ നടത്തിയെങ്കിലും ഒന്നും കണ്ടെത്താത്തതിനെ തുടർന്ന് തിരച്ചിൽ നിർത്തി.

എന്നാൽ ജീവന്റെ തുടിപ്പ് കാണിക്കുന്ന സിഗ്നലാണെന്നും പിതാവിനെ ഇതുവരെ കണ്ടുകിട്ടിയിട്ടില്ലെന്നും യൂനുസ് പരാതിപ്പെട്ടതോടെ മടങ്ങിപ്പോയ ദൗത്യസേനയേയും സന്നദ്ധ സംഘടനാ പ്രവർത്തകരേയും മടക്കിവിളിക്കുകയായിരുന്നു.

തുടർന്നാണ് രാത്രിയിലും തിരച്ചിൽ നടത്തിയത്. 85 വയസ്സുകാരൻ മൊയ്തീൻകുട്ടിയായിരിക്കുമെന്ന പ്രദേശവാസികളുടെയും അഭിപ്രായം കണക്കിലെടുത്താണ് പ്രത്യേക തിരച്ചിൽ നടത്തിയത്. അതിനിടെയാണ് ചാലിയാർ പുഴയുടെ കടവിൽനിന്നും പ്രായമായ ഒരു പുരുഷന്റെ മൃതദേഹം വൈകുന്നേരത്തോടെ നിലമ്പൂർ ജില്ലാ ആശുപത്രിയിലെത്തിച്ചത്.

തുടർന്ന് ബന്ധുക്കൾ നിലമ്പൂരിലെത്തി പരിശോധിച്ചപ്പോൾ മൊയ്തീൻകുട്ടിയുടേതാണെന്ന് തിരിച്ചറിഞ്ഞു. ഉടൻ മൃതദേഹം മേപ്പാടിയിലെത്തിച്ചു. രാത്രിതന്നെ മേപ്പാടി ജുമാമസ്ജിദിൽ ഖബറടക്കി.



കുവൈത്ത് കെഎംസിസി സംസ്ഥാന കമ്മിറ്റി സമാഹരിക്കുന്ന വയനാട് ദുരിതാശ്വാസ ഫണ്ടിന്റെ ആദ്യ ഗഡു പത്ത് ലക്ഷം രൂപ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾക്ക് ജനറൽ സെക്രട്ടറി കാരി മുസ്തഫ കൈമാറുന്നു

## കുവൈത്ത് കെഎംസിസി വയനാട് അടിയന്തിര സഹായം പത്ത് ലക്ഷം രൂപ കൈമാറി

കുവൈത്ത് സിറ്റി : കുവൈത്ത് കെഎംസിസി സംസ്ഥാന കമ്മിറ്റി സമാഹരിക്കുന്ന വയനാട് ദുരിതാശ്വാസ ഫണ്ടിന്റെ ആദ്യ ഗഡു പത്ത് ലക്ഷം രൂപ കൈമാറി. പാണക്കാട് വെച്ച് നടന്ന ചടങ്ങിൽ സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ആണ് ജനറൽ സെക്രട്ടറി മുസ്തഫ കാരിയിൽ നിന്ന് ഫണ്ട് ഏറ്റുവാങ്ങിയത്. സയ്യിദ് മുനവർ അലി തങ്ങൾ, പി.കെ കുഞ്ഞാലി കുട്ടി എം.എൽ.എ, പി.എം.എ സലാം, പി.വി അബ്ദുൽ വഹാബ് എം.പി, ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ, പി.കെ ബഷീർ എം.എൽ.എ, ടി.വി ഇബ്രാഹിം എം.എൽ.എ, അബ്ദുറഹ്മാൻ രണ്ടത്താണി, സി.എ. എം.എ കരീം, സി. മമ്മൂട്ടി, പി.കെ ഫിറോസ് കെ.കെ അഹമ്മദ് ഹാജി, ടി. മുഹമ്മദ് തുടങ്ങിയ ലീഗ് നേതാക്കളും കുവൈത്ത് കെഎംസിസി സംസ്ഥാന ഭാരവാഹികൾ ആയ റഹൂഫ് മഷ്ഹൂർ, എം.ആർ നാസർ, സലാം പട്ടാമ്പി, ബഷീർ ബാത്ത ജില്ലാ ഭാരവാഹികൾ ആയ ഹംസ ഹാജി കരിങ്കപ്പാറ, നൗഷാദ് വെട്ടിച്ചിറ, ഷാഫി ആലിക്കൽ, ഇസ്മായിൽ കോട്ടക്കൽ, അഷ്റഫ് പട്ടാമ്പി, ഫൈസൽ നാദാപുരം, ഫസീജ് തിരൂർ, തുടങ്ങിയവർ പങ്കെടുത്തു. വയനാടിന്റെ പുനരധിവാസത്തിന് മുസ്‌ലിം ലീഗ് പ്രത്യേക പദ്ധതി സംസ്ഥാന പ്രസിഡണ്ട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പ്രഖ്യാപിച്ചിരിക്കുകയാണ്.

### വയനാട് ദുരന്തം
## വീട് നിർമിക്കാൻ 3 കോടി വാഗ്ദാനവുമായി കോഴിക്കോട്ടെ ദി ബിസിനസ് ക്ലബ്

കോഴിക്കോട്: മലബാറിലെ സംരംഭകരുടെ കൂട്ടായ്മയായ ദി ബിസിനസ് ക്ലബ് വയനാട്ടിൽ പ്രളയബാധിതരായവരുടെ കണ്ണീരൊപ്പൊൻ ഒരുങ്ങുന്നു. പ്രാഥമിക ഘട്ടത്തിൽ വീട് നഷ്ടപ്പെട്ട 40 പേർക്ക് വീട് നിർമിക്കാനാണ് തീരുമാനം. ആദ്യ ഗഡുവായി 3 കോടി ചിലവഴിക്കും. ഇതിനായി ടി.ബി.സി വയനാട് റസ്ക്യൂ കമ്മിറ്റി രൂപീകരിച്ചു. ടി.ബി.സി പ്രസിഡന്റ് എ കെ ഷാജി (മൈജി) അധ്യക്ഷത വഹിച്ചു. തിരച്ചിൽ പൂർണമാകുന്ന മുറയ്ക്ക് വീട് നഷ്ടപ്പെട്ടവരുടെ യഥാർത്ഥ ചിത്രം സംസ്ഥാന സർക്കാറിന് ലഭിക്കും. ഇതിന് ശേഷം ടി.ബി.സി നിർമിക്കുന്ന വീട് സംബന്ധിച്ചുള്ള വിവരങ്ങൾ വയനാട് ജില്ലാ കലക്ടറെ ധരിപ്പിക്കും. ഭക്ഷണം, വസ്ത്രം മറ്റ് അവശ്യ സാധനങ്ങൾ നാടിന്റ നാനാഭാഗങ്ങളിൽ നിന്നും ലഭിക്കുന്നുണ്ട്. സർക്കാറിന്റെയോ മറ്റ് സന്നദ്ധ സംഘടനകളുടെയോ സ്ഥാപനങ്ങളുടെയോ സ്ഥലം സൗജന്യമായി അനുവദിച്ചു കിട്ടുന്നതോടെ വാഗ്ദാനം ചെയ്ത വീടുകൾ നിർമിച്ച് സർക്കാർ നിർദ്ദേശിക്കുന്നവർക്ക് കൈമാറുമെന്ന് ടി.ബി.സി പ്രസിഡന്റ് എ.കെ ഷാജി പറഞ്ഞു.

സമാന മനസ്കരെ ചേർത്ത് പിടിച്ച് വാഗ്ദാനം ചെയ്തതിലും കൂടുതൽ വീടുകൾ നിർമിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് ജനറൽ സെക്രട്ടറിയും പദ്ധതിയുടെ ജനറൽ കൺവീനറുമായ മെഹറൂഫ് മണലൊടി (ജി-ടെക്) പറഞ്ഞു. വിലങ്ങാട് മണ്ണിടിച്ചിലിൽ ദുരിതം നേരിട്ട കച്ചവടക്കാർക്ക് കെട്ടിടം നിർമിക്കാൻ സഹായം നൽകുമെന്ന് മുൻ പ്രസിഡന്റ് കൂടിയായ ട്രഷറർ കെ.വി സക്കീർ ഹുസൈൻ (മെർമർ ഇറ്റാലിയ) പറഞ്ഞു. എ.കെ ഫൈസൽ മലബാർ ഗോൾഡ് (പദ്ധതി ചെയർമാൻ), ഷുക്കൂർ കിനാലൂർ, ജലീൽ മെറാൾഡ (പദ്ധതി വൈസ് ചെയർമാൻമാർ), ആർ ജലീൽ മലബാർ ഗോൾഡ് (ടി.ബി.സി ചാരിറ്റി ക്യാബിനറ്റ് ചെയർമാൻ), എം മുജീബ് റഹ്മാൻ എമിൻ ഗോൾഡ്, സന്നാഫ് പാലക്കണ്ടി (ക്യാബിനറ്റ് സെക്രട്ടറിമാർ) ഉൾപ്പെട്ടതാണ് കമ്മിറ്റി. പ്രത്യേക ബാങ്ക് എക്കൗണ്ടും ആരംഭിച്ചു.

# ഇടിക്കൂട്ടിൽ വിവാദം

പാരീസ്: ഒളിംപിക്സ് ബോക്സിങ്ങിൽ വെൽറ്റർവെയിറ്റ് വിഭാഗത്തിന്റെ പ്രീ ക്വാർട്ടറിൽ അൾജീരിയയുടെ ഇമാനെ ഖലീഫിനെതിരായ മത്സരത്തിൽ നിന്ന് ഇറ്റലിയുടെ ഏയ്ഞ്ചല കാരിനി പിന്മാറിയതിനു പിന്നാലെ ഇമാനെക്കെതിരെ ആരോപണവുമായി രംഗത്ത്. നേരത്തെ ലോക ചാമ്പ്യൻഷിപ്പിൽ ലിംഗ പരിശോധനയുടെ പേരിൽ വനിത ലോക ചാമ്പ്യൻഷിപ്പിൽ നിന്ന് ഇമാനെ പുറത്താക്കിയിരുന്നു.

എന്നാൽ ഈ വിവാദത്തിൽ കൂടുതൽ വിശദാംശങ്ങൾ പുറത്ത് വിടാൻ ലോക ബോക്സിങ് ഫെഡറേഷന് സാധിച്ചിരുന്നില്ല. ഇമാനെ സ്ത്രീ അല്ലെന്ന് തെളിയിക്കുന്ന ഒരു തെളിവും ഫെഡറേഷന് ലഭിച്ചിരുന്നില്ല.

ഈ വിവാദം കുത്തിപ്പൊക്കാനാണ് തോൽവിക്കു പിന്നാലെ ഇറ്റാലിയൻ താരം ശ്രമിച്ചത്. നോർത്ത് പാരീസ് അരീനയിൽ നടന്ന മത്സരത്തിൽ ഇമാനെയുടെ ആദ്യ പഞ്ച് തന്നെ കാരിനിയുടെ ചിൻസ്ട്രാപ്പിനെ ഇളക്കിയിരുന്നു. രണ്ടാമത്തെ പഞ്ചിന് ശേഷം തന്റെ കോർണറിലേക്ക് എത്തി കൈ ഉയർത്തുകയായിരുന്നു കാരിനി.

ഇമാനെയെ വിജയിയായി പ്രഖ്യാപിച്ച ശേഷം കാരിനി കണ്ണീരണിയുന്നതായിരുന്നു കണ്ടത്. ഇമാനെയ്ക്ക് ഹസ്തദാനം നൽകാനും താരം വിസമ്മതിച്ചു. തന്റെ കരിയറിൽ ഇത്രയും ശക്തിയാർന്ന പഞ്ച് ഏറ്റുവാങ്ങിയിട്ടില്ലെന്നാണ് കാരിനി പറയുന്നത്. മൂക്ക് തകർന്നുപോയതായി ഭയപ്പെട്ടെന്നും തന്റെ ആരോഗ്യം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മനസിലാക്കിയാണ് പിന്മാറിയതെന്നും കാരിനി കൂട്ടിച്ചേർത്തു.

## മൊറോക്കോ സെമിയിൽ



പാരീസ്: ഒളിംപിക്സ് ഫുട്ബോളിൽ ആഫ്രിക്കൻ കരുത്തരായ മൊറോക്കോയും ഏഷ്യൻ പ്രതീക്ഷകളായി ഇറങ്ങിയ ജപ്പാനെ തകർത്ത സ്പെയിനും സെമിയിൽ പ്രവേശിച്ചു. ക്വാർട്ടറിൽ എതിരില്ലാത്ത നാലു ഗോളുകൾക്ക് യു.എസ്.എയെ തകർത്താണ് അർജന്റീനയെ അട്ടിമറിച്ചെത്തിയ മൊറോക്കോ സെമി ബെർത്ത് നേടിയത്. ജപ്പാനെ എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് മറികടന്നാണ് സ്പെയിൻ സെമിയിലെത്തിയത്. മൊറോക്കോയ്ക്കായി റഹീമി, അകോമാച്ച്, ഹകീമി, മൗഹൂബ് എന്നിവരാണ് ഗോളുകൾ നേടിയത്.

ഗൾഫ് ചന്ദ്രിക

# സ്പോർട്സ്

**ഞാൻ** ഭാര്യ പറഞ്ഞിട്ടാണ് കാര്യങ്ങളറിഞ്ഞത്. ഭീതിതമായ കാര്യങ്ങൾ. രണ്ട് ഗ്രാമങ്ങളാണ് ഇല്ലാതായത്. ഹോക്കി ടിമിലെ എല്ലാവരും വയനാടിനെക്കുറിച്ച് ചോദിക്കുന്നു. അവരെല്ലാം വയനാടിനൊപ്പമാണ്. ഞങ്ങളെല്ലാം വയനാടിനായി ഈ പാരീസിൽ നിന്നും പ്രാർത്ഥിക്കുന്നു. വയനാട്ടിൽ ദുരന്തത്തിൽപ്പെട്ട ഒരു വീട്ടമ്മ കാട്ടാനക്ക് മുന്നിൽപ്പെട്ടതും ആ കാട്ടാന പോലും ദുരന്തവേളയിൽ കാണിച്ച സ്നേഹം അപാരമാണ്. എല്ലാവർക്കും ഇത് അതിജയിക്കാനാവണം. 2018 ലെ പ്രളയ വേളയിലെ അനുഭവം ഒരു മുത്തശ്ശി പറഞ്ഞതായി ഞാനോർക്കുന്നു. എനിക്ക് എല്ലാം നഷ്ടമായി. എങ്കിലും ഞാൻ എല്ലാം തിരിച്ചുപിടിക്കും. അത് പോലെ വയനാടിനാവണം. ഒരു ടീമെന്ന പോലെ നമ്മളെല്ലാം ജാതിയും മതവുമൊന്നും നോക്കാതെ ഒരുമിച്ച് നിൽക്കണം. വയനാടിനൊപ്പമാണ് രാജ്യം.

–ശ്രീജേഷ്



www.chandrikadaily.com

**BREAKING** ഷൂട്ടിങ് മൂന്നാം മെഡൽ തേടി മനു ഭാകർ ഇന്ന് കളത്തിൽ



ഇന്ന്

പാരീസ് ഒളിംപിക്സ്
സ്പോർട്സ് 18



### മെഡൽ പട്ടിക

*(സ്വർണം, വെള്ളി, വെങ്കലം, ആകെ)*

1. ചൈന 12, 7, 7, 26
2. യു.എസ്.എ 9, 17, 14, 40
3. ബ്രിട്ടൻ 9, 8, 8, 25
4. ഫ്രാൻസ് 8, 11, 10, 29
5. ഓസ്ട്രേലിയ 8, 6, 5, 19
6. ജപ്പാൻ 8, 3, 5, 16
7. ദ.കൊറിയ 6, 3, 3, 12
8. ഇറ്റലി 5, 8, 4, 17

44. ഇന്ത്യ 0, 0, 3, 3

# ചരിത്രവിജയം, ട്രിപ്പിൾ പ്രതീക്ഷ

**പാരീസിൽ നിന്നും**
**കമാൽ വരദൂർ**



52 വർഷത്തെ സുദീർഘ ഇടവേളക്ക് ശേഷം ഓസ്ട്രേലിയയെ ഒളിംപിക് ഹോക്കിയിൽ തകർത്ത് ഇന്ത്യ കരുത്ത് കാട്ടിയ പാരീസിൽ അമ്പെയ്ത്തിൽ നേരിയ വിത്യാസത്തിൽ വെങ്കലം നഷ്ടമായത് തിരിച്ചടിയായി. പുരുഷ ഹോക്കിയിലെ അവസാന ഗ്രൂപ്പ് പോരാട്ടത്തിലാണ് തകർപ്പൻ പ്രകടനത്തിൽ ഇന്ത്യ 3-2 ന് മുൻ ലോക ചാമ്പ്യന്മാരെ തകർത്തത്. നേരത്തെ തന്നെ ക്വാർട്ടർ ഉറപ്പാക്കിയ ഇന്ത്യ തുടക്കത്തിൽ തന്നെ രണ്ട് ഗോളുകൾ സ്വന്തമാക്കി സ്ഥാപിച്ച ആധിപത്യം തകർക്കപ്പെട്ടില്ല. അതേ സമയം ഇന്ത്യയുടെ സൂപ്പർ താരം മനു ഭാകർ മൂന്നാം മെഡലിനടുത്തെത്തി. വനിതകളുടെ 25 മീറ്റർ പിസ്റ്റൾ യോഗ്യതാ റൗണ്ടിൽ മനു ഭാകർ ഫൈനൽ യോഗ്യത നേടി. യോഗ്യതാ റൗണ്ടിൽ രണ്ടാംസ്ഥാനത്ത് ഫിനിഷ് ചെയ്താണ് മനു ഫൈനൽ യോഗ്യത നേടിയത്. ഇതേ ഇനത്തിൽ ഇന്ത്യയുടെ ഇഷ സിങ് പുറത്തായി. 18-ാമതെത്താനേ താരത്തിന് കഴിഞ്ഞുള്ളൂ. ബാഡ്മിന്റൺ പുരുഷ വിഭാഗം സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ സെമിയിലെത്തി. ക്വാർട്ടറിൽ ചൈനീസ് തായ്പേയിയുടെ ചൗ ടീൻ ചെന്നിനെ 19-21, 21-15, 21-12 എന്ന സ്കോറിന് തോൽപിച്ചാണ് ലക്ഷ്യ സെൻ സെമിയിലെത്തിയത്. ഒളിംപിക് ബാഡ്മിന്റൺ സിംഗിൾസ് സെമിയിലെത്തുന്ന ആദ്യ ഇന്ത്യൻ പുരുഷ താരമാണ് ലക്ഷ്യ സെൻ.ആർച്ചറിയിൽ ഗംഭീര പ്രകടനമാണ് ഇന്ത്യ നടത്തിയത്. മിക്സഡ് ടീം ഇനത്തിൽ അങ്കിത ഭഗത്-ധീരജ് ബൊമദേവ്റ ടീം മിന്നും പ്രകടനവുമായി സെമിഫൈനൽ വരെയെത്തി തോൽക്കുകയായിരുന്നു. വെങ്കല മെഡൽ മൽസരത്തിൽ അമേരിക്കയുടെ സസെ കഹോൾഡ്ബ്രാഡി എലിസൺ സഖ്യത്തിനെതിരെ 2-6 ന് തോറ്റാണ് മെഡൽ നഷ്ടമായത്. ആദ്യ ഒളിംപിക്സിൽ മൽസരിക്കുന്ന ഇന്ത്യൻ ജോഡി ഒന്നാം സെറ്റിൽ 3837 വരെയെത്തിയിരുന്നു. പക്ഷേ അവസാനത്തിൽ ചിരിച്ചത് അമേരിക്കൻ സംഘമായിരുന്നു. സെയ് ലിംഗിലെ ഇന്ത്യൻ പ്രതിനിധി വിഷ്ണു ശരവണൻ പുരുഷവിഭാഗം ഡിൻഗി ഇനത്തിൽ 22മനായിരുന്നു. വനിതാ വിഭാഗത്തിൽ നേത്ര കുമാനനും നിരാശപ്പെടുത്തി.

## ബാഡ്മിന്റണിൽ നേട്ടം, നഷ്ടം



പാരീസ്: പാരീസ് ഒളിംപിക്സിൽ ഇന്ത്യൻ സംഘത്തിലെ 117 പേരിൽ വ്യക്തമായ മെഡൽ സാധ്യതകൾ കൽപ്പിക്കപ്പെട്ടിരുന്നത് ഷൂട്ടിംഗ്, ബാഡ്മിന്റൺ സംഘങ്ങൾക്കായിരുന്നു. ഷൂട്ടിംഗിൽ മനു ഭാകർ ഇന്ന് മറ്റൊരു മെഡലിനായി ഇറങ്ങുമ്പോൾ ബാഡ്മിന്റൺ കളം നിരാശയാണ് സമ്മാനിക്കുന്നത്. ബാഡ്മിന്റൺ പുരുഷ വിഭാഗം സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ സെമിയിലെത്തി ചരിത്രം കുറിച്ചത് മാറ്റിനിർത്തിയാൽ പൂർണ നിരാശ. കഴിഞ്ഞ ദിവസം പി.വി സിന്ധുവിന്റെ മൽസരം കാണാൻ പ്രതികൂല കാലാവസ്ഥയിലും സാഹസികമായാണ് ബാഡ്മിന്റൺ വേദിയിലെത്തിയത്. പക്ഷേ ചൈനീസ് പ്രതിയോഗി ഹി ബിംഗ് ജിയാവോക്ക് മുന്നിൽ സിന്ധു എളുപ്പം കീഴടങ്ങുകയായിരുന്നു. 2016 ലെ റിയോ ഒളിംപിക്സിൽ സിന്ധുവിന്റെ ഫൈനൽ മൽസരം റിപ്പോർട്ട് ചെയ്തത് ഓർക്കുന്നു. സ്പെയിനിൽ നിന്നുള്ള പ്രതിയോഗി കരോലിന മാരിനെതിരെ അന്ന് ആദ്യ ഗെയിം നേടിയ ശേഷമായിരുന്നു സിന്ധു കീഴടങ്ങിയത്. അന്നത്തെ ആ വെള്ളി മെഡൽ ഇന്ത്യൻ ഒളിംപിക്സ് ചരിത്രത്തിലെ കനകാധ്യായവുമായിരുന്നു. മൂന്ന് വർഷം മുമ്പ് ടോക്കിയോവിൽ സിന്ധു വെങ്കലം നേടിയത് ഇതേ ചൈനക്കാരിയെ പരാജയപ്പെടുത്തിയായിരുന്നു. തുടർച്ചയായി രണ്ട് ഒളിംപിക്സ് മെഡലുകളുമായി എത്തിയ ഹാട്രിക് മെഡൽ നേട്ടത്തിന് അർഹത നേടുമെന്നാണ് കരുതപ്പെട്ടത്. അനുഭവ സമ്പത്തായിരുന്നു ഹൈദരാബാദുകാരിയുടെ ആയുധം. റിയോയിൽ കണ്ട സിന്ധു ആക്രമണ സന്നദ്ധയായിരുന്നു. ഇവിടെ പക്ഷേ പരുക്കുകൾ അലട്ടിയ സിന്ധുവിനെയാണ് കണ്ടത്. ബിംഗ് ജിയാവോക്കെതിരെ ആദ്യ ഗെയിമിൽ ലോംഗ് റാലികളിലായിരുന്നു സിന്ധു. ഇത് ഫലപ്രദമാവുകയും ചെയ്തിരുന്നു. 1921 എന്ന സ്ക്കോറിനായിരുന്നു ആദ്യ ഗെയിം നഷ്ടമായത്. എന്നാൽ രണ്ടാം ഗെയിമിൽ സ്മാഷുകളായിരുന്നു സിന്ധു ആയുധമാക്കിയത്. ചൈനക്കാരിക്ക് അത് എളുപ്പവുമായി. 1421 എന്ന സ്ക്കോറിനാണ് രണ്ടാം ഗെയിമും മൽസരവും നഷ്ടമായത്. നേരത്തെ പുരുഷ ഡബിൾസിൽ നിന്ന് സ്വാതിക്- ചിരാഗ് സഖ്യം പുറത്തായതും ഇന്ത്യക്ക് ആഘാതമായിരുന്നു. മലയാളി സാന്നിദ്ധ്യമായ എച്ച്.എസ് പ്രണോയിയും പുറത്തായതോടെ പാരീസിൽ ബാഡ്മിന്റൺ വിലാസം ലക്ഷ്യാസെൻ മാത്രമായി.

# ഓസീസിനെ തകർത്ത് ഇന്ത്യ

പാരീസ്: 3-2 ന് കരുത്തരായ ഓസ്ട്രേലിയയെ തകർത്ത് ഇന്ത്യ പുരുഷ ഹോക്കിയിൽ പ്രാഥമിക റൗണ്ട് പൂർത്തിയാക്കി. അഞ്ച് മൽസരങ്ങൾക്ക് ശേഷം പൂൾ ബിയിൽ ബെൽജിയത്തിന് പിറകിൽ രണ്ടാമതാണ് ഇന്ത്യ. ക്വാർട്ടർ ഫൈനലിൽ ഇന്ത്യൻ പ്രതിയോഗികൾ പൂൾ എ യിലെ മൂന്നാം സ്ഥാനക്കാരായിരിക്കും.

കഴിഞ്ഞ മൽസരത്തിൽ ബെൽജിയത്തോട് പരാജയപ്പെട്ട ഇന്ത്യ ഇന്നലെ ആദ്യാവസാനം കരുത്തരായിരുന്നു. ആദ്യ 15 മിനിറ്റിൽ ഇന്ത്യയായിരുന്നു. രണ്ട് തകർപ്പൻ ഗോളുകൾ. ബെൽജിയത്തിനെതിരായ മൽസരത്തിൽ തകർപ്പൻ ഗോൾ സ്വന്തമാക്കിയ അഭിഷേകും പെനാൽട്ടി കോർണർ വിദഗ്ധനായ നായകൻ ഹർമൻപ്രീത് സിംഗുമായിരുന്നു സ്കോറർമാർ. ഓസീസ് സമ്പാദിച്ച പെനാൽറ്റി കോർണറിന് തൊട്ട് പിറകെ നടത്തിയ പ്രത്യാക്രമണത്തിൽ നിന്നായിരുന്നു അഭിഷേക് ചാമ്പ്യൻഷിപ്പിലെ രണ്ടാം ഗോൾ സ്വന്തമാക്കിയത്. പന്തുമായി പറന്നുകയറിയ മൻപ്രീത് പായിച്ച ഷോട്ട് ഓസീസ് ഗോൾകീപ്പർ ആൻഡ്ര്യൂ ചാർട്ടർ തടഞ്ഞു. പക്ഷേ പന്ത് കിട്ടിയ അഭിഷേക് മിന്നൽ ഷോട്ടിൽ പന്ത് വലയിലാക്കി.

തൊട്ട് പിറകെയായിരുന്നു ഇന്ത്യയുടെ ആദ്യ പെനാൽറ്റി കോർണർ. ഹർമന് പിഴച്ചില്ല. പാരീസിലെ അഞ്ചാമത് ഗോൾ. രണ്ടാം ക്വാർട്ടറിൽ ഓസീസ് ഒരു ഗോൾ മടക്കി. പെനാൽറ്റി കോർണറിൽ നിന്നും കിട്ടിയ പന്തിൽ തോമസ് ക്രെയിഗായിരുന്നു സ്കോർ ചെയ്തത്. ഇടവേളക്ക് പിരിയുമ്പോൾ മൽസരം ഇന്ത്യക്ക് അനുകൂലം, 2-1. മൂന്നാം ക്വാർട്ടറിൽ നായകൻ ഹർമൻ പ്രീതിലുടെ ഇന്ത്യ ലീഡ് മൂന്നാക്കി ഉയർത്തി. പെനാൽറ്റി കോർണറിനെ തുടർന്ന് ലഭിച്ച പെനാൽറ്റി സ്ട്രോക്കാണ് ഹർമൻ പാരീസിലെ ആറാം ഗോളാക്കി മാറ്റിയത്. ഓസീസിന് മൂന്നാം ക്വാർട്ടറിൽ രണ്ട് പെനാൽറ്റി കോർണറുകൾ ലഭിച്ചു. പക്ഷേ ശ്രീജേഷിനെ കീഴ്പ്പെടുത്താനായില്ല. അവസാന ക്വാർട്ടറിൽ ഓസീസുകാർ രണ്ടും കൽപ്പിച്ചായിരുന്നു. ഇന്ത്യയുടെ അഭിഷേക് പന്ത് വലയിലാക്കിയെങ്കിലും ഗോൾ അനുവദിച്ചില്ല. ഇന്ത്യൻ താരം ഓസിസ് താരത്തിന്റെ സ്റ്റിക്കിലടിച്ചതിനായിരുന്നു ഗോൾ അനുവദിക്കാതിരുന്നത്.

മറുഭാഗത്ത് പെനാൽറ്റി സ്ട്രോകിലൂടെ ബ്ലേക് ഗോവേഴ്സ് ഒരു ഗോൾ മടക്കിയതോടെ ടെൻഷനായി. അവസാന സെക്കന്റിൽ സമനിലക്കായി ഓസീസ് ഇന്ത്യൻ ബോക്സിൽ തമ്പടിച്ചു. പെനാൽറ്റി സ്ട്രോക്കിനായി വാദിക്കുകയും ചെയ്തു. പക്ഷേ വിജയം ഇന്ത്യക്കൊപ്പമായിരുന്നു.



*ഇന്ത്യക്കായി ഗോൾ നേടിയ അഭിഷേകിനെ സഹ താരങ്ങൾ അഭിനന്ദിക്കുന്നു*

## അൽകാറസ് ഫൈനലിൽ

പാരീസ്: സ്പാനിഷ് താരം കാർലോസ് അൽകാരസ് ഒളിംപിക് പുരുഷ വിഭാഗം ടെന്നീസ് സിംഗിൾസിൽ ഫൈനലിൽ പ്രവേശിച്ചു. സെമിയിൽ കനഡയുടെ ഫെലിക്സ് അലിയാസിമിയെ 6-1, 6-1 എന്ന സ്കോറിനാണ് അൽകാറസ് തോൽപിച്ചത്. സെർബിയയുടെ നൊവാക് ദ്യോകോവിച്ച്, ഇറ്റലിയുടെ ലോറൻസോ മുസെറ്റി മത്സര വിജയിയെയാണ് അൽകാറസ് ഫൈനലിൽ നേരിടുക. നാളെയാണ് ഫൈനൽ.

## ഇന്ത്യ–ലങ്ക മത്സരം ടൈ

കൊളംബോ: ഇന്ത്യയുടെ ശ്രീലങ്കൻ പര്യടനത്തിലെ ആദ്യ ഏകദിന മത്സരം സമനിലയിൽ. ആദ്യം ബാറ്റു ചെയ്ത ശ്രീലങ്ക മുന്നോട്ടു വെച്ച 231 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ 47.5 ഓവറിൽ 230ന് ഓൾ ഔട്ടായി. ക്യാപ്റ്റൻ രോഹിത് ശർമ (58), അക്സർ പട്ടേൽ (33) എന്നിവരൊഴികെ മറ്റു ബാറ്റ്സമാൻമാർക്ക് കാര്യമായി സ്കോർ ചെയ്യാനാവാതെ വന്നതോടെ ജയിക്കാമായിരുന്ന മത്സരം ഇന്ത്യ കൈവിട്ടു. ലങ്കക്കായി വനിതു ഹസരങ്ക, ക്യാപ്റ്റൻ ചരിത് അസലങ്ക എന്നിവർ മൂന്നു വിക്കറ്റ് വീതം വീഴ്ത്തി. നേരത്തെ ആദ്യം ബാറ്റു ചെയ്ത ശ്രീലങ്ക എട്ട് വിക്കറ്റ് നഷ്ടത്തിൽ 230 റൺസെടുത്തു. ഓപ്പണർ പതും നിസ്സങ്കയുടെയും ദുനിത് വെല്ലലഗെയുടെയും അർധ സെഞ്ചുറികളാണ് ലങ്കയെ വലിയതോതിൽ തകരാതെ രക്ഷിച്ചത്. ഇന്ത്യക്കായി അക്ഷർ പട്ടേൽ രണ്ട് വിക്കറ്റ് നേടി. 75 പന്തിൽ ഒൻപത് ഫോറുകൾ സഹിതം 56 റൺസാണ് സമ്പാദ്യം. ടീം സ്കോർ 101ൽ നിൽക്കേ, 27ാം ഓവറിൽ അഞ്ചാമതായാണ് നിസ്സങ്ക പുറത്തായത്. തുടർന്ന് ക്രീസിലെത്തിയ ദുനിത് വെല്ലലഗെ, ബാക്കി ദൗത്യം കൃത്യമായി ഏറ്റെടുത്തു. 65 പന്തിൽ രണ്ട് സിക്സും ഏഴ് ഫോറും സഹിതം 66 റൺസാണ് താരം പുറത്താവാതെ നേടിയത്. ലങ്കൻ നിരയിലെ ടോപ് സ്കോററും വെല്ലലഗെയാണ്. വനിന്ദു ഹസരങ്ക (24), ജനിത് ലിയനാഗെ (20), അകില ദനഞ്ജയ (17), വിക്കറ്റ് കീപ്പർ കുഷാൽ മെൻഡിസ് (14), ക്യാപ്റ്റൻ ചരിത് അസലങ്ക (14) എന്നിവരും രണ്ടക്കം കടന്നു. ഇന്ത്യക്കായി അക്ഷർ പട്ടേൽ രണ്ട് വിക്കറ്റ് നേടി. സിറാജ്, അർഷ്ദീപ്, ദുബെ, കുൽദീപ്, വാഷിങ്ടൺ എന്നിവർ ഓരോ വിക്കറ്റും വീഴ്ത്തി.

# ലിബർട്ടി, ഇക്വാലിറ്റി, ഫ്രട്ടേർണിറ്റി



LOVE U PARIS 10
**കമാൽ വരദൂർ**

സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം ഈ മുദ്രാവാക്യം നമുക്ക് സുപരിചിതമാവാൻ കാരണം ഫ്രഞ്ച് വിപ്ലവമാണ്. 1789 ലെ മഹത്തായ വിപ്ലവ കാലത്ത് ഉയർന്ന ഈ മുദ്രാവാക്യത്തിന്റെ യഥാർത്ഥ രൂപം ഫ്രഞ്ചാണ്. ഇവിടെ ആ മുദ്രാവാക്യം ഇപ്രകാരമാണ്: Liberté, Egalité, Fraternité. എല്ലായിടത്തും കാണാം ഈ മുദ്രാവാക്യം. സ്ക്കൂൾ കവാടങ്ങളിൽ, ലൈബ്രറികൾക്ക് മുന്നിൽ, പൊതുസ്ഥലങ്ങളില്ലെല്ലാം വലിയ അക്ഷരങ്ങളിൽ എന്നാൽ ഒരേ മാതൃകയിൽ ഇത് എഴുതിവെച്ചിട്ടുണ്ട്. രാജഭരണത്തിൽ നിന്നും മോചനം നേടിയ സന്തോഷ പ്രഖ്യാപനത്തിലെ പ്രതിഫലനങ്ങൾ ഇന്നും ഫ്രാൻസിലുണ്ട് എന്നതിന് തെളിവുകൾ നിരവധി. സ്വാതന്ത്ര്യം ഫ്രാൻസിൽ എല്ലാവർക്കുമുണ്ട്. അത് ഇവിടെ പൗരത്വമുള്ളവരിൽ മാത്രം ഒതുങ്ങുന്നില്ല.

അഭയാർത്ഥികളായി വരുന്നവരെ സ്വികരിക്കുന്നവരാണ് ഫ്രഞ്ചുകാർ. എന്ന് മാത്രമല്ല അഭയാർത്ഥികൾക്ക് പ്രതിമാസം നിശ്ചിത തുക സഹായ ധനമായും നൽകുന്നു. ആഫ്രിക്കൻ രാജ്യങ്ങളായ അൾജീരിയ, മൊറോക്കോ, കെനിയ, ഏഷ്യയിൽ നിന്നുള്ള ഫലസ്തീൻ എന്നിവിടങ്ങളിൽ നിന്നുമാണ് കൂടുതൽ അഭയാർത്ഥികൾ. ഇവരിൽ അൾജീരിയക്കാർക്കും തുണിഷ്യക്കാർക്കും മൊറോക്കോക്കാർക്കും പ്രത്യേക പരിഗണനയുമുണ്ട് കാരണം ഈ രാജ്യങ്ങൾ നേരത്തെ ഫ്രഞ്ച് അധീന പ്രദേശങ്ങളായിരുന്നു. അതിനാൽ ഇവർക്ക് ഫ്രഞ്ച് ഭാഷ പരിചിതമാണ്. അൾജീരിയക്കാരാണ് അഭയാർത്ഥികളിലധികവും. എളുപ്പം പറഞ്ഞാൽ സിദാന്റെ നാട്ടുകാർ. ഫ്രഞ്ച് ജനത എന്നാൽ കുടിയേറ്റക്കാരുടെ വലിയ സമൂഹമാണ്.

എല്ലാവർക്കും തതുല്യമായ സ്വാതന്ത്ര്യം. ജപ്പാനികളും ചൈനക്കാരും ധാരാളം. ഇന്ത്യക്കാർ എണ്ണത്തിൽ കുറവാണ്. സമത്വമെന്നതും ഇതേ വിധമാണ് അടയാളപ്പെടുത്തുന്നത്. നിയമത്തിന് മുന്നിൽ എല്ലാവരും തുല്യരാണ്. 60 കഴിഞ്ഞവർക്ക് പ്രത്യേക പരിഗണന. അത് നിഖില മേഖലകളിലും. സ്റ്റേഡിയത്തിൽ സിനിയർ സിറ്റിസൺസിന് പ്രത്യേക ഇരിപ്പിടങ്ങൾ. ടിക്കറ്റ് നിരക്കിൽ മാറ്റം. ഇന്നലെ ബസിൽ റോളണ്ട് ഗാരോസിലേക്ക് പോവുമ്പോൾ പ്രായം ചെന്ന ദമ്പതിമാർ ഒരു സ്റ്റോപ്പിൽ നിന്നും കയറി. ഉടനെ തന്നെ സീറ്റിലിരിപ്പുണ്ടായിരുന്ന രണ്ട് മധ്യവയസ്കർ സ്നേഹപൂർവ്വം അവരുടെ ഇരിപ്പിടം കൈമാറി. കുട്ടികൾക്കും പ്രത്യേക പരിഗണനയാണ്. എട്ട് വയസുവരെ കുട്ടികളെ തനിച്ച് സ്ക്കൂളിലേക്ക് അയക്കരുത്. രക്ഷിതാക്കൾ ആരെങ്കിലും കൂടെ വേണം. പഠനം പൂർണമായും സൗജന്യം. വരുമാനത്തിൽ പിറകിലുള്ളവർക്ക് ഓരോ വിദ്യാഭ്യാസ വർഷാരംഭത്തിലും നിശ്ചിത തുക സ്റ്റൈപൻഡായി കുടുംബത്തിന് ലഭിക്കും. സാഹോദര്യം എന്ന പദത്തിനും ഫ്രഞ്ചുകാർ വലിയ പരിഗണന നൽകുന്നു. എല്ലാവരും ഒന്നാണ് എന്നത് മുദ്രാവാക്യത്തിനപ്പുറം യാഥാർത്ഥ്യമാണ് എന്നറിയാൽ മെട്രോ സ്റ്റേഷനുകളുടെ അകം മതി. എല്ലാ സ്റ്റേഷനകളുടെയും അകത്ത് ഗായകരെ കാണാം. അവരിങ്ങനെ പാടും. കറുത്തവരും വെളുത്തവരും ഏഷ്യക്കാരും ആഫ്രിക്കക്കാരുമെല്ലാം ആ കൂട്ടത്തിലുണ്ട്. അരികിൽ വെച്ചിരിക്കുന്ന അവരുടെ തൊപ്പിയിൽ ചില്ലറ നിക്ഷേപിക്കുന്നവരുണ്ട്, നോട്ട് നൽകുന്നവരുണ്ട്. ഫ്രാൻസിലെ രാഷ്ട്രീയം നോക്കുക. പ്രസിഡണ്ട് ഇമാനുവൽ മക്രോൺ പെട്ടെന്ന് ഇലക്ഷൻ പ്രഖ്യാപിച്ചു. ആദ്യഘട്ടത്തിൽ വലത് തീവ്ര വിഭാഗമായ നാഷണൽ റാലി പാർട്ടി ആധിപത്യം നേടിയപ്പോൾ മക്രോൺ നേതൃത്വം നൽകുന്ന റിനൈസൻസ് പാർട്ടി അപകടം മനസിലാക്കി.

മറ്റ് പാർട്ടികളെയെല്ലാം ഒരുമിപ്പിച്ച് നിർത്തിയാണ് മക്രോൺ രണ്ടാം ഘട്ടത്തെ നേരിട്ടത്. അതിനാൽ രക്ഷപ്പെട്ടു. എല്ലാവരെയും ഉൾക്കൊള്ളുന്ന വിശാല ജനാധിപത്യം നിലനിൽക്കണമെങ്കിൽ വലത് തീവ്ര ചിന്താഗതിക്കാരെ തോൽപ്പിക്കണമായിരുന്നു. ഫ്രഞ്ചുകാർ അൽപ്പമഹങ്കാരത്തോടെയാണ് സമത്വവും സ്വാതന്ത്ര്യവും സാഹോദര്യത്തെക്കുറിച്ചും സംസാരിക്കുക. കാരണം അവർ കരുതുന്നു അവരാണ് ലോകത്തിന് വലിയ മുദ്രാവാക്യം നൽകിയവരെന്ന്..




*ഫ്രഞ്ച് വിപ്ലവ കാലത്തെ പ്രധാന മുദ്രാവാക്യങ്ങൾ എഴുതിവെച്ചിരിക്കുന്നത്*





# തീരാവേദന

ചാലിയാറിൽ നിന്ന് ഇതുവ കണ്ടെടുത്തത്
**188**
മൃതദേഹങ്ങൾ

## അഞ്ചാംദിനവും തിരച്ചിൽ

നിലമ്പൂർ: വയനാട് ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടലിൽ മരിച്ചവരെ കണ്ടെത്താൻ ചാലിയാറിൽ അഞ്ചാം ദിവസവും തിരച്ചിൽ നടത്തി. ഇന്നലെ മാത്രം 16 മൃതദേഹങ്ങൾ കണ്ടെടുത്തു. ഇതിൽ പൂർണ ശരീരങ്ങൾ 6 ഉം ശരീരാവശിഷ്ടങ്ങൾ 10 ഉം ആണ്. ഇതുവരെ അഞ്ചു ദിവസങ്ങളിലായി ലഭിച്ചത് 68 മൃതദേഹങ്ങളും 121 ശരീര ഭാഗങ്ങളും ഉൾപ്പെടെ 188 മൃതദേഹങ്ങളാണ്.

ചാലിയാർ പുഴയുടെ വിവിധ കടവുകളിൽ നിന്നും ലഭിച്ചത്. ഇതുവരെ ആകെ 180 എണ്ണം പോസ്റ്റ്മോർട്ടം ചെയ്തു. 149 എണ്ണം വയനാട്ടിലേക്ക് കൊണ്ടുപോയി. മൂന്നെണ്ണം ബന്ധുക്കൾക്ക് വിട്ട് കൊടുത്തു. പൊലീസ്, ഫയർഫോഴ്സ്, എൻ.ഡി.ആർ.എഫ്, യൂത്ത് ലീഗ് വൈറ്റ് ഗാർഡ്, നാട്ടുകാർ, മറ്റു നൂറുകണക്കിന് വളണ്ടിയർമാർ തുടങ്ങിയവരാണ് തിരച്ചിൽ നടത്തുന്നത്. വ്യാപകമായ തിരച്ചിൽ ആണ് ചലിയാറിൽ നടക്കുന്നത്. പോത്തുകൽ പ്രദേശത്തിന് സമീപം വനത്തിന് ഉള്ളിലേക്ക് കയറിയാണ് തിരച്ചിൽ. തിരച്ചിലുമായി ബന്ധപ്പെട്ട് മന്ത്രി പി.പ്രസാദിന്റെ നേതൃത്വത്തിൽ ജില്ലാ ആശുപത്രിയിൽ യോഗം നടന്നു. ഹെലികോപ്റ്റർ ഉൾപ്പെടെയുള്ള സംവിധാനങ്ങളും തിരച്ചിലിന് ഉപയോഗപ്പെടുത്തുന്നുണ്ട്.

ചാലിയാർ പുഴ ഒഴുകുന്ന ഉൾവനത്തിലൂടെ കിലോമീറ്ററുകളോളം ദൂരത്തിലാണ് ഇന്നലെയും തിരച്ചിൽ നടത്തിയത്. കിലോമീറ്ററുകളോളം ദൂരം കാൽനടയായി മൃതദേഹം ചുമലിൽ ഏറ്റിയാണ് പുഴയുടെ മറുകരയിൽ എത്തിക്കുന്നത്. വരുംദിവസങ്ങളിലും തിരച്ചിൽ തുടരുമെന്ന് രക്ഷാ പ്രവർത്തകർ അറിയിച്ചു.

സൂചിപ്പാറ വെള്ളച്ചാട്ടത്തിന് താഴെവരെ തിരച്ചിൽ നടത്തും. വയനാട്ടിൽ സൂചിപ്പാറ വെള്ളച്ചാട്ടംവരെ തിരച്ചിൽ നടത്തുന്നതിന് വയനാട്ടിലെ സംഘങ്ങൾക്കും നിർദേശമുണ്ട്.



നിലമ്പൂർ മുണ്ടേരി തരിപ്പപൊട്ടിയിൽ ചാലിയാറിലൂടെ നാവികസേന ഹെലികോപ്റ്ററിൽ നിരീക്ഷണം നടത്തുന്നു — **സഊദ് അൻവർ**

## മുഴുവൻ മൃതദേഹങ്ങളും ശരീര ഭാഗങ്ങളും കണ്ടെത്തും വരെ തിരച്ചിൽ തുടരും

### മന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു



മന്ത്രി പി.പ്രസാദിന്റെ നേതൃത്വത്തിൽ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ നടന്ന ഉന്നതതല യോഗം

നിലമ്പൂർ: ഉരുൾ പൊട്ടലിനെ തുടർന്ന് ചാലിയാറിലൂടെ ഒഴുകിയെത്തിയ മുഴുവൻ മൃതദേഹങ്ങളും ശരീര ഭാഗങ്ങളും കണ്ടെത്തുന്നത്വരെ തിരച്ചിൽ തുടരുമെന്ന് മന്ത്രി പി.പ്രസാദ്. നിലമ്പൂരിൽ നടന്ന ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ചാലിയാർ പുഴയിലും തീരപ്രദേശങ്ങളിലും എത്തിയ മുഴുവൻ മൃതദേഹങ്ങളും ശരീര ഭാഗങ്ങളും കണ്ടെത്തുന്നതുവരെ തിരച്ചിൽ തുടരും. ഹെലികോപ്റ്റർ, മണ്ണിനടിയിൽ തിരച്ചിൽ നടത്താനുള്ള ആധുനിക യന്ത്രസൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമാക്കും. ആവശ്യമായ ഭാഗങ്ങളിൽ ഡോഗ് സ്ക്വാഡും പരിശോധന നടത്തും. ഉരുൾപൊട്ടൽ മേഖലയോട് ചേർന്ന ഭാഗം മുതൽ ചാലിയാറിന്റെ അവസാനഭാഗം വരെ തിരച്ചിൽ നടത്തും. മണ്ണിൽ മൃതദേഹങ്ങൾ അകപ്പെട്ടിട്ടുണ്ടോയെന്നും പരിശോധിക്കും. പാലങ്ങളിലും റഗുലേറ്റർ കം ബ്രിഡ്ജുകളിലും അടിഞ്ഞ മരങ്ങൾ മാറ്റി തിരച്ചിൽ നടത്തും. നിലമ്പൂർ ജില്ലാ ആശുപത്രിയിലാണ് യോഗം വിളിച്ചു ചേർന്നത്. പി.വി അൻവർ എം. എൽ. എ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഇസ്മായീൽ മൂത്തേടം, നഗരസഭാ ചെയർമാൻ മാട്ടുമ്മൽ സലീം, കലക്ടർ വി. ആർ അനിൽ, ജില്ലാ പഞ്ചായത്ത് അംഗം വി.എ കരീം, അസിസ്റ്റന്റ് കലക്ടർ, ഡി. എം. ഒ ഡോ. ആർ രേണുക, ആശുപത്രി സൂപ്രണ്ട് ഡോ. ഷിനാസ് ബാബു, ഡി.എഫ്.ഒ കാർത്തിക്, റീജിയണൽ ഫയർ ഓഫീസർ, എച്ച്. എം.സി അംഗങ്ങൾ, ആരോഗ്യ വിഭാഗം, പൊലീസ്, ഫയർ സേന പ്രതിനിധികൾ പങ്കെടുത്തു.

## തീരങ്ങളിൽ പുതഞ്ഞ മൃതദേഹങ്ങൾ കണ്ടെത്താൻ കടാവർ നായയും

എടക്കര: മുണ്ടക്കൈ ഉരുൾപൊട്ടലിൽ ചാലിയാറിലൂടെ ഒഴുകിയെത്തി മണ്ണിനടിയിൽ പുതഞ്ഞ മൃതദേഹങ്ങൾ കണ്ടെത്താൻ കടാവർ നായയും. ഇടുക്കിയിൽ നിന്നുമാണ് എയ്ഞ്ചൽ എന്ന കടാവർ നായയെ വെള്ളിയാഴ്ച്ച ഇരുട്ടുകുത്തിയിലെത്തിച്ചത്. മണ്ണിനടിയിൽ പുതഞ്ഞ മൃതദേഹങ്ങൾ മണത്ത് കണ്ടെത്താൻ പ്രത്യേക പരിശീലനം നേടിയ കേരളത്തിലെ നായകളിലൊന്നാണ് എയ്ഞ്ചൽ. രാവിലെ ഏഴ് മണിയോടെയാണ് എയ്ഞ്ചലുമായി നാലംഗ പൊലീസ് സംഘം ഇരുട്ടുകുത്തിയിലെത്തിയത്. തുടർന്ന് ചാലിയാറിന്റെ ഇരുട്ടുകുത്തി മുതൽ മാളകം വരെയുള്ള തീരങ്ങളിൽ സംഘം നായയുമായി പരിശോധന നടത്തി. വൈകുന്നേരം വരെ പരിശോധന തുടർന്നെങ്കിലും ഒന്നും കണ്ടെത്താൻ എയ്ഞ്ചലിനായില്ല. 2022-ൽ തൊടുപുഴ കൊടയത്തൂരിലുണ്ടായ ഉരുൾപൊട്ടൽ ദുരന്തത്തിൽ മണ്ണിനടിയിൽപെട്ട രണ്ട് മൃതദേഹങ്ങൾ കണ്ടെത്തിയത് എയ്ഞ്ചലായിരുന്നു. ടിജോ, ടി[illegible]



എയ്ഞ്ചൽ എന്ന കടാവർ നായയുമായി പൊലീസ് സംഘം ഇരുട്ടുകുത്തിയിൽ പരിശോധന നടത്തുന്നു

## സംയുക്ത സേന ഹെലികോപ്റ്ററിൽ തിരച്ചിൽ നടത്തി

എടക്കര: മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ ചാലിയാറിലൂടെ ഒഴുകിയെത്തിയ മൃതദേഹങ്ങൾക്കായി ചോപ്പറിലും (ഹെലികോപ്റ്റർ) തിരച്ചിൽ. വനം, പൊലീസ്, തണ്ടർബോൾട്ട് സംഘം സംയുക്തമായി ഇന്ത്യൻ വ്യോമസേനയുടെ ഹെലികോപ്റ്ററിലാണ് വെള്ളിയാഴ്ച തിരച്ചിൽ നടത്തിയത്. അരാണിപ്പുഴ മുതൽ ബാലൻതണ്ട് വരെയുള്ള ഭാഗങ്ങളിൽ തിരച്ചിൽ നടത്തിയെങ്കിലും ഒന്നും തന്നെ കണ്ടെത്താനായില്ല. രക്ഷാ പ്രവർത്തകർക്ക് നടന്നെത്താൻ കഴിയാത്ത ദുർഘട വനമേഖലയാണിത്. വയനാട് വാടേരി ഫോറസ്റ്റ് സെക്ഷനിൽ നിന്നും താഴേക്കു പരിശോധന നടത്തി വരുന്ന സംഘത്തെയും കണ്ടുമുട്ടി. സംഘത്തിൽ രണ്ടു പൊലീസ് ഇൻസ്പെക്ടർമാരും രണ്ടു ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരും എട്ടു തണ്ടർബോൾട്ട് സേനാംഗങ്ങളുമാണുണ്ടായിരുന്നത്. വിശദമായ പരിശോധനയാണ് വയനാട് നിന്നുള്ള സംഘങ്ങൾ ഈ മേഖലയിൽ നടത്തുന്നത്. അതിനാൽ മുണ്ടേരിയിൽ നിന്നും പോയ സംഘം വൈകുന്നേരത്തോടെ മടങ്ങി. നേവയുടേതിന് പുറമെ പൊലീസ് സേനയുടെ ചോപ്പറും വെള്ളിയാഴ്ച തിരച്ചിലിനായി മുണ്ടേരിയിൽ എത്തിയിരുന്നു.



വയനാട് മുണ്ടക്കൈയിലും ചൂരൽമലയിലും ഉരുൾപൊട്ടലിൽ മരിച്ചവരുടെ മൃതദേഹങ്ങൾ വാണിയംപുഴയിൽ ചങ്ങാടത്തിലൂടെ മറുകരയിൽ എത്തിക്കുന്നു.



ചാലിയാർ പുഴയിലൂടെ ഒഴുകിവന്ന പശുവിന്റെ ജഡവും കൊമ്പും തരിപ്പപൊട്ടി ഭാഗത്ത് അടിഞ്ഞു കൂടിയപ്പോൾ

## ആക്കോട് നിന്നും ശരീര ഭാഗങ്ങൾ കണ്ടെടുത്തു

കൊണ്ടോട്ടി: വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ചാലിയാറിൽ വാഴക്കാട്, വാഴയൂർ പ്രദേശങ്ങളിൽ തിരച്ചിൽ ഊർജിതമാക്കി. ഇന്നലെ വാഴക്കാട് ആക്കോട് ഭാഗത്ത് നിന്ന് പൂർണമായും അളിഞ്ഞ നിലയിൽ ശരീരഭാഗങ്ങൾ കണ്ടെത്തി. കഴിഞ്ഞ ദിവസം ഒരു കുട്ടിയുടെ മൃതദേഹം ലഭിച്ചിരുന്നു. പൊലീസ്, ട്രോമാകെയർ, ടി.ഡി.ആർ.എഫ്, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിലാണ് ബോട്ട്, തോണി എന്നിവയുടെ സഹായത്തിൽ പരിശോധന നടക്കുന്നത്. വാഴയൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി.കെ. വാസുദേവൻ മാസ്റ്റർ, പഞ്ചായത്ത് മെമ്പർ അനിൽകുമാർ കൊണ്ടോട്ടി ഡിവൈ.എസ്.പി പി.ഷിബു, വാഴക്കാട് ഇൻസ്പെക്ടർ രാജൻ ബാബു, സി.പി.ഒമാരായ എൻ.കെ. പ്രവീൺ, ബഷീർ, മുസ്തഫ പരിശോധനക്ക് നേതൃത്വം നൽകുന്നു.



വയനാട് മുണ്ടകൈയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ ചാലിയാർ പുഴയിലൂടെ ഒഴുകിവന്ന മൃതദേഹത്തിന് വേണ്ടി വാണിയപ്പുഴയിൽ തിരച്ചിൽ നടത്തുന്നവർ

## വൈറ്റ്ഗാർഡ് ഇന്ന് ഊർജ്ജിത തിരച്ചിൽ നടത്തും

നിലമ്പൂർ: വയനാട് മേപ്പാടി മുണ്ടക്കൈ ഉരുൾ പൊട്ടലിനെ തുടർന്ന് ഇനിയും കണ്ടെത്താനുള്ളവർക്ക് വേണ്ടി ഇന്ന് വൈറ്റ്ഗാർഡ് ഊർജ്ജിത തിരച്ചിൽ നടത്തുമെന്ന് ജില്ലാ യൂത്ത് ലീഗ് പ്രസിഡന്റ് ശരീഫ് കുറ്റൂരും ജനറൽ സെക്രട്ടറി മുസ്തഫ അബ്ദുൽ ലത്തീഫും പറഞ്ഞു. ദുരന്തം നടന്നതിന് ശേഷം കഴിഞ്ഞ എല്ലാ ദിവസങ്ങളിലും വൈറ്റ്ഗാർഡ് ചാലിയാറിന്റെ തീരങ്ങളിൽ വ്യാപക തിരച്ചിൽ നടത്തിയിരുന്നു. ഇതിൽ ഒട്ടനവധി മൃതദേഹങ്ങളും ശരീര ഭാഗങ്ങൾ അടക്കം ലഭിക്കുകയും ചെയ്തിരുന്നു. ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വൈറ്റ്ഗാർഡ് പ്രവർത്തകർ ഇന്ന് പോത്തുകല്ല് പനങ്കയം പാലം മുതൽ തിരച്ചിൽ നടത്തും. രാവിലെ എട്ട് മണി മുതലാണ് തിരച്ചിൽ ആരംഭിക്കുക. കഴിഞ്ഞ ദിവസങ്ങളിൽ നൂറുകണക്കിന് വൈറ്റ് ഗാർഡ് അംഗങ്ങളാണ് തിരച്ചിലിൽ ഏർപ്പെട്ടിരുന്നത്. മൃതശരീരങ്ങൾ അനന്തര നടപടിക്ക് വേണ്ടി എത്തിക്കുന്ന നിലമ്പൂർ ജില്ല ആശുപത്രി കേന്ദ്രീകരിച്ചും നൂറിലേറെ വൈറ്റ് ഗാർഡ് അംഗങ്ങളാണ് സേവനം ചെയ്യുന്നത്. നിലമ്പൂർ സി.എച്ച് സെന്ററിൽ പ്രവർത്തിക്കുന്ന ജില്ലാ മുസ്‌ലിം യൂത്ത് ലീഗിന്റെ ക്യാമ്പ് ഓഫീസാണ് വൈറ്റ് ഗാർഡിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ക്യാമ്പ് ഓഫീസിൽ ഇന്നലെ നടന്ന വിവിധ കൂടിയാലോചനകളിൽ ജില്ലാ മുസ്‌ലിം ലീഗ് വൈസ്പ്രസിഡന്റും ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റുമായ ഇസ്മയിൽ മൂത്തേടം, മുസ്‌ലിംലീഗ് നിയോജക മണ്ഡലം പ്രസിഡന്റ് സി.എച്ച് ഇഖ്ബാൽ മാസ്റ്റർ, ജനറൽ സെക്രട്ടറി മച്ചിങ്ങൽ കുഞ്ഞു, പി.വി അലി മുബാറക്, യൂത്ത് ലീഗ് ജില്ലാ ഭാരവാഹികളായ ട്രഷറർ ബാവ വിസപ്പടി, സീനിയർ വൈസ് പ്രസിഡന്റ് ഗുലാം ഹസ്സൻ ആലംഗീർ, ഭാരവാഹികളായ ടി.പി ഹാരിസ്, നിസാജ് എടപ്പറ്റ, അഡ്വ. എൻ.എ കരീം, ലുക്മാൻ എടക്കര, യാസർ അറഫാത്ത്,ഇർഷാദ് കക്കോടൻ പങ്കെടുത്തു.



നിലമ്പൂർ സി.എച്ച് സെന്ററിൽ വൈറ്റ് ഗാർഡ് കൂടിയാലോചനാ യോഗത്തിൽ മുസ്‌ലിം ലീഗ്, യൂത്ത് ലീഗ് നേതാക്കൾ സംബന്ധിക്കുന്നു



വയനാട് മുണ്ടകൈയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ ചാലിയാർ പുഴയിലൂടെ ഒഴുകിവന്ന മൃതദേഹത്തിന് വേണ്ടിയുള്ള ഇന്നലത്തെ തിരച്ചിൽ അവസാനിപ്പിച്ച് മടങ്ങുന്ന രക്ഷാപ്രവർത്തകർ

## ദുരന്ത മുഖത്ത് പുല്ലഞ്ചേരിയും, വെള്ളം നിറഞ്ഞ് ക്വാറികൾ

മഞ്ചേരി: തലക്ക് മുകളിൽ ജലബോംബുമായി പുല്ലഞ്ചേരിക്കാർ. പുല്ലഞ്ചേരിയിലും പരിസരത്തും പ്രവർത്തിക്കുന്ന ക്വാറികൾ നാടിന്റെ ഭീഷണിയായി മാറുന്നു. ക്വാറികളിൽ വലിയ തോതിൽ വെള്ളം കെട്ടി നിൽക്കുന്നതാണ് വലിയ ദുരന്തത്തിലേക്ക് നയിക്കുമോയെന്ന് ആശങ്കപ്പെടുത്തുന്നത്. നാട്ടുകാർ പ്രതിഷേധം ഉയർത്തിയിട്ടും റവന്യൂ, പൊലീസ്, ജിയോളജി വകുപ്പുകൾ അനങ്ങിയിട്ടില്ല. നിരവധി ക്വാറികളുള്ള പല്ലഞ്ചേരി ദുരന്തമുഖത്താണുള്ളതെന്ന് നാട്ടുകാർ പറയുന്നു. പുഴങ്കാവ് പ്രദേശത്തിന്റെ ഉയർന്ന ഭാഗം ചെങ്കല്ല് ക്വാറികൾ കൊണ്ട് നിറഞ്ഞിരിക്കുകയാണ്. വളരെ ഉയരത്തിൽ കിടക്കുന്ന ക്വാറികളിൽ വെള്ളം നിറയുകയും ഈ വെള്ളം വലിയ പമ്പുസെറ്റുകൾ ഉപയോഗിച്ച് പമ്പ് ചെയ്ത് പുറത്തേക്ക് ഒഴുക്കുകയുമാണ് ചെയ്യുന്നത്. ഇതോടെ വെള്ളം ഒഴുകിപോകുന്ന സ്ഥലങ്ങളിൽ മണ്ണിടിച്ചിലും ഉണ്ടാകുന്നുണ്ട്. ക്വാറികൾക്കു താഴെ താഴ്‌വരയിൽ 120ൽ അധികം വീടുകളുണ്ട്. 30 ഓളം കുട്ടികൾ പഠിക്കുന്ന അംഗൻവാടിയും നൂറിൽപരം കുട്ടികൾ പഠിക്കുന്ന മദ്രസയും ജുമുഅത്ത് പള്ളിയും ക്വാറിയുടെ താഴ്ഭാഗത്താണുള്ളത്. കുത്തനെയുള്ള പ്രദേശമായതിനാൽ ക്വാറി തകർന്നാൽ താഴെയുള്ള പ്രദേശം മുഴുവൻ വെള്ളത്തിനടിയിലാകും. കടലുണ്ടിപ്പുഴയുടെ 200 മീറ്റർ സമീപത്ത് കിടക്കുന്ന ഈ മലപ്രദേശത്തിനടുത്ത് ഏതാണ്ട് ഒന്നര കിലോമീറ്റർ അടുത്താണ് പയ്യനാട് വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്നത്. പുല്ലഞ്ചേരി ഗ്രാനൈറ്റ് ഇൻഡസ്ട്രീസ് കരിങ്കൽ ക്വാറിയുടെ സ്ഥിതിയും ഇതുപോലതന്നെയാണെന്ന് നാട്ടുകാർ പറഞ്ഞു. അതിന്റെയും താഴ്‌വരയിൽ നിരവധി വീടുകൾ ഉണ്ട്. പ്രദേശത്തെ ഏറ്റവും ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ ക്വാറിക്ക് എന്തെങ്കിലും സംഭവിച്ചാൽ ഒരു പ്രദേശം തന്നെ നാമാവശേഷമാകും. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തെ തുടർന്ന് മഞ്ചേരി തഹസിൽദാറടക്കമുള്ള റവന്യൂ ഉദ്യോഗസ്ഥർക്കും പൊലീസിലും പരാതി നൽകുവാൻ പുല്ലഞ്ചേരി ഗ്രാമ വികസന സമിതി തീരുമാനിച്ചിരിക്കുകയാണ്.



പുല്ലഞ്ചേരി കരിങ്കൽ ക്വാറിയിൽ വെള്ളം നിറഞ്ഞ നിലയിൽ




ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും എ.ഐ.സി.സി ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധിയും ഉരുൾപൊട്ടൽ ഉണ്ടായ മേപ്പാടി മുണ്ടക്കൈ പ്രദേശം സന്ദർശിക്കുന്നു.

# മുണ്ടക്കൈ പള്ളിയിൽ ജുമുഅ മുടങ്ങിയ ആദ്യ വെള്ളി

മുണ്ടക്കൈ: പള്ളി ഇമാം ശിഹാബ് ഫൈസിയുടെ ഖുതുബയോ കൂട്ടപ്രാർത്ഥനയോ ഇല്ലാതെ മുണ്ടക്കൈ ജുമാ മസ്ജിദ് ശോകമൂകമായി നിന്നു. ഓർമ്മകളും പാതിയിലധികവും തകർന്ന പള്ളിയും മഹാപ്രളയത്തിൽ രൂപം മാറിയ പള്ളിമുറ്റവും ആദ്യമായൊരു വെള്ളിയാഴ്ച ദിനത്തിൽ ജുമുഅ നിസ്കാരമില്ലാതെ കരഞ്ഞു.

ഉരുൾപൊട്ടലിന്റെ പ്രഭവകേന്ദ്രമായ പുഞ്ചിരിമട്ടത്തെ മലമുകളിൽ നിന്ന് ഇരുട്ടിലൂടെ ഊർന്നിറങ്ങിയ മലവെള്ളത്തിൽ ഈ നാടാകെ തകർന്നുപോയിരിക്കുന്നു. ആത്മീയതയും സേവനങ്ങളും കൊണ്ട് സദാ മുഖരിതമായിരുന്ന പള്ളിമുറ്റം ഇന്നലെ പ്രിയപ്പെട്ട നാട്ടുകാരും ഇമാമും ഒരു നാടാകെയും ഇല്ലാതായതിന്റെ നോവേറ്റു നിന്നു. നാടിനും നാട്ടുകാർക്കും ലോകത്തിനാകെയും വേണ്ടി മുണ്ടക്കൈ പള്ളിയിൽ നിന്ന് മുഴങ്ങിയ പ്രാർത്ഥനാ ഗീതങ്ങൾ ഇനിയെന്നും നാട്ടുകാരുടെ തൊണ്ടയിൽ ഇടറുന്ന ആമീൻ വിളികളാവും.



പ്രളയത്തിൽ പള്ളിയിലുണ്ടായ ഇമാം ചേരമ്പാടി മണ്ണാത്തിവയൽ സൂറത്ത് തോണിക്കടവൻ മുസ്തഫയുടെയും കുൽസുവിന്റെയും മകൻ ശിഹാബ് ഫൈസി മരണപ്പെട്ടിരുന്നു. തിങ്കളാഴ്ച അർധരാത്രി പൊട്ടിയൊലിച്ച പ്രളയത്തിൽ ഒരു ദേശമൊന്നാകെ ചിതറിത്തെറിച്ചപ്പോൾ അക്കൂട്ടത്തിൽപെടുകയായിരുന്നു ചേരമ്പാടിയിൽ നിന്നെത്തി മുണ്ടക്കൈക്കാരനായി മാറിയ ശിഹാബ് ഫൈസി. മുസല്ല വിരിക്കാൻ പാകമല്ലാത്ത പള്ളിയിൽ ഇന്നലെ ഉച്ചനേരം നോവിന്റെ മഴ പെയ്തു. എല്ലാത്തിനും സാക്ഷിയായി പച്ചച്ചായം തേച്ച പാതിയടർന്ന പള്ളിയിലെ ഇരട്ടമിനാരങ്ങൾ മാത്രം ബാക്കിയായി.



ചൂരൽമലയിലെ ഉരുൾപൊട്ടലിൽ മരിച്ചയാളുടെ മൃതദേഹം മേപ്പാടി ശ്മശാനത്തിൽ ദഹിപ്പിക്കുന്നു

# ലോകം നെഞ്ചേറ്റുന്നു ഈ അമ്മ മനസുകളെ

സ്വന്തം ലേഖിക
കണ്ണൂർ

കരളലിയിക്കുന്ന കാഴ്ചകൾക്കിടയിൽ ലോകം ഉറ്റുനോക്കുന്ന ചില കാഴ്ചകളുണ്ട്. ചേർത്തുനിർത്തലിന്റെ കേരളീയ മനസിന്റെ കാരുണ്യത്തിന്റെ ഉറവയോടൊപ്പം സ്നേഹത്തിന്റെ ജീവതുള്ളികൾ. വറ്റാത്ത മനുഷ്യത്വത്തിന്റെ പച്ചയായ മുഖം വീണ്ടും തെളിഞ്ഞുകൊണ്ടിരിക്കെ കേരളത്തിലെ അമ്മ മനസുകളാണ് വയനാട് ദുരന്ത പശ്ചാത്തലത്തിൽ ശ്രദ്ധ നേടുന്നത്. സഹജീവി സ്നേഹത്തിന്റെ, അപാരമായ ചേർത്തുപിടിക്കലിന്റെ നിമിഷങ്ങൾക്കിടയിൽ മാതൃസ്നേഹത്തിന്റെ മഹത്തായ സേവന സന്നദ്ധതയ്ക്ക് കൈയടിക്കുകയാണ് ലോകമാകെ.. സമൂഹമാധ്യമങ്ങളിലൂടെ.

വയനാട്ടിലെ ദുരന്തഭൂമിയിൽ പെറ്റമ്മയെ നഷ്ടപ്പെട്ട കുട്ടികൾക്ക് മുലപ്പാൽ നൽകാൻ തന്റെ ഭാര്യ തയാറാണെന്ന് ആദ്യം വാട്സാപ്പിൽ കുറിപ്പിട്ടത് പൊതുപ്രവർത്തകനായ സജിൻ പരീക്കരയാണ്. തുടർന്ന് ഇടുക്കി ഉപ്പുതുറയിൽ നിന്ന് ഭാര്യ ഭാവനയ്ക്കും രണ്ട് മക്കൾക്കുമൊപ്പം വയനാട്ടിലേക്ക് തിരിക്കുകയായിരുന്നു അവർ. സന്നദ്ധ പ്രവർത്തകരിലൂടെ വാട്സാപ്പിൽ സന്ദേശം പ്രത്യക്ഷപ്പെട്ടത് മുതൽ അഭിനന്ദന പ്രവാഹമായിരുന്നു ഇരുവർക്കും. 'സമൂഹ മാധ്യമങ്ങളിൽ മലയാളി കുറിച്ചു...ചേർത്തു പിടിക്കലിന്റെ ഇത്തരം മനുഷ്യരുള്ളിടത്തോളം കാലം നമ്മുടെ നാട് എവിടെയും തോൽക്കില്ലെന്ന്'. തൊട്ടുപിന്നാലെയെത്തി ഇങ്ങിലെ പല അമ്മമാർ.. കേരളത്തിലെ പല ഭാഗങ്ങളിൽ നിന്ന്. മാനന്തവാടി ചെറ്റപ്പാലം സ്വദേശി ശബീർ അലിയുമെത്തി തന്റെ ഭാര്യ ഷാനിബയും അമ്മമാർ നഷ്ടപ്പെട്ട കുഞ്ഞുങ്ങൾക്ക് മുലയൂട്ടാൻ സന്നദ്ധയാണെന്ന് അറിയിച്ച് പിന്നെ പൊലീസ് ഉദ്യോഗസ്ഥയുമെത്തി മുലയൂട്ടലിന് സന്നദ്ധത അറിയിച്ചു. കേരള ആംഡ് പൊലീസ് ഒന്നാം ബറ്റാലിയനിലെ രശ്മിയാണ് മാതൃസ്നേഹത്തിന്റെ തെളിനീരുമായി എത്തിയ ഉദ്യോഗസ്ഥ. 'ആറുമാസത്തിൽ താഴെ പ്രായം ഉള്ള കുഞ്ഞിനെ അമ്മയില്ലാതെ വയനാട്ടിൽ നിന്നും കിട്ടിയാൽ എന്റെ ലീവ് തീരും വരെ ഞാൻ നോക്കിക്കൊള്ളാം' എന്നാണ് പ്രസവാവധിയിൽ കഴിയുന്ന രശ്മിയുടെ വാക്കുകൾ.

അന്നമായും ധനമായും എത്തുന്ന സഹായത്തിനൊപ്പം വേർതിരിക്കാനാകാത്തതാണ് ഈ അമ്മ മനസുകളിൽ നിന്നുയിർകൊണ്ട വാത്സല്യം. മാതൃസ്നേഹം കൊണ്ട് പ്രകൃതിയെ തന്നെ തോൽപ്പിക്കുകയാണിവർ. ലോകത്തെ നടുക്കിയ പ്രളയത്തെ തോൽപ്പിക്കുന്ന ഈ ചേർത്തുവെപ്പിനിടയിലും അവയെ തകർക്കാനുള്ള കമന്റുകളും പ്രത്യക്ഷപ്പെടുന്നുണ്ട്. എന്നാൽ അത്തരം കമന്റുകളൊന്നും തന്നെ വിലപോകില്ലെന്ന് തെളിയിക്കുകയാണ് മാലാഖമാരും ദുരന്തബാധിതർക്കൊപ്പം ചേരുന്ന മഹാ സ്നേഹത്തിന് മുന്നിൽ.



വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതർക്ക് മുസ്‌ലിം യൂത്ത് ലീഗ് വൈറ്റ് ഗാർഡിന്റെ മെഡിക്കൽ കിറ്റ് പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ മോപ്പാടി ഗവ. ഹോസ്പിറ്റൽ സ്റ്റോർ ഓഫീസർക്ക് കൈമാറുന്നു.

# ദുരന്ത മുഖത്ത് സാന്ത്വനമായി യൂത്ത്‌ലീഗ്

മേപ്പാടി: നൂറുകണക്കിന് പേരുടെ മരണത്തിന് കാരണമായ മുണ്ടക്കൈ ഉരുൾപൊട്ടലിൽ പരിക്കേറ്റവർക്ക് മുസ്‌ലിം യൂത്ത് ലീഗ് സമർപ്പിക്കുന്ന മെഡിക്കൽ കിറ്റ് അധികൃതർക്ക് കൈമാറി. സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളുടെ നേതൃത്വത്തിൽ യൂത്ത് ലീഗ് ഭാരവാഹികൾ മേപ്പാടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ സ്റ്റോർ ഓഫീസർക്ക് മെഡിക്കൽ കിറ്റ് കൈമാറി.

വയനാട് ജില്ലാ മെഡിക്കൽ ഓഫീസറുടെ അഭ്യർത്ഥനപ്രകാരമാണ് യൂത്ത് ലീഗ് ഡോക്ടർമാർ നിർദ്ദേശിച്ച മരുന്നുകളടങ്ങിയ കിറ്റ് കൈമാറിയത്. ജീവൻ രക്ഷാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സന്നദ്ധപ്രവർത്തകർക്കുള്ള മെഡിക്കൽ കിറ്റും കഴിഞ്ഞ ദിവസം യൂത്ത് ലീഗ് കൈമാറിയിരുന്നു. സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ ഫിറോസ്, ട്രഷറർ പി. ഇസ്മായിൽ, ഫൈസൽ ബാഫഖി തങ്ങൾ, ടി.പി.എം ജിഷാൻ, പി.വി അഹമ്മദ് സാജു, എം.പി.നവാസ്, സി.എച്ച് ഫസൽ തുടങ്ങിയവർ സംബന്ധിച്ചു.



ചൂരൽമലയിലെ ഉരുൾപൊട്ടലിൽ കണ്ടെത്തിയ മൃതദേഹങ്ങളിൽ തങ്ങളുടെ ബന്ധുക്കളുണ്ടോയെന്ന് അന്വേഷിക്കുന്നതിനായി മൃതദേഹങ്ങൾ എത്തിച്ച മേപ്പാടി ഹെൽത്ത് സെന്ററിലെ സന്നദ്ധപ്രവർത്തകർക്ക് മൊബൈൽ ഫോണിൽ ബന്ധുക്കളുടെ ചിത്രങ്ങൾ കാണിക്കുന്നവർ.

# ദിക്റ് ചൊല്ലി മരണത്തെ കണ്ട് കണ്ണടച്ച്...

കെ.എസ് മുസ്തഫ
കൽപ്പറ്റ

കുത്തിയൊലിച്ച് വരുന്ന പാറക്കൂട്ടങ്ങളെയും വൻമരങ്ങളെയും കണ്ട മാത്രയിൽ മൈമൂന റബ്ബിനെ വിളിച്ചു. വീടിന് മുന്നിലെ അമ്മാവന്റെ മകൾ ഉമ്മുസൽമയുടെ കുഞ്ഞിപ്പൈതങ്ങളുറങ്ങുന്ന വീട്ടിൽ നിന്ന് അന്നേരം തൊണ്ടപൊട്ടുന്ന കരച്ചിലുയർന്നു. അർധരാത്രി ഒരു മണിക്കായിരുന്നു അത്. കനത്ത മഴയും വൈദ്യുതിയൊഴിഞ്ഞ ഇരുട്ടും കരളിലെ തീയും മൈമൂനയിൽ തേങ്ങലായി പടർന്നു. മുറ്റത്തും ഇടവഴികളിലും ചളിനിറഞ്ഞ വെള്ളം അരയാൾപ്പൊക്കം ഉയർന്നതോടെ അവർ മരണം മുഖാമുഖം കണ്ടു. അവസാന പിടിവള്ളിക്കായി വീടിന്റെ മുകൾ നിലയിലേക്ക് കയറി. കോഴിക്കോട്ടായിരുന്ന മകൻ ശിഹാബിനെ അവസാനമൊന്നു വിളിച്ചു.

നാല് മണിയോടെ വീണ്ടുമൊരു ശബ്ദം കേട്ടു. മല പൊട്ടിയൊലിക്കുന്ന ഹുങ്കാരം ചെവിയാകെ നിറഞ്ഞു. ഇനിയൊന്നും ചെയ്യാനില്ല. മരണത്തെ മുന്നിൽ കണ്ട് മൈമൂന കണ്ണടച്ചു. കൂടെ ഭർത്താവ് അബ്ദുൽ അസീസും, മകൾ സൗദയും ഭർത്താവിന്റെ സഹോദരി ആയിഷയുമുണ്ടായിരുന്നു. നിമിഷങ്ങൾക്കകം ഉരുൾപൊട്ടി. തങ്ങളുടെ വീടിനെ തൊട്ടുരുമ്മി, താഴെയുള്ള വീടുകളെയാകെ നക്കിത്തുടച്ച് വെള്ളം കുത്തിയൊലിച്ചിറങ്ങിപ്പോയി.

മിനിറ്റുകൾക്ക് ശേഷം മൈമൂന കണ്ണുതുറന്നു. മുന്നിലാകെ നിറഞ്ഞ വൻമരങ്ങളും പാറക്കൂട്ടങ്ങളും മങ്ങിയ വെളിച്ചത്തിൽ അവർ കണ്ടു. നേരം വെളുത്ത് രക്ഷാപ്രവർത്തകർ കയറുമായി വന്ന് കരക്കെത്തുംവരെ അവരാ നിൽപ് നിന്നു. രക്ഷാപ്രവർത്തകരുടെ കൈപിടിച്ച് ക്യാമ്പിലേക്ക് നടക്കുന്നതിനിടെ മരിച്ചവരുടെ ദേഹങ്ങൾ മുന്നിലൂടെ ഒഴുകി വരുന്നത് പാതിവെളിച്ചത്തിൽ കണ്ണീരോടെ കണ്ട് നിൽക്കേണ്ടിവന്നു. ചൂരൽമലയിലെ തൊഴിലുറപ്പ് തൊഴിലാളിയായ മൈമൂനയുടെ കുടുംബത്തിലെ നിരവധി പേരാണ് ദുരന്തത്തിൽ മണ്ണിനടിയിലായത്. അമ്മാവന്റെ മകൾ ഉമ്മുസൽമ, അവരുടെ ഭർത്താവ് യൂസുഫ്, മക്കളായ മുനീർ, സമീർ, മരുമക്കളായ ശഹാന, റുക്സാന, അവരുടെ നാല് മക്കൾ, ഉമ്മുസൽമയുടെ സഹോദരി സൈനബ, ബന്ധു സത്താർ അവരുടെ മൂന്ന് മക്കൾ തുടങ്ങിയവരെല്ലാം മരണപ്പെട്ടു. എല്ലാ വിശേഷങ്ങളിലും കൂടെയുണ്ടായിരുന്ന അയൽപക്കങ്ങളിലെ വേറെയും നിരവധി പേർ.



മൈമൂന കൽപ്പറ്റ എസ്.ഡി.എൽ.പി സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിൽ

ഒരു പേടിസ്വപ്നത്തിലെന്ന പോലെ എല്ലാം കഴിഞ്ഞ്, കൽപ്പറ്റ എസ്.ഡി.എൽ.പി സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിൽ കഴിയുമ്പോഴും മൈമൂനയുടെ കണ്ണീർ തോർന്നിട്ടില്ല. ഇനിയതെന്നെങ്കിലും തോരുമോ? അവർക്കറിയില്ല.